


**പിണറായി വിജയൻ**
മുഖ്യമന്ത്രി

**കേരള സർക്കാർ**


സെക്രട്ടേറിയേറ്റ്,
തിരുവനന്തപുരം-695 001
നം. 1021/പ്രസ്/സി.എം.ഒ/2017
ആഗസ്റ്റ് 21, 2017

# സന്ദേശം

തിരുവനനന്തപുരം സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ന്യൂസ്‌ലെററായ 'സീൻലെറ്റ്' ഓണം വിശേഷാൽപ്പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും സർഗ്ഗാത്മക രചനകളാലും അനുഭവക്കുറിപ്പുകളാലും സമ്പന്നമാകും ന്യൂസ്‌ലെറ്റർ എന്നു പ്രതീക്ഷിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

ടെലിഫോൺ: 0471 2333241, 2333812; ഫാക്സ്: 0471 2333489
ഇമെയിൽ: chiefminister@kerala.gov.in വെബ്സൈറ്റ്: www.keralacm.gov.in



കേരള സർക്കാർ

## കടകംപള്ളി സുരേന്ദ്രൻ

സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി

നം. 2966/2017/Min(Coop,TSM&Dev)

ആഗസ്റ്റ് 26, 2017

# സന്ദേശം

സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ന്യൂസ്‌ലെറ്ററായ 'സീൻലെറ്റ്' എല്ലാവർഷവും പ്രസിദ്ധീകരിക്കാറുള്ള ഓണം വിശേഷാൽപ്പതിപ്പ് ഏറെ പുതുമകളോടെ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം രേഖപ്പെടുത്തട്ടെ. 27 വർഷം പിന്നിടുന്ന സി-ഡിറ്റ് ശാസ്ത്ര -കമ്മ്യൂണിക്കേഷൻ-വിവരസാങ്കേതികരംഗത്ത് സംസ്ഥാന സർക്കാരിന്റെ സമഗ്രനേട്ടങ്ങളുടെ നേർസാക്ഷ്യമായി മാറ്റിയെടുത്തതിൽ എംപ്ലോയീസ് അസോസിയേഷന്റെ പങ്ക് അഭിനന്ദനാർഹമാണ്. ലളിതവും സാമാന്യജനത്തിന് ഉപകാരപ്രദവുമായ സാങ്കേതികവിദ്യകൾ കൂടുതൽ മേഖലകളിൽ ഫലപ്രദമായി ഉപയോഗിക്കാൻ സി-ഡിറ്റിന് ആവട്ടെ. സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഓണം വിശേഷാൽപ്പതിപ്പിന് എല്ലാവിധ ആശംസകളും നേരുന്നു.

**കടകംപള്ളി സുരേന്ദ്രൻ**

ടെലിഫോൺ: 0471 2336605, 2337560 മൊബ്: +91 94470 48543, 9447917700
ഇമെയിൽ: kadakampallysurendran99@gmail.com

# CONTENT

**CEAN-LET**
Editorial Board

*ചീഫ് എഡിറ്റർ*
**ബി. സതീശൻ**

*കൺവീനർ*
**അജീഷ് എം.ആർ**

ജിബി പി. എബ്രഹാം
പ്രശാന്ത് വി.
പ്രദീപ് കുമാർ ആർ.
ഗോപീകൃഷ്ണൻ എ.ആർ.
സാജൻ അമ്പാടിയിൽ
രഞ്ജിത്ത് കുമാർ
അജയ് വിജയ്
ഷജിത്ത് ആർ.ബി.
രഞ്ജിത് കുമാർ ആർ
തമ്പി എ.ആർ

CEAN-LET Thanks
2017-ലെ ഓണം വിശേഷാൽപ്പതിപ്പിലേക്ക് കലാ-സാഹിത്യസൃഷ്ടികൾ നൽകിയ സി-ഡിറ്റ് ജീവനക്കാർ, വിദ്യാർത്ഥികൾ, സുഹൃത്തുക്കൾ ഇതിനോടൊപ്പം പ്രവർത്തിച്ച സഹപ്രവർത്തകർ, പരസ്യങ്ങൾ നൽകിയ സ്ഥാപനങ്ങൾ എന്നിവർക്ക്.

*Cover Painting*
Shajith R.B.

*Layout Supervision*
Godfrey Das

*Cartoons*
Jishnu P. Raj

*Layout*
Prasanth V.
Pradeep Kumar R.
Anand Godfrey
Sreelekha C.S.

*Typeset*
Hridayam Graphics

*Printed at*
Akshara Offset, TVM

*Printed and Published by*
B. Satheesan
General Secretary, CEA for Private circulation only

20 **പ്രൊഫ. യശ്പാൽ, പി.എം. ഭാർഗവ, കെ.ആർ. മോഹനൻ**
ദാമോദർ പ്രസാദ്

08 **പി ജി അനുസ്മരണം**

11 **പറയാതെ**
പ്രഭാവർമ്മ

13 **Demonetisation and Cashless Economy in India**
V. Nagarajan Naidu

24 **കച്ചവടസിനിമയുടെ സെല്ലിങ് പോയിന്റ്**
പാർവതി ടി

26 **Mindfulness based Performance**
Senthil Kumar Madhavan

30 **വെള്ളിത്തിരയ്ക്കു പിന്നിലെ ഇരുണ്ട വർത്തമാനങ്ങൾ**
വിധു വിൻസെന്റ്

36 **ദേശീയത ഒരായുധം**
ബി. സതീശൻ

39 **Nationalism or Anti Nationalism...?**
B. Manoj

40 **ബീഫ് നിരോധനവും സംഘപരിവാറും**
റോജി മോൻ

42 **സ്വകാര്യത മൗലികാവകാശം**
ധന്യ ലാൽ

45 **മുറിവ്**
പ്രേംസുജ

46 **പശുവും മനുഷ്യരും കുറേ ചെന്നായ്ക്കളും**
കുമാർ ആർ.

50 **Invention**
Sajan Ambadiyil

# CONTENT


62 **Internet of Things (IoT)**
Lijith T.K.

56 **Drugs Drag You Down**
Muhammed Swaraj S.P.

56 **അമ്മ**
അമൃത ബി.

58 **ജീവിതം... സിനിമാ... മാജിക്ക്.**
രഞ്ജിത്ത് രാജ് ആർ.

59 **ബാല്യകാലം**
ഷാഹിദ് എ.

62 **Internet of Things (IoT)**
Lijith T.K.

87 **Implementing Free Software Technologies Completely at C-Dit**
Tanzeem M.B.

93 **വിറക് വെട്ടികളുടെ രോദനം**
കോമളൻ

96 **ഭൂമിയിലെ അവകാശികൾ**
ശരത്നാഥ് വി.

97 **ഓർമയിലോരോണം...**
ശരത്നാഥ് വി.

98 **മാറുന്ന മലയാള സിനിമ**
ബി. സതീശൻ

101 **What is FIFA U 17 World Cup?**
Mony P.G.

107 **ഓറഞ്ച് സർബത്ത്**
വിജിത ബി.

108 **പ്രിയസഖീ**
അശ്വതി എസ്.പി.

108 **വനജ്യോത്സന**
അശ്വതി എസ്.പി.

109 **ഓർമ്മപ്പൂക്കൾ**
അഞ്ചു അരവിന്ദ്

109 **ഓർമ്മപ്പെടുത്തൽ**
അഞ്ചു അരവിന്ദ്

110 **തേങ്ങലിൻ നൊമ്പരം**
അശ്വതി രഘു

111 **മഴ**
അശ്വതി രഘു

112 **കലകൾക്ക് പകരമാകുമോ സമൂഹസദ്യ**
ശാന്തിവിള പത്മകുമാർ

115 **പാമരൻ**



# ഒരു വർഷം പിന്നിടുമ്പോൾ

ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ രണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുന്നു. ആദ്യവർഷം കൊണ്ട് നിരവധി ക്ഷേമപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സർക്കാരിനു കഴിഞ്ഞു. ''ഇടതുപക്ഷം വരും എല്ലാം ശരിയാകും'' എന്ന സന്ദേശത്തിൽ കേരളജനതയ്ക്ക് ഉണ്ടായിരുന്ന പ്രതീക്ഷക്ക് ഒട്ടും മങ്ങലേൽപ്പിക്കാതെയാണ് ഒരു വർഷം പൂർത്തീകരിച്ചത്. പ്രധാനമായി എടുത്ത് പറയേണ്ടത് വർഷങ്ങളായി മുടങ്ങിക്കിടന്ന പെൻഷനുകൾ കുടിശ്ശികയടക്കം വയോധികരുടെ വീടുകളിൽ എത്തിച്ചു നൽകിയെന്നതാണ്. ബഹു. ധനമന്ത്രി ആദ്യ ബഡ്ജറ്റിലൂടെ നിരവധി ക്ഷേമപ്രവർത്തനങ്ങൾക്ക് നാളിതുവരെയില്ലാത്തവിധം തുക ഉൾപ്പെടുത്തി സർക്കാരിന്റെ ലക്ഷ്യബോധത്തെ ചൂണ്ടിക്കാട്ടിയിരുന്നു. കർഷകർക്ക് ഏറെ ആശ്വാസം നൽകുകയും കർഷക ആത്മഹത്യ ഇല്ലായ്മ ചെയ്യുവാനും സർക്കാരിനു കഴിഞ്ഞു. സാംസ്കാരിക കേന്ദ്രങ്ങൾക്ക് കൂടുതൽ തുക അനുവദിച്ചതിനാൽ സാംസ്കാരിക പ്രവർത്തകർക്ക് ഉണർവ്വുണ്ടായി. പൂട്ടലിന്റെ വക്കിലായിരുന്ന ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും ഒരു വർഷംകൊണ്ട് ലാഭത്തിലാകുന്ന സ്ഥിതി വന്നു. മിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലെയും ധൂർത്തും അഴിമതിയും നിയന്ത്രിച്ചതിനാലാണ് മികച്ച നേട്ടമുണ്ടാക്കാൻ കഴിഞ്ഞത്.

സാമൂഹിക നീതി ഉറപ്പാക്കുന്നതിനുവേണ്ടി ഏറെ ശ്രദ്ധ പതിപ്പിക്കുകയുണ്ടായി. പിന്നോക്കവിഭാഗങ്ങളുടെ ക്ഷേമത്തിനു കൂടുതൽ ഊന്നൽ നൽകിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ചുവന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അവർക്കാവശ്യമായ പാർപ്പിട പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്നതും വേറിട്ടു കാണേണ്ടതാണ്. ആധുനിക സാങ്കേതികവിദ്യയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് പ്രാപ്തരാകുന്ന പദ്ധതികളും കൂടുതൽ ശ്രദ്ധ നേടുകയുണ്ടായി. അടിമുടി അഴിമതിയിൽ മുങ്ങിപ്പോയിരുന്ന യു.ഡി.എഫ്. സർക്കാരിനെ പരാജയപ്പെടുത്തി വൻ ഭൂരിപക്ഷത്തിൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരിന്റെ മുഖ്യലക്ഷ്യം അഴിമതി തുടച്ചുനീക്കുക എന്നതാണ്.



ബി. സതീശൻ

സർക്കാർ-ഇതര സ്ഥാപനങ്ങളിലും നടക്കുന്ന അഴിമതി നിയമനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലയിൽ കൈക്കൂലി വാങ്ങിക്കുന്നവരിൽ ഭയം ഉളവാക്കുവാൻ സർക്കാരിന്റെ നിശ്ചയദാർഢ്യം കൊണ്ട്

കഴിഞ്ഞിട്ടുണ്ട്. അഴിമതി കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീക രിക്കുമെന്ന പ്രഖ്യാപനം ഒരുപരിധിവരെ അഴിമതി നിയന്ത്രിക്കുന്നതിനു കഴിഞ്ഞു. എൽ.ഡി.ഫിന്റെ പ്രകടനപത്രികയിൽ ഊന്നൽ നൽകിയതുപോലെ സ്ത്രീസുര ക്ഷയെ മുൻനിർത്തിയുള്ള കരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചത്. എത്ര ഉന്നതരായാലും സ്ത്രീപീഡനവുമായി ബന്ധപ്പെട്ടാൽ തുറുങ്കിലടക്കപ്പെടുമെന്ന സ്ഥിതി ആദ്യമായിട്ടാണ് കേരളത്തിലുണ്ടായത്. സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്ന സർക്കാരാണ് ഇന്നുള്ളതെന്ന ബോധം ഉറപ്പിക്കാൻ കഴിഞ്ഞു. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ ഒരുപരിധിവരെ സർ ക്കാരിന് കഴിഞ്ഞിട്ടുണ്ട്.

സർക്കാർ ഇതര സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള വേതനവ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് യഥാസമയം തയ്യാറായി. ശമ്പളപരിഷ്കരണങ്ങൾ മുടക്ക മില്ലാതെ നൽകുന്നതിന് മന്ത്രിസഭായോഗങ്ങൾ പ്രാധാന്യം നൽകി. അസംഘടിത മേഖലയിലും തൊഴിലാളികൾക്കുള്ള വേതനം വർദ്ധിപ്പിച്ചു. ആരോഗ്യമേഖലയിലെ നഴ്സുമാർക്ക് മിനിമം വേതനം നിശ്ചയിച്ചു നൽകുന്നതിനും സർക്കാർ തയ്യാറായി.

സംസ്ഥാനത്തെ ക്രമസമാധാനവും പോലീസ് ഭരണവും മെച്ചപ്പെടുത്തുവാൻ ഈ സർക്കാരിന് കഴിയുന്നുണ്ട്. വൻ സാമ്പത്തിക തട്ടിപ്പിലും അഴിമതിയിലുംപെട്ട് തകർന്നുപോയ ആർ.എസ്സ്.എസ്സും. ബി.ജെപിയും മുഖം മിനുക്കുവാനുള്ള പദ്ധതി യായി നാട്ടിലാകെ അക്രമം അഴിച്ചുവിടുന്നു. ഇതിനെ നേരിടുവാൻ ശക്തമായ പോലീസ് നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ജനകീയ പോലീസ് എന്ന കാഴ്ചപ്പാടിൽ പ്രവർത്തിച്ചുവരുന്ന സർക്കാരിനെ ക്രമസമാധാനത്തിന്റെ പേരിൽ മറ്റ് ഇടപെടലുകൾ നടത്തിക്കാനാണ് കോൺഗ്രസ്സ്, സംഘപരിവാർ സംഘടന കൾ ശ്രമിച്ചുവരുന്നത്.

യു.ഡി.എഫ്. സർക്കാർ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നിർത്തിവെച്ചിരു ന്നെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ നിയമന നിയന്ത്രണം എടു ത്തുകളഞ്ഞു. ഒരു വർഷത്തിനുള്ളിൽ ലക്ഷത്തിൽപ്പരം യുവാക്കൾക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു. ജാതി-മത ശക്തികളെ ഭരണത്തിന്റെ ഇടനാഴികളിൽനിന്നും മാറ്റിനിർത്തി മാതൃകാപരമായ ഭരണം നടത്തുവാൻ ഇടതുസർക്കാരിന് കഴിയുന്നു ണ്ട്. എല്ലാ മേഖലയിലും സർക്കാർ ഇടപെടലുകൾ നടത്തുകയും അഴിമതിരഹിത മായ ശക്തമായ ഭരണം ഉണ്ടെന്ന സന്ദേശം ജനങ്ങൾക്ക് നൽകുവാൻ സർക്കാരിന് ഒരു വർഷംകൊണ്ട് സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്.

ഇക്കാലയളവിൽ സി-ഡിറ്റിൽ കാതലായ മാറ്റങ്ങളാണ് ഉണ്ടായത്. ജീവന ക്കാരുടെ ശമ്പളവർദ്ധനവും അപാകത പരിഹരിക്കലും കീറാമുട്ടിയായി നീണ്ടു പോകുകയായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. മാനേജ്മെന്റ് സൃഷ്ടിച്ച സർവ്വീസ് അപാകതകൾക്കും വിവേചനത്തിനും പരിഹാരമായി എല്ലാ കരാർ/താത്കാലിക ജീവനക്കാർക്കും ശമ്പളവർദ്ധിപ്പിക്കാനും അപാകതകൾ പരിഹരിക്കാനും കഴിഞ്ഞു. തുടർന്ന് ശമ്പളപരിഷ്കരണം, പെൻഷൻ, സ്പെഷ്യൽ റൂൾ ഭേദഗതി എന്നിവ നടപ്പിലാക്കുന്നതിനുള്ള തീവ്രശ്രമത്തിലുമാണ്. ഇടതുസർക്കാരിന്റെ സഹായം സി-ഡിറ്റ് കൂടുതൽ ലഭ്യമാക്കി സ്ഥാപനത്തിനും ജീവനക്കാർക്കും പുരോഗതി ക്കായുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.





# പി ജി അനുസ്മരണം

## REMEMBERING PG

കഴിഞ്ഞുപോയ കാലത്തെക്കുറിച്ചുള്ള അറിവ് വർത്തമാനകാലത്തെ തിരിച്ചറിയാൻ ഉപകരിക്കും. ആ അറിവ് വരുംകാലം എങ്ങനെയാവണമെന്ന ചിന്തകൾക്ക് രൂപംകൊടുക്കാനുള്ള ശ്രമങ്ങൾക്ക് ശക്തിപകരുകയും ചെയ്യും. അതാണ് കഴിഞ്ഞകാലത്ത് സമൂഹത്തെ ഉടച്ചുവാർക്കാൻ വിശ്രമരഹിതമായി പ്രവർത്തിച്ചവരെ ഓർമിക്കാനും മനസ്സിലാക്കാനും ശ്രമിക്കുന്നതിന്റെ പ്രസക്തി. ഈ നിലയ്ക്കാണ് പി ഗോവിന്ദപിള്ള എന്ന കമ്യൂണിസ്റ്റ് ധിഷണാശാലിയെ കൂടുതൽ സമഗ്രമായി മനസ്സിലാക്കാനുള്ള ശ്രമങ്ങൾ പ്രസക്തമാകുന്നതും.

അദ്ദേഹം ചിന്തിച്ചത് മാർക്സിസ്റ്റ് കാഴ്ചപ്പാടിലായിരുന്നു; സംവാദങ്ങളിലേർപ്പെട്ടത് പൊതുസമൂഹത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ള സ്വീകാര്യത വർധിപ്പിക്കാനായിരുന്നു; ലേഖനങ്ങളും പ്രബന്ധങ്ങളും എഴുതിയത് വർത്തമാനകാല സമൂഹത്തെയും അതിലെ ശക്തിബന്ധങ്ങളെയും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് കാഴ്ചപ്പാടിൽ അപഗ്രഥിക്കാനായിരുന്നു; പി ജി കമ്യൂണിസ്റ്റ് ധീഷണാശാലിയായിരുന്നുവെന്നു പറയുമ്പോൾ അതിൽ ആ വ്യക്തിത്വത്തിന്റെ എല്ലാ മുഖങ്ങളും ഉൾക്കൊള്ളുന്നുവെന്നു ചുരുക്കം.

വളരെ സാധാരണമായ സാഹചര്യങ്ങളിൽ നിന്നുവന്ന് അസാധാരണമായ വ്യക്തിത്വം കൈവരിച്ച വ്യക്തിയാണ് പി ജി. വളരെ സാധാരണമായ സാഹചര്യമെന്ന് ഞാൻ പറയുന്നത് പി ജിയുടെ കുടുംബത്തിന്റെ സാമ്പത്തികസാഹചര്യത്തെ മുൻനിർത്തിയല്ല. സാമ്പത്തികസൗകര്യങ്ങളൊക്കെ വേണ്ടപോലെയുണ്ടായിരുന്നു പി ജി ജനിച്ച കുടുംബത്തിന്. അത്തരം സാമ്പത്തിക സാമൂഹ്യ സാഹചര്യങ്ങളിൽനിന്ന് വളർന്നുവരുന്നവർ പഠിച്ചുമിടുക്കരായി സ്കൂൾ അധ്യാപകരോ കോളേജ് അധ്യാപകരോയൊക്കെയാകുകയാണ് അക്കാലത്ത് പതിവ്. പി ജി പഠനത്തിൽ മിടുക്കനായിരുന്നെങ്കിലും ബോംബെ സെന്റ്സേവിയേഴ്സ് കോളേജിലടക്കം പഠിച്ചെങ്കിലും അതിനിടയിൽ






ത്തന്നെ കമ്യൂണിസത്തിലേക്ക് വഴിതിരിഞ്ഞു. അതുകൊണ്ട് പി ജി പ്രൊഫസറൊന്നുമായില്ല. എന്നാൽ, ഏത് പ്രൊഫസർക്കും ഏതു വിഷയത്തെക്കുറിച്ചും എപ്പോഴും സംശയം ചോദിക്കാവുന്ന പ്രൊഫസർമാരുടെ പ്രൊഫസറെന്ന നിലയിലേക്ക് അദ്ദേഹം ഉയർന്നു.

നാടൻപാട്ടിനെക്കുറിച്ചായാലും ലാറ്റിനമേരിക്കയെക്കുറിച്ചായാലും പഴയ താളിയോല കൃതികളെക്കുറിച്ചായാലും സാങ്കേതിക വൈജ്ഞാനികതയെക്കുറിച്ചായാലും എന്തിനെക്കുറിച്ചും സമഗ്രമായ അറിവുള്ളയാളായി പി ജി മാറി. അതുകൊണ്ടാണ് സാധാരണ സാഹചര്യത്തിൽനിന്ന് അസാധാരണമായ വ്യക്തിത്വം പി ജി രൂപപ്പെടുത്തിയെടുത്തു എന്ന് ഞാൻ പറഞ്ഞത്.

പി ജി കൈവയ്ക്കാത്ത മേഖലകളില്ല. കൈവച്ച മേഖലകളിലേതിലെങ്കിലും അദ്ദേഹത്തിന്റെ മുദ്രപതിയാതെ പോയതുമില്ല. അത്തരമൊരു വ്യക്തിയെക്കുറിച്ചു പറയുമ്പോൾ അസാധാരണ വ്യക്തിത്വമെന്നല്ലാതെ മറ്റൊരുവാക്ക് ഉപയോഗിക്കാൻ കഴിയില്ല. പി ജിക്ക് തുല്യം പി ജി മാത്രമെന്നതായിരുന്നു നില. അന്തരിച്ച് നാലുവർഷമാകുമ്പോഴും ആ നിലയ്ക്ക് മാറ്റമില്ല. പി ജിക്ക് തുല്യനായ മറ്റൊരാളെ നമുക്ക് ഇപ്പോഴും എവിടെയും കാണാനാകുന്നില്ല.

പാർടി പല വ്യക്തികളെ പല ഘട്ടങ്ങളിൽ വ്യത്യസ്തമേഖലകളിൽ നിയോഗിക്കും. എന്നാൽ, ഏതു മേഖലയിലേക്ക് നിയോഗിച്ചാലും ആ മേഖലയുടെ അങ്ങേയറ്റംവരെ പോയി മികവ് ആർജിക്കുക എന്നത് അധികംപേർക്ക് കഴിയാറില്ല. പാർടി ഏൽപ്പിച്ച ദൗത്യം നിറവേറ്റാൻ എത്ര കഴിവുവേണോ അത്ര കഴിവുനേടി ജോലി ഉത്തരവാദിത്തത്തോടെ ചെയ്യും. അതാണ് പലരുംചെയ്യാറ്. എന്നാൽ, പി ജി ഇക്കാര്യത്തിൽ വ്യത്യസ്തനായിരുന്നു. ഏൽപ്പിച്ച ജോലിചെയ്യാൻ വേണ്ട കഴിവ് എത്രത്തോളമാണോ, അത്രത്തോളംനേടി അവിടെ നിൽക്കുക എന്നതല്ല, മറിച്ച് ആ വഴിക്ക് മുന്നോട്ടുപോയി എത്രയേറെ കഴിവ് തുടർന്നും ആർജിക്കാൻ കഴിയുമോ അത്രവരെ പോകാനായിരുന്നു പി ജിയുടെ ശ്രമം.

പി ജി പത്രരംഗത്തേക്ക് കടന്നുവന്നത് പത്രപ്രവർത്തനം പഠിച്ചുപാസായിട്ടൊന്നുമല്ല. എന്നാൽ, പത്രപ്രവർത്തനം പഠിച്ചുപാസായിവന്ന ആർക്കും ആ രംഗത്ത് ഗുരുവാകാൻ വേണ്ടത്ര കഴിവ് ആ മേഖലയിൽ പി ജി ആർജിച്ചു. പി ജി സാഹിത്യരംഗത്തേക്ക് വന്നതു സാഹിത്യപശ്ചാത്തലത്തിന്റെ പിൻബലത്തോടുകൂടിയൊന്നുമല്ല. ആ രംഗത്തു പ്രവർത്തിക്കേണ്ടിവന്നപ്പോൾ അതിന് അവശ്യം ആവശ്യമായ കഴിവുനേടുക എന്നതായിരുന്നില്ല, മറിച്ച് ആ രംഗത്തെ അറിവ് സമഗ്രമായി സ്വന്തമാക്കുക എന്നതായിരുന്നു പി ജിയുടെ രീതി. അതുകൊണ്ടുതന്നെ അക്കാദമിക് രംഗത്തെ പ്രഗത്ഭരായ വമ്പൻ സാഹിത്യ നിരൂപകന്മാരോടുവരെ ഏറ്റുമുട്ടാനും അവരെ വാദങ്ങളിൽ തറപറ്റിക്കാനും പി ജിക്ക് കഴിഞ്ഞു.

ഇസങ്ങൾക്കെല്ലാം അപ്പുറമാണ് സാഹിത്യത്തിന്റെ സ്ഥാനമെന്ന് പ്രശസ്ത നിരൂപകനായ എസ് ഗുപ്തൻനായർ വാദിച്ചപ്പോൾ 'ഇസങ്ങൾക്കിപ്പുറം' എന്ന തലക്കെട്ടോടെ ഒരു പുസ്തകം തന്നെയിറക്കി പി ജി കമ്യൂ

ണിസ്റ്റ് നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് മറുപടി പറഞ്ഞു. ഏതുരംഗത്തായാലും കഴിവിന്റെ ഇങ്ങേ വക്കിൽ വന്നു നിൽക്കുക എന്നതായിരുന്നില്ല, മറിച്ച് അങ്ങേ വക്കുവരെ പോകുക എന്നതായിരുന്നു പി ജിയുടെ രീതി.

അതിപ്രഗത്ഭരായ കമ്യൂണിസ്റ്റ് സൈദ്ധാന്തികരുടെ നിരയുണ്ടായിരുന്നിട്ടുണ്ട് എന്നും നമുക്ക്. ആ നിരയിൽ സ്ഥാനമുള്ള വ്യക്തിയാണ് പി ജി. കേരളത്തിന്റെ സാംസ്കാരികവും ബൗദ്ധികവുമായ ജീവിതത്തിന് കമ്യൂണിസ്റ്റ് പാർടി നൽകിയ സംഭാവനകളെടുത്താൽ അതിൽ തീർച്ചയായും പി ജിയുടെ ശ്രദ്ധേയമായ പങ്കുമുണ്ട് എന്നു കാണാം. എഴുത്തും പ്രസംഗവും സംവാദവുമൊക്കെ ശാസ്ത്രീയ സോഷ്യലിസത്തിന്റെ സന്ദേശം ജനങ്ങളിലേക്കെത്തിക്കാനുള്ള ആയുധങ്ങളായാണ് പി ജി കണ്ടത്. സാഹിത്യത്തിലെ പ്രവണതകളെ മുതൽ ആഗോള രാഷ്ട്രീയ സംഭവഗതികളെവരെ കൃത്യമായ മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ അപഗ്രഥിച്ച് അവതരിപ്പിക്കുന്നതിൽ അസാധാരണമായ മികവാണ് പി ജി കാട്ടിയത്. ആ മികവാകട്ടെ ചിന്തിക്കുന്ന വലിയൊരു വിഭാഗത്തെ പാർടിയോടടുപ്പിക്കുന്നതിൽ വലിയ പങ്കുവഹിക്കുകയും ചെയ്തു.

പി ജി അറിവ് ആർജിച്ചത് സ്വന്തം സന്തോഷത്തിനുവേണ്ടി മാത്രമായിരുന്നില്ല. ആ അറിവ് സമൂഹത്തിൽ ഗുണപരമായി പകർത്താൻ കൂടിയായിരുന്നു. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ആധുനികമായ മുഖം നേടിക്കൊടുത്തതിലും ചലച്ചിത്രവികസന കോർപറേഷനെ ആധുനികവൽക്കരിക്കുന്നതിലും സി-ഡിറ്റ് പോലൊരു സ്ഥാപനം യാഥാർഥ്യമാകുന്നതിലുമൊക്കെ നമ്മൾ കണ്ടത് അതാണ്. വിജ്ഞാനവിപ്ലവത്തെക്കുറിച്ച് വായിച്ചറിഞ്ഞു സന്തോഷിക്കുക മാത്രമല്ല, ആ വിപ്ലവത്തിന്റെ വെളിച്ചം സി-ഡിറ്റിലൂടെയടക്കം നമ്മുടെ സമൂഹത്തിലേക്കു കൊണ്ടുവരികകൂടിയായിരുന്നു പി ജി.

നിയമസഭാ സാമാജികനായപ്പോൾ സഭയിൽ വിഷയങ്ങൾ അവതരിപ്പിക്കേണ്ടതെങ്ങനെ എന്നതിന് മാതൃക കാട്ടി. പുരോഗമന കലാസാഹിത്യപ്രസ്ഥാനത്തിൽ പ്രവർത്തിച്ചപ്പോൾ അതിനെ എങ്ങനെ ജനകീയമാക്കാമെന്നതിനുള്ള ഫോർമുലകൾ മുന്നോട്ടുവച്ചു. പെരുമ്പാവൂർ രേഖതന്നെ അതിനുള്ള ഉത്തമ ദൃഷ്ടാന്തമാണ്. പത്രാധിപരായിരുന്നപ്പോൾ പത്രത്തെ എങ്ങനെ രൂപപരമായി നവീകരിക്കാമെന്നും ഉള്ളടക്കപരമായി രാഷ്ട്രീയവൽക്കരിക്കാമെന്നും കാണിച്ചുകൊടുത്തു. വൈജ്ഞാനിക



സാഹിത്യരംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ ആ മേഖലയിൽപ്പെട്ട സമാനതകളില്ലാത്ത ഒരു കൃതി രചിച്ചുനൽകി. സാംസ്കാരികരാഷ്ട്രീയം കൈകാര്യംചെയ്ത ഘട്ടത്തിൽ ഇന്ത്യൻ സംസ്കാരം എങ്ങനെയൊക്കെയാണ് മതാതീതമായ സംസ്കാരമാകുന്നത് എന്ന് സമർഥിച്ചു. ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിച്ച 'ഭക്തി മൂവ്മെന്റ് ഇൻ ഇന്ത്യ- റിനൈസൻസ് ഓർ റിവൈവലിസം' എന്ന കൃതി തന്നെ അതിനുദാഹരണം.

മക്കാർത്തിയൻ കമ്യൂണിസ്റ്റ് വിരുദ്ധ ജ്വരം സമൂഹത്തിൽ പടർന്നുകയറിയപ്പോൾ കമ്യൂണിസ്റ്റ് പാർടിയെയും സോഷ്യലിസത്തെയും രക്ഷിക്കാനുള്ള പോരാട്ടരംഗത്ത് കേന്ദ്രീകരിച്ചു പി ജി. ഹിന്ദു വർഗീയത ഫാസിസത്തിന്റെ രൂപമാർജിച്ച് പിടിമുറുക്കിയപ്പോൾ മതനിരപേക്ഷതയുടെ പോരാളിയായി നിന്നു പി ജി.

സി ജെ തോമസ് മുതൽ എം ഗോവിന്ദൻ വരെയുള്ളവർ ബുദ്ധിജീവികളെ കമ്യൂണിസ്റ്റുവിരുദ്ധരാക്കിയെടുക്കാൻ പണിപ്പെട്ടുകൊണ്ടിരുന്ന ഘട്ടത്തിൽ യുക്തിസഹമായി വാദങ്ങൾ നിരത്തി ചിന്തിക്കുന്ന തലമുറയെ ഇടതുപക്ഷത്തുറപ്പിച്ചു നിർത്തി പി ജി. നോംചോംസ്കി, ഗ്രാംഷി, ടെറി ഈഗിൾടൺ തുടങ്ങിയവരുടെയൊക്കെ ചിന്തകൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതിൽ മുന്നിൽനിന്നു പ്രവർത്തിച്ചതു പി ജിയാണ്.

എത്ര നല്ല കമ്യൂണിസ്റ്റുകാരനും തെറ്റുപറ്റാം. ഉത്തമനായ കമ്യൂണിസ്റ്റ് തെറ്റുതിരുത്തി പാർടിക്കൊപ്പം നിൽക്കും. ഇക്കാര്യത്തിലും മാതൃക കാട്ടിയ കമ്യൂണിസ്റ്റാണ് പി ജി. അത്തരം തെറ്റിന്റെയും തിരുത്തലിന്റെയും ഘട്ടം പി ജിയുടെ പാർടിബന്ധത്തിലുണ്ടായിട്ടുണ്ട്. എന്നാൽ, അത്തരം ഘട്ടങ്ങളിൽ പി ജി പാർടിയോട് വിടപറഞ്ഞ് എതിർപക്ഷത്തുചേരുമെന്ന് ചിലർ കരുതി. ചില മാധ്യമങ്ങൾ അതിന് ആഹ്വാനം ചെയ്തു. മറ്റു ചിലർ പരിഹസിച്ചു. എന്നാൽ, ഉത്തമനായ കമ്യൂണിസ്റ്റാണ് താനെന്ന് ഉറക്കെ പ്രഖ്യാപിക്കുംവിധം പാർടിയാണ് ശരിയെന്നു പറഞ്ഞുകൊണ്ട് പാർടിക്കൊപ്പം നിന്നു പി ജി. മാധ്യമങ്ങൾ ''തന്നെ''

ആഘോഷിക്കട്ടെ എന്നു കരുതി അവരുടെ താളത്തിന് തുള്ളുകയല്ല പി ജി ചെയ്തത്.

അചഞ്ചലമായ പ്രത്യയശാസ്ത്ര സ്ഥൈര്യവും ഉയർന്ന സംഘടനാബോധവും ഇളകാത്ത പാർടിക്കൂറും നിസ്വജനങ്ങളോടുള്ള പ്രതിബദ്ധതയും ഉള്ള






ഒരാൾക്കേ മാധ്യമങ്ങളുടെ ആഘോഷവാഗ്ദാനങ്ങളിൽ മനസ്സിള കാതെ അത്തരം സന്ദർഭങ്ങളിലും പാർടിയിൽ ഉറച്ചുനിൽക്കാൻ കഴിയൂ. പി ജിയെ ഓർമിക്കുമ്പോൾ അദ്ദേഹത്തിന്റെ ധിഷണാപ രമായ സംഭാവനകൾക്കൊപ്പം തന്നെ പാർടിയാണ് തന്നേക്കാൾ വലുതും ശരിയും എന്ന അദ്ദേഹത്തിന്റെ എക്കാലത്തെയും ബോ ധ്യവും നാം മനസ്സിലാക്കേണ്ടതുണ്ട്.

പി ജി രാഷ്ട്രീയനേതാവായിരുന്നു. സൈദ്ധാന്തികനായിരുന്നു. നിരൂപകനായിരുന്നു. ചിന്തകനായിരുന്നു. പ്രഭാഷകനായിരുന്നു. ഗവേഷകനായിരുന്നു. നിയമസഭാ സാമാജികനായിരുന്നു. പത്രാ ധിപരായിരുന്നു. ഇങ്ങനെ പലതുമായിരുന്നു. ഇതൊക്കെ നമ്മൾ അദ്ദേഹത്തിനു നൽകുന്ന വിശേഷണങ്ങൾ. എന്നാൽ, പി ജി സ്വ യം നൽകിയിരുന്ന വിശേഷണം കമ്യൂണിസ്റ്റ് എന്നതായിരുന്നു. ആ വിശേഷണത്തിന് താഴെയേ മറ്റെന്തും പി ജിക്കുണ്ടായിരുന്നുള്ളൂ.

പി ജിയുടെ സ്മരണയ്ക്കുള്ള ഉചിതമായ ആദരാഞ്ജലി എന്താണ്? വർഗീയതയുടെ ശക്തികൾ അധീനപ്പെടുത്താൻ ശ്രമിക്കുന്ന ഇന്ത്യൻ സംസ്കാരത്തെ മതനിരപേക്ഷമായി മോചി പ്പിച്ചെടുക്കുക. മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ ലളിതമാ യി ജനങ്ങൾക്ക് പകർന്നുകൊടുക്കുന്ന പ്രക്രിയ തുടർന്നുകൊണ്ടു പോവുക. സംവാദത്തിന്റെ അന്തരീക്ഷം ശക്തിപ്പെടുത്തി കൂടുതൽ ജനവിഭാഗങ്ങളിലേക്ക് ശാസ്ത്രീയ സോഷ്യലിസത്തിന്റെ രാഷ്ട്രീ യതത്വങ്ങൾ എത്തിക്കാനുള്ള ശ്രമങ്ങൾക്ക് കരുത്തേകുക. കമ്യൂ ണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ അകറ്റാൻ ക്രൈസ്തവസഭയുമായി പി ജി നടത്തിയിരുന്ന സംവാദങ്ങൾ കൂടുതൽ മുമ്പോട്ടുകൊണ്ടുപോവുക. ജാതി ജീർണതകളിലേ ക്ക് സമൂഹത്തെ തിരിച്ചുകൊണ്ടുപോകാൻ തീവ്രശ്രമം നടക്കുന്ന കാലമാണിത്. ധനമൂലധനത്തിന്റെ കടന്നുവരവിൽ രാഷ്ട്രത്തിന്റെ പരമാധികാരംപോലും അപകടപ്പെടുന്ന കാലമാണിത്. ഇത്തര മൊരുകാലത്ത് പി ജിയെപ്പോലുള്ളവരുടെ സ്മരണയും അവർ മുമ്പോട്ടുവച്ച ചിന്തകളും പുരോഗമനശക്തികൾക്ക് മുമ്പോട്ടുകു തിക്കാനുള്ള കരുത്തിന്റെ സ്രോതസ്സായി അനുഭവപ്പെടും.





# പറയാതെ



പ്രഭാവർമ്മ

പറയുവാൻ വെച്ച വാക്കിലെന്താവുമെ-
ന്നറിയുവാനെന്തു പോംവഴി; ഒന്നുമേ
പറയുവാനരുതാതെ വിങ്ങീടുന്നു
പറയുവാൻ വന്ന പാവം മനസ്സിതാ!

അകമെ നിന്നു തിളയ്ക്കുന്നതുണ്ടൊരു
കട, ലതിൽ വന്നുയരും തിരകളേ
വെറുമിരമോ ഭാഷ, യർത്ഥങ്ങളി-
ല്ലവയിലില്ല ഭാവം; ധ്വനിയേതുമേ!

അകമെ വന്നു നിറയുന്നതുണ്ടൊരു
ഗഗന, മാർദ്രമാം മേഘസംഘാതമേ,
ഇടിമുഴക്കമോ ഭാഷ; സ്വരങ്ങളി-
ല്ലവയിൽ വ്യഞ്ജനങ്ങൾ; ചിഹ്നമേതുമേ!

അറിയുവാനെന്തു മാർഗ്ഗം പറയുവാ-
നരുതു തെല്ലുമെന്നുള്ളൊരിക്കാര്യങ്ങൾ
അറിയുവാനെന്തു മാർഗ്ഗം, പറഞ്ഞിട്ടു-
മറിയുവാൻ കഴിഞ്ഞീടാത്ത കാര്യവും!

പറയുമാറുണ്ടു കടലുമാകാശവും
പലവിധത്തിൽ പലതുമെന്നാകിലും
അറിവതില്ലതിൻ ഭാഷ, മൗനങ്ങളിൽ
കൊടിയ കോപമോ, സ്നേഹവാത്സല്യമോ?

# DEMONETISATION AND CASHLESS ECONOMY IN INDIA



V.Nagarajan Naidu

Among the various objectives of demonetization of old Rs 500 and Rs 1000/- in the recent past, the transformation of economy towards a cashless economy is an important one. One of the great economic inventions which facilitates the material progress of mankind is the invention of money. Money is anything which serves as a store of value, unit of account and medium of exchange. Without money it is impossible to think about any type of transaction in the society. However, the concept, physical form and nature of money got transformation over the time. It has transformed from metallic to paper money or currency to bank money to electronic or plastic money and finally to cryptographic money. The modern feature of payment mechanism is for reducing the volume of physical cash for transaction and resorting to other modes such as plastic money (such as credit and debit cards), online transactions, point of sales (POS) transactions, e-wallet application (such as PayTM, SBI Buddy etc). This trend is generally termed as transformation towards digital economy or less cash economy.




**ONE OF THE GREAT ECONOMIC INVENTIONS WHICH FACILITATES THE MATERIAL PROGRESS OF MANKIND IS THE INVENTION OF MONEY.**

# WHY WE NEED LESS CASH OR DIGITAL TRANSACTION?



The following are some of the arguments for less cash transaction. (1) The cash transaction particularly in higher denomination leads to corruption, black marketing, terrorism funding and other nefarious and illicit practices in the society. As per the World Corruption Perception Index, corruption in Sweden is very low, where 89 percent of transaction is without any cash payment. (2) The paper currency is a zero interest bearing assets and holding too much of money leads to loss of income via interest receipts (3) excessive cash as a medium of exchange is favoured by the underground economy (4) in digital transaction, it is easy to detect the economic transaction. (5) digital transaction reduces the transaction cost of carrying and doing business and so it is a convenient mode of payment (6) with proper cyber security, digital transaction or cash less transaction reduces the risk of carrying cash (7) it reduces the printing cost of RBI. In 2015-16 alone, RBI spent Rs 27 billion for printing currency (8) it reduces the crime rate. Many anti social and illegal activities like drug trafficking, prostitution, financing of terrorism and money laundering are carried out only in cash (9) it is good for banking sector. It increase the resources for savings and investment of banks (10) it increases the transparency in monitoring transaction by which tax evasion can be plugged which leads to more revenue collection to government (11) the efficiency of various welfare programmes of govt can be improved by plugging the leakages. In 2009, the Planning Commission estimated that only 27 percent of Public Distribution System (PDS) expenditure reached the targeted low income groups.

The move towards more digitization of transaction is the need of the hour. India has globally one of the highest levels of currencies in circulation at over 12 percent of GDP. The World Bank in July, 2010 estimated the size of the shadow economy for India at 23.2 percent of the GDP and unaccounted cash in the economy was the tune of Rs 4500 billion. Our country has untapped potential environment for digital payment mechanism. Today only 10-15 percent of people have ever used any type of digital transactions in India, while it was 40 percent in Brazil and China. India's currency to GDP ratio is 12 percent higher than many other countries. It is 3.8 percent in Brazil, 5.6 percent in South Korea and 1.7 percent in Sweden. Only half of the Indian population had a digital card. Compared to this, in Sweden, the average number of cards per person was 2.5, in South Korea it was 5.5, in Brazil 4.1 and in China it is 4. India has the lowest number of Point of Sales (POS) mechanism. In India, only 17 percent of adults had smart phones in 2016 compared to 88 percent in South Korea and 26 percent in Kenya. In India only 26 percent were using internet in 2015 as compared to 59.08 percent in Brazil, 50 percent in China and around 90 percent in South Korea and Sweden. Over 93 percent of rural people have not done any digital transactions. Only 18 percent of all ATMs are deployed in rural India. Seventy five percent of transactions in India were cash based while in developed countries like the US, Japan, France, Germany etc it was around 20-25 percent. These indicate the scope for strengthening the base of untapped non-cash user market.

**THE MOVE TOWARDS MORE DIGITIZATION OF TRANSACTION IS THE NEED OF THE HOUR. INDIA HAS GLOBALLY ONE OF THE HIGHEST LEVELS OF CURRENCIES IN CIRCULATION AT OVER 12 PERCENT OF GDP.**



In India, a large number of initiatives are undertaken by the Govt of India to strengthen the system of digital payment and a move towards less cash economy. The Digital India programme is a flagship programme of the Government of India with a vision to transform India into a digitally empowered society and knowledge economy. "Faceless, Paperless, Cashless" is one of professed role of Digital India. As part of promoting cashless transactions and converting India into less-cash society, various modes of digital payments are available. The following are the important among them (Ref: Cashlessindia.govt.in)

## DIGITAL PAYMENT ECOSYSTEM IN INDIA

Digital payments comprisespament transactions carried out using a variety of electronic modes such as cards, mobile or internet based set ups, to send and receive money. The ecosystem consists of buyer (customer), seller (merchant,service provider) and Payment Service Provider (PSP) that enables transfer of money from buyer to seller for the product/ service availed. The strengthening of digital transaction ecosystem has the following advantages.

**(1) COVERAGE** – by enabling wider access to a variety of electronic payment services

**(2) CONVENIENCE** – by enhancing user experience through ease of use and of products and processes

**(3) CONFIDENCE** – by promoting integrity of systems, security of operations and customer protection

**(4) CONVERGENCE** – by ensuring interoperability across service providers

**(5) COST** – by making services cost effective for users as well as service providers

## BANKING CARDS ( DEBIT CREDIT CASH TRAVEL / OTHERS)



Banking cards offer consumers more security, convenience, and control than any other payment method. The wide variety of cards available – including credit, debit and prepaid – offers enormous flexibility, as well. These cards provide 2 factor authentications for secure payments e.g secure PIN and OTP. RuPay, Visa, MasterCard are some of the example of card payment systems. Payment cards give people the power to purchase items in stores, on the Internet, through mail-order catalogues and over the telephone. They save both customers and merchants' time and money, and thus enable them for ease of transaction.

## UNSTRUCTURED SUPPLEMENTARY SERVICE DATA (USSD)



The innovative payment service *99# works on Unstructured Supplementary Service Data (USSD) channel. This service allows mobile banking transactions using basic feature mobile phone, there is no need to have mobile internet data facility for using USSD based mobile banking. It is envisioned to provide financial deepening and inclusion of underbanked society in the mainstream banking services.

*99# service has been launched to take the banking services to every common man across the country. Banking customers can avail this service by dialling *99#, a "Common number across all Telecom Service Providers (TSPs)" on their mobile phone and transact through an interactive menu displayed on the mobile screen. Key services offered under *99# service include, interbank account to account fund transfer, balance enquiry, mini statement besides host of other services. *99# service is currently offered by 51 leading banks & all GSM service providers and can be accessed in 12 different languages including Hindi & English as on 30.11.2016 (Source: NPCI). *99# service is a unique interoperable direct to consumer service that brings together the diverse ecosystem partners such as Banks & TSPs (Telecom Service Providers).




## AADHAAR ENABLED PAYMENT SYSTEM (AEPS)

AEPS is a bank led model which allows online interoperable financial transaction at PoS (Point of Sale / Micro ATM) through the Business Correspondent (BC)/Bank Mitra of any bank using the Aadhaar authentication.




## UNIFIED PAYMENTS INTERFACE (UPI)

Unified Payments Interface (UPI) is a system that powers multiple bank accounts into a single mobile application (of any participating bank), merging several banking features, seamless fund routing & merchant payments into one hood. It also caters to the "Peer to Peer" collect request which can be scheduled and paid as per requirement and convenience. Each Bank provides its own UPI App for Android, Windows and iOS mobile platform(s).

## MOBILE WALLETS

A mobile wallet is a way to carry cash in digital format. You can link your credit card or debit card information in mobile device to mobile wallet application or you can transfer money online to mobile wallet. Instead of using your physical plastic card to make purchases, you can pay with your smartphone, tablet, or smart watch.




An individual's account is required to be linked to the digital wallet to load money in it. Most banks have their e-wallets and some private companies.

e.g. **PAYTM, FREECHARGE, MOBIKWIK, OXIGEN, MRUPPEE, AIRTEL MONEY, JIO MONEY, SBI BUDDY, ITZ CASH, CITRUS PAY, VODAFONE M-PESA, AXIS BANK LIME, ICICI POCKETS, SPEEDPAY** etc.

## BANKS PRE-PAID CARDS

## POINT OF SALE



A point of sale (PoS) is the place where sales are made. On a macro level, a PoS may be a mall, a market or a city. On a micro level, retailers consider a PoS to be the area where a customer completes a transaction, such as a checkout counter. It is also known as a point of purchase. The important forms of PoS are (a) Physical PoS (b) Mobile PoS (c) Virtual PoS



## INTERNET BANKING

Internet banking, also known as online banking, e-banking or virtual banking, is an electronic payment system that enables customers of a bank or other financial institution to conduct a range of financial transactions through the financial institution's website. The different types of online financial transactions are:

## NATIONAL ELECTRONIC FUND TRANSFER (NEFT)

National Electronic Funds Transfer (NEFT) is a nation-wide payment system facilitating one-to-one funds transfer. Under this Scheme, individuals, firms and corporates can electronically transfer funds from any bank branch to any individual, firm or corporate having an account with any other bank branch in the country participating in the Scheme. Individuals, firms or corporates maintaining accounts with a bank branch can transfer funds using NEFT. Even such individuals who do not have a bank account (walk-in customers) can also deposit cash at the NEFT-enabled branches with instructions to transfer funds using NEFT. However, such cash remittances will be restricted to a maximum of Rs.50,000/- per transaction. NEFT, thus, facilitates originators or remitters to initiate funds transfer transactions even without having a bank account. Presently, NEFT operates in hourly batches - there are twelve settlements from 8 am to 7 pm on week days (Monday through Friday) and six settlements from 8 am to 1 pm on Saturdays.

## REAL TIME GROSS SETTLEMENT (RTGS)

National Electronic Funds Transfer (NEFT) is a nation-wide payment system facilitating one-to-one funds transfer. Under this Scheme, individuals, firms and corporates can electronically transfer funds from any bank branch to any individual, firm or corporate having an account with any other bank branch in the country participating in the Scheme. Individuals, firms or corporates maintaining accounts with a bank branch can transfer funds using NEFT. Even such individuals who do not have a bank account (walk-in customers) can also deposit cash at the NEFT-enabled branches with instructions to transfer funds using NEFT. However, such cash remittances will be restricted to a maximum of Rs.50,000/- per tion. NEFT, thus, facilitates originators or remitters to initiate funds transfer transactions even without having a bank account. Presently, NEFT operates in hourly batches - there are twelve settlements from 8 am to 7 pm on week days (Monday through Friday) and six settlements from 8 am to 1 pm on Saturdays.

## ELECTRONIC CLEARING SYSTEM (ECS)

ECS is an alternative method for effecting payment transactions in respect of the utility-bill-payments such as telephone bills, electricity bills, insurance premia, card payments and loan repayments, etc., which would obviate the need for issuing and handling paper instruments and thereby facilitate improved customer service by banks / companies / corporations / government departments, etc., collecting / receiving the payments.

## IMMEDIATE PAYMENT SERVICE (IMPS)

IMPS offers an instant, 24X7, interbank electronic fund transfer service through mobile phones. IMPS is an emphatic tool to transfer money instantly within banks across India through mobile, internet and ATM which is not only safe but also economical both in financial and non-financial perspectives.

## MOBILE BANKING

Mobile banking is a service provided by a bank or other financial institution that allows its customers to conduct different types of financial transactions remotely using a mobile device such as a mobile phone or tablet. It uses software, usually called an app, provided by the banks or financial institution for the purpose. Each Bank provides its own mobile banking App for Android, Windows and iOS mobile platform(s).

## MICRO ATMS



Micro ATM meant to be a device that is used by a million Business Correspondents (BC) to deliver basic banking services. The platform will enable Business Correspondents (who could be a local kirana shop owner and will act as 'micro ATM') to conduct instant transactions.

The micro platform will enable function through low cost devices (micro ATMs) that will be connected to banks across the country. This would enable a person to instantly deposit or withdraw funds regardless of the bank associated with a particular BC. This device will be based on a mobile phone connection and would be made available at every BC. Customers would just have to get their identity authenticated and withdraw or put money into their bank accounts. This money will come from the cash drawer of the BC. Essentially, BCs will act as bank for the customers and all they need to do is verify the authenticity of customer using customers' UID. The basic transaction types, to be supported by micro ATM, are Deposit, Withdrawal, Fund transfer and Balance enquiry.

## CONSTRAINTS FOR DIGITIZATION OF PAYMENT



While the macro factors clearly indicate favourable environment for digital payments, which is also beingsupported by the approach being taken by regulator, however, several challenges remain though for having attain the state where country truly becomes digital. KPMG.com/in made a detailed study on digital payment and associated cyber security in their report entitled 'Digital payments- analyzing cyber landscape'. In the following paragraphs the important finding as given in the Report are summarized.



#### THE IMPORTANT CHALLENGES FOR CONVERTING THE COUNTRY TRULY BECOME DIGITAL ARE:

(a) Feature phones continue to be widely used in rural India, which make it a tad dif?cult – not impossible to transact,
(b) Patchy digital connectivity in parts of India.
(c) Acceptance and change in mind set.
(d) Lack of awareness and
(e) Most important security in transacting.




## CYBERSECURITY RISK

Proliferation of digital channels along with increased data access covering the remote locations in India, has led to signi?cantly high number of users having internet access. While this has led to multiple customers to use digital channels, however, at the same time it has also led to increased cyber-risk exposure. These could be attributed to:

**DIGITAL PAYMENT ECOSYSTEM IS EVOLVING AT A RAPID PACE AS INDIA IS EMBRACING DIGITAL AND TECHNOLOGICAL ADVANCEMENTS.**

## A SECURITY MEASURES ON END USER DEVICES.

Users today are accessing digital channels through multiple devices, particularly mobile phones. The important issues connected to this are:

### 1. INADEQUATE SECURITY MEASURES ON DEVICES

Smart phones with internet access are exposed similar to traditional computers from security perspective, however, these devices are normally not secured through various security tools – such as antivirus, anti-phishing, anti-malware, etc. This exposes the users to cyber security risks. All our survey respondents uniformly cited security of end points/devices used for digital payments as a major concern.

### 2. CRACKED APPLICATIONS INSTALLED ON DEVICES

Users have multiple applications installed on their mobile phones, which also includes the 'cracked' applications that may have access to information across the device. These applications potentially access ?nancially sensitive information and pass on to attackers. The usage of One Time Password (OTP) is considered as a secure mechanism, however, information such as OTP can be accessed by malicious applications installed on mobile phones, which have access to user's messages or calls.

### 3. VULNERABLE/UNPATCHED OPERATING SYSTEMS

Users have multiple applications installed on their mobile phones, which also includes the 'cracked' applications that may have access to information across the device. These applications potentially access ?nancially sensitive information and pass on to attackers. The usage of One Time Password (OTP) is considered as a secure mechanism, however, information such as OTP can be accessed by malicious applications installed on mobile phones, which have access to user's messages or calls.

## B SECURITY BY DESIGN FOR DIGITAL PAYMENT PRODUCTS

The demand for accessing digital payment channels has increased significantly post the demonetisation drive in the country. While this provided an opportunity to service providers, the demand of solutions led to design and launch of multiple products during short period, which may lead to security controls not being designed comprehensively.

## C LARGE ECOSYSTEM WITH MULTIPLE VARIABLES

Availability of strong cashless ecosystem is essential for enhanced adoption of digital payments. Digital payment ecosystem is evolving at a rapid pace as India is embracing digital and technological advancements. The value chain of entire ecosystem is large and growing, which exposes it to cybersecurity risks. The key variables include:

**(I) DATA INTERFACES ACROSS THE PRODUCTS:** Products are required to have multiple interfaces with other services/applications and most of the products have multiple Application Program Interface (APIs) for this purpose.There is high possibility that these APIs may be exposed to untested/untrusted interfaces, which may lead to compromise of security measures
**(II) THIRD PARTY SERVICE PROVIDERS:** There is lot of information exchange that happens with third parties, and overall security levels are based on the weakest link in the chain. Recent incidents related to debit card security compromise were attributed to security attack on third party service provider.
**(III) LACK OF PERIMETER:** The ecosystem being large with multiple data interfaces, devices and systems, has led to unde?ned perimeter for the environment. Enforcing adequate security controls in such an environment causes its own challenges.




## D USER AWARENESS

The demand for accessing digital payment channels has increased significantly post the demonetisation drive in the country. While this provided an opportunity to service providers, the demand of solutions led to design and launch of multiple products during short period, which may lead to security controls not being designed comprehensively.

The changing nature of cybersecurity attacks such as web application attack, ransomware, reconnaissance, DDoS attack clearly establish cyber-risk as new reality and also positions it as one of the top business risks today.Country has adopted digital payment channels with signi?cant increase in volume (and value) of transactions, however, any signi?cant security incident can have adverse impact on the usage of this channel. It is imperative to have structured approach to security. Security strategy and governance, should be such a way that (a) Security strategy and governance (b) Design and implement robust cybersecurity frameworks (c) Identify 'crown jewels' and protect them (d) Establish adequate measures for protection from third party risks (e) Evaluate the changing threat landscape and align risk treatment strategies (f) Empower the users through enhanced security awareness. Also for security defence and transformation (a) Establish robust measures for establishing user identity and authentication for transactions (b) Establish advanced authentication measures, such as risk based/adaptive authentication and (c) deploy adequate technical and security measures to deply with 'cyber warfare'

# പ്രൊഫ. യശ്പാൽ, പി എം ഭാർഗവ, കെ. ആർ മോഹനൻ



ആധുനിക ഇന്ത്യൻ ശാസ്ത്രജ്ഞരുടെ മികച്ചൊരു പാരമ്പര്യത്തിലെ ഒരു കണ്ണിയാണ് പ്രൊഫസർ യശ്പാൽ. യശ്പാലിന്റെ മരണത്തോടെ ആ നല്ല പാരമ്പര്യത്തിലെ ഒരു കണ്ണിയറ്റു പോവുകയാണ്.

ദാമോദർ പ്രസാദ്



ദൃശ്യമാധ്യമങ്ങൾ സമ്പൂർണ്ണമായും കച്ചവടവൽക്കരണത്തിനു വിധേയമാകുന്നതിന് മുമ്പ് പബ്ലിക് സർവീസ് ബ്രോഡ്കാസ്റ്റിംഗ്, ഏറെക്കുറെ അതിന് ഏറെ ഉദ്ദേശ്യ ലക്ഷ്യങ്ങളോട് പൊരുത്തപ്പെട്ടിരുന്ന കാലത്ത് മികച്ചതും വ്യത്യസ്തമായിരുന്നതുമായ പ്രോഗ്രാമുകൾ ദൂരദർശനിൽ സംപ്രേക്ഷണം ചെയ്തിരുന്ന വേളയിലാണ് പ്രൊഫ. യശ്പാലിന്റെ ''Turning Point'' എന്ന ശാസ്ത്ര വിദ്യാഭ്യാസം ലക്ഷ്യമാക്കിക്കൊണ്ടുള്ള പരിപാടി വന്നുകൊണ്ടിരുന്നത്. ഗിരീഷ് കർണാട് അവതരിപ്പിച്ചിരുന്ന ഈ സയൻസ് സീരിയൽ ഏറെ ജനപ്രിയമായിരുന്നു. സിഡിറ്റിന്റെ ശാസ്ത്ര കൗതുകത്തിന്റെ പ്രചോദനം തന്നെ ഇതായിരുന്നിരിക്കണം. റേറ്റിങ് തന്ത്രങ്ങൾ അന്ന് നിലവിലുണ്ടായിരുന്നില്ല. ''Turning Point''ന്റെ സവിശേഷതകളിലൊന്ന് അതിലെ പ്രൊഫസർ യശ്പാലിന്റെ ഭൗതിക പ്രതിഭാസങ്ങളുടെ ശാസ്ത്രീയ വിശദീകരണങ്ങളാണ്. പ്രസ്തുത പ്രോഗ്രാം ശാസ്ത്രത്തിന്റെ വൈവിധ്യമാർന്ന ജ്ഞാനമേഖലകളെ ഇന്ത്യൻ പ്രേക്ഷകരെ പരിചയപ്പെടുത്തി ഒപ്പം തന്നെ ശാസ്ത്രത്തിന്റെ നീരിക്ഷണ-പരീക്ഷണ രീതികളിൽ പ്രക്ഷേകരുടെ കൗതുകമുണർത്തുകയും ചെയ്തു. ഇന്ത്യ കണ്ട എറ്റവും മികച്ച ശാസ്ത്ര സംവേദകനായിരുന്നു പ്രൊഫസർ യശ്പാൽ. അനുകരണീയമായ മാതൃക! ശാസ്ത്ര ചിന്ത വിശ്വാസങ്ങളുടെ സമുച്ചയമല്ലെന്നും അത് നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമാണെന്നുമുള്ള സങ്കല്പത്തിന്റെ ആധാരത്തിലാണ് അദ്ദേഹത്തിന്റെ വിശദീകരണങ്ങൾ നിലയുറപ്പിച്ചിരുന്നത്. ഭൗതിക ശാസ്ത്രജ്ഞനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ അറിവുകളുടെ സമ്പൂഷ്ടി പ്രൊഫസർ യശ്പാലിന്റെ പോപ്പുലർ



ബയോളജിസിറ്റ് എന്ന നിലയിൽ ജൈവ സാങ്കേതിക വിദ്യയുടെ കോർപ്രേറ്റ് വൽക്കരണത്തിനെതിരെ അദ്ദേഹം തുറന്ന നിലപാടുകളാണ് സ്വീകരിച്ചത്

സയൻസ് ക്ലാസ്സുകൾക്ക് മിഴിവ് നൽകി. എന്നത്തേയും പോലെ അന്നും ടെലിവിഷൻ കുടുംബ സദസ്സുകളെ തന്നെയാണ് അഭിമുഖീകരിച്ചിരുന്നത്. ഇന്ന് സ്റ്റേജ് ഷോകളും ചാനൽ ചർച്ചകളും കൈയടക്കിയിരിക്കുന്ന സമയങ്ങളിൽ ഒരു ശാസ്ത്ര പരിപാടി ഏറെ ജനപ്രിയമായി, വിജയകരമായി നടത്തിക്കൊണ്ടുപോയിരുന്നു എന്ന് ഓർക്കുക. ഒരു പക്ഷെ ഇതൊക്കെ തകിടം മറിക്കപ്പെട്ടത് ദൂരദർശനിൽ ''രാമായണം'' ''മഹാഭാരതം'' എന്നീ പുരാണ സീരിയലുകളുടെ സംപ്രേഷണത്തോടെയായിരിക്കണം. ഇന്ത്യയുടെ രാഷ്ട്രീയ ഭാഗധേയത്തെ തന്നെ തിരിച്ചു നിർത്താൻ അതിനു കഴിഞ്ഞു എന്ന് നമ്മൾ പിന്നീട് മനസ്സിലാക്കി. ബഹുജന മാധ്യമത്തിലൂടെയാണ് ദേശീയ ബോധത്തിലേക്ക് പുനരുത്ഥാന സാംസ്കാരികതയെ കടത്തിക്കൊണ്ടുവന്നത്. അന്ന് പ്രായേണ ബദൽ മാധ്യമ സംസ്കാരത്തെക്കുറിച്ചുള്ള ചർച്ചകളൊക്കെ അച്ചടിമാധ്യമത്തിൽ ഒതുങ്ങി നിന്നു. പ്രൊഫസർ യശ്പാൽ ഇങ്ങനെയുള്ള പുനരുത്ഥാന മൂല്യങ്ങളുടെ കടന്നു വരവിനോടും പടവെട്ടിയാണ് തന്റെ ശാസ്ത്ര പ്രവർത്തനം മുന്നോട്ടുക്കൊണ്ടു പോയിരുന്നത്. അത് വിലകുറഞ്ഞ അഭിപ്രായം നടത്താൻ ആയിരുന്നില്ല. അധികാരത്തിൽ ഇരിക്കുന്നവരെ സന്തോഷിപ്പിക്കായിരുന്നില്ല. ശാസ്ത്രജ്ഞൻ എന്ന നിലയ്ക്കുള്ള ഔചിത്യമാർന്ന സ്ഥാനത്തിന്റെ മഹത്വത്തെ നിലനിർത്തി കൊണ്ടുള്ള ഇടപെടലുകളായിരുന്നു. അന്ധവിശ്വാസ പ്രചാരങ്ങളെയും പൗരാണിക ശാസ്ത്രം മണ്ടത്തരത്തെയും അതിന്റെ പിറകിലെ ദുഷ്ട ബുദ്ധിയെയും എതിർക്കുന്നതിൽ മുമ്പിൽ തന്നെയായിരുന്നു പ്രൊഫസർ യശ്പാൽ. വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾക്കൊണ്ടു അദ്ദേഹം സ്വതന്ത്ര ചിന്തയുടെ മഹനീയത ഉയർത്തിപ്പിടിച്ചു.


ആധുനിക ഇന്ത്യൻ ശാസ്ത്രജ്ഞരുടെ മികച്ചൊരു പാരമ്പര്യത്തിലെ ഒരു കണ്ണിയാണ് പ്രൊഫസർ യശ്പാൽ. യശ്പാലിന്റെ മരണത്തോടെ ആ നല്ല പാരമ്പര്യത്തിലെ ഒരു കണ്ണിയറ്റു പോവുകയാണ്.

സെക്കുലറിസത്തിന്റെ, മാനവികതയുടെ, ശാസ്ത്രീയ ചിന്തയുടെ ധൈഷണിക ധാരയാണത്. ഹോമി ഭാഭ, മഹാലനോബിസ്, എസ് എൻ സാഹ, ദാമോദർ ധർമാനന്ദ് കൊസാമ്പി എന്നിങ്ങനെയുള്ള ഗംഭീരന്മാർ തെളിച്ച പാതയിലൂടെയാണ് പ്രൊഫസർ യശ്പാലും തന്റെ ശാസ്ത്ര യാത്രകൾ തുടർന്നത്. ആ ധൈഷണിക ധാരയിൽ നിന്നു തന്നെ പ്രചോദനം ഉൾക്കൊണ്ടു മറ്റൊരു ഉന്നതനായ ശാസ്ത്രജ്ഞനാണ് പുഷ്പ എം. ഭാർഗവ. ദേശീയതയുടെ പ്രഘോഷണങ്ങൾ വംശീയ സ്വഭാവമാർജ്ജിക്കുകയും രാജ്യമെമ്പാടും അസഹിഷ്ണുതയുടെ അന്തരീക്ഷം വ്യാപിക്കുകയും ചെയ്ത സന്ദർഭത്തിൽ പ്രതിജ്ഞാബദ്ധരായ എഴുത്തുകാർക്കും ചിന്തകർക്കുമൊപ്പം തനിക്ക് ലഭിച്ച പത്മഭൂഷൻ ബഹുമതി അദ്ദേഹം മടക്കിനൽകുകയുണ്ടായി. അദ്ദേഹം സ്വീകരിച്ചു വന്നിരുന്ന നിലപാടുകളുടെ തുടർച്ചയാണ് ഇത്. ബീഫ് നിരോധനത്തിലെ അസംബന്ധം വർഷങ്ങൾക്ക് മുമ്പേ അദ്ദേഹം പൊതു

സമൂഹത്തിനു മുമ്പാകെ അതരിപ്പിച്ചിട്ടുണ്ട്. അതും വെറും കുടില രാഷ്ട്രീയത്തിന്റെ ഭാഗമാണെന്ന് ഉറക്കെ പറഞ്ഞ ഉന്നതനായ ശാസ്ത്രജ്ഞനാണ് അദ്ദേഹം. മോളിക്യൂലർ ബയോളജിസ്റ്റ് എന്ന നിലയിൽ ബീഫിന്റെ പോഷക മൂല്യങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ ധാരണയെ അടിസ്ഥാനപ്പെടുത്തിയാണ് പി.എം. ഭാർഗവ തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചത്. ബീഫ് നിരോധനം വംശീയ പ്രശ്നമാണെന്നും അത് പാവങ്ങളുടെ ഭക്ഷണ ക്രമത്തിനു നേരെയുള്ള അതിക്രമമാണെന്നും പി. എം ഭാർഗവ എടുത്തു പറഞ്ഞു. അധികാരത്തിലുള്ളവരുടെ കണ്ണിലെ കരടാകാൻ ഇത് മാത്രമല്ല കാരണം. ബയോളജിസിറ്റ് എന്ന നിലയിൽ ജൈവ സാങ്കേതിക വിദ്യയുടെ കോർപ്രേറ്റ് വൽക്കരണത്തിനെതിരെ അദ്ദേഹം തുറന്ന നിലപാടുകളാണ് സ്വീകരിച്ചത്. കോർപ്രേറ്റ് ഗവേഷണ ശാലയിൽ നിന്നും ഉത്പാദിപ്പിക്കുന്ന അന്തക വിത്തുകൾ മേഖലയെ വന്ധ്യം കരിക്കുമെന്ന് ശാസ്ത്രീയ തെളിവുകളോടെ സാമൂഹ്യ ശാസ്ത്ര യുക്തികൾ നിരത്തി ഭാർഗവ വാദിച്ചു. പരുത്തി കാർഷിക മേഖലയിൽ ഇന്ന് നിലനിൽക്കുന്ന വൻ പ്രതിസന്ധി ഭാർഗവയുടെ നീരിക്ഷണങ്ങളിൽ എത്ര മാത്രം ശരിയായിരുന്നു എന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

കേരളത്തിൽ അക്കാദമികവും സാംസ്കാരികവുമായ നിരവധി പരിപാടികളിൽ പി.എം. ഭാർഗവ മുഖ്യ പ്രഭാഷണം നടത്തിയിട്ടുണ്ട്. രണ്ടായിരത്തി പന്ത്രണ്ടിലെ ഐ. എഫ്.എഫ് കെയിലെ ഒരു സെമിനാറിൽ മുഖ്യപ്രഭാഷകൻ അദ്ദേഹമായിരുന്നു. ആരോഗ്യപരമായ അവശതകൾ നേരിടുമ്പോഴും സെക്കൂലർ സന്ദേശമുയർത്തുന്ന പരിപാടികളിൽ പങ്കെടുക്കാൻ അദ്ദേഹം പ്രത്യേകം ഉത്സാഹം കാണിച്ചു. വലിയ വെല്ലുവിളികളുടെ ഈ കാലത്ത് അദ്ദേഹത്തിന്റെ വിയോഗം തീരാനഷ്ടം തന്നെയാണ്.

സമൂഹം സ്വായത്തമാക്കിയ നവോത്ഥാന മൂല്യങ്ങളെ അസ്ഥിരപ്പെടുത്തി അവിടങ്ങളിൽ പുനരുത്ഥാന ആശയങ്ങളെ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾക്കെതിരെ വലിയ സമരങ്ങൾ നടക്കുന്ന സന്ദർഭംകൂടിയാണ് ഇന്ന്. സമൂഹശരീരത്തിൽ കടന്നുകൂടിയ പുനരുത്ഥാന വൈറസുകൾ നമ്മുടെ ചിന്താഘടനയെ തന്നെ മാറ്റിപണിയുകയാണ്. ഇയൊരു കാതലായ പ്രശ്നത്തെ സസൂക്ഷമം അവതരിപ്പിക്കുന്ന ചലച്ചിത്രമാണ് കെ. ആർ മോഹന്റെ ''സ്വരൂപം'' മലയാളികളുടെ ജീവിതസമ്പദ്വ്യവസ്ഥയിൽ ധനാർത്തിയും പുനരുത്ഥാനവിശ്വാസങ്ങളും ഇടകലരുന്ന ആ ദുഷിച്ച ഭാവികാലത്തിന്റെ പ്രതലത്തിലേക്കാണ് തൊണ്ണൂറുകളാദ്യം കെ. ആർ. മോഹനൻ തന്റെ ക്യാമറ തുറന്നു വയ്ക്കുന്നത് എന്നത് ശ്രദ്ധേയമാണ്. മലയാളത്തിലെ എണ്ണപ്പെട്ട സിനിമകളിലൊന്നാണ് 'സ്വരൂപം.' ഈയൊരു ഒറ്റ സിനിമകൊണ്ടുതന്നെ മലയാള സിനിമാചരിത്രത്തിലെ സുപ്രധാനമായ സ്ഥാനത്തിന് അദ്ദേഹം



**മലയാളത്തിലെ എണ്ണപ്പെട്ട സിനിമകളിലൊന്നാണ് 'സ്വരൂപം'. ഈയൊരു ഒറ്റ സിനിമകൊണ്ടുതന്നെ മലയാള സിനിമാചരിത്രത്തിലെ സുപ്രധാനമായ സ്ഥാനത്തിന് അദ്ദേഹം അർഹനായിരിക്കുന്നു.**

അർഹനായിരിക്കുന്നു. ആകെ മൂന്ന് ഫൂൾ ലെങ്ത് ഫീച്ചർ ഫിലിമുകളെ മോഹനേട്ടൻ എന്ന സ്നേഹിതർ വിളിക്കുന്ന കെ.ആർ മോഹനൻ സംവിധാനം ചെയ്തിട്ടുള്ളൂ. എന്തിനു കുറെ സിനിമകൾ ചെയ്യണം.!! എണ്ണത്തിലല്ല ഗുണത്തിലാണ് കാര്യമെന്ന് എന്ന പഴയ ശൈലി മോഹനേട്ടന്റെ കാര്യത്തിലും പ്രസ്താവ്യമാണ്. സി-ഡിറ്റിനോടും അവിടുത്തെ ജിവനക്കാരോടും അടുത്തബന്ധം പുലർത്തിയിരുന്ന വ്യക്തിയാണ് കെ. ആർ മോഹനൻ. നമ്മളിൽ പലരേയും സംബന്ധിച്ചിടത്തോളം അദ്ദേഹം ഗുരുവും മാർഗദർശിയുമാണ്. സി-ഡിറ്റിൽ ഞങ്ങളുടെ ബാച്ചിന് സ്ക്രിപ്റ്റിന്റെ ക്ലാസ്സെടുത്തത് കെ. ആർ മോഹനേട്ടൻ ലളിതമായ രീതികളിൽ ഉദാഹരണസഹിതം എറ്റവും സുഗ്രാഹ്യമാകുന്നവിധമാണ് സ്ക്രിപ്പിറ്റിന്റെ തത്ത്വങ്ങൾ പഠിച്ചിരുന്നത്. എപ്പോൾ കണ്ടാലും സ്നേഹത്തോടെ കാര്യങ്ങൾ അന്വേഷിച്ചിരുന്നു. ചലച്ചിത്ര ഉത്സവങ്ങൾ ഉത്ഘാടനം ചെയ്തു മോഹനേട്ടന് സംസാരിക്കുന്നത് കേൾക്കാൻ പലവസരങ്ങളിലും ഇടയായിട്ടുണ്ട്. ചരിത്ര തെളിവാർന്ന രാഷ്ട്രീയ ബോധ്യത്തിന്റെ പ്രകടനം കൂടിയായിരുന്നു. ആ ജാഗ്രത്തായ ഭാവനയിൽ നിന്ന് മികവാർന്ന മറ്റൊരു രചന സംഭവിച്ചുക്കൊണ്ടിരുന്ന വേളയിലാണ് അദ്ദേഹം വിട്ടുപിരിഞ്ഞത് എന്നത് വേദനിപ്പിക്കുന്നതാണ്.

പ്രൊഫസർ യശ്പാൽ, പി. എം ഭാർഗവ, കെ.ആർ മോഹനൻ ഇവർ പ്രതിനിധാനം ചെയ്തത് സവിശേഷമായ മൂല്യവ്യവസ്ഥയെയാണ്. പുരോഗമനപരമായ ഭാവുകത്വത്തിന്റെ മതേതരത്വത്തിന്റെ നിസ്വാർത്ഥമായ ജീവിതമൂല്യങ്ങളുടെ കച്ചവടവൽക്കരിക്കാത്ത ശാസ്ത്രത്തിന്റെ, മാധ്യസംസ്കാരത്തിന്റെ മുല്യവ്യവസ്ഥയുടെ പ്രതിനിധികളും പ്രയോക്താക്കളുമായിരുന്നു ഇവർ. സി. ഡിറ്റിന്റെ സ്ഥാപക ഡയറക്ടറായ പി.ജിയുടെ ധൈഷണിക വ്യക്തിത്വത്തിലെ അഭിവാജ്യ ഘടകങ്ങൾ തന്നെയാണ് ഈ മൂല്യങ്ങൾ. സ്ഥാപനത്തിന്റെ ആരംഭത്തിൽ മുന്നിൽ വെച്ച് അദ്ദേഹത്തിന്റെ ഈ ആശയ ആദർശങ്ങൾ തന്നെയാണ് നമ്മുക്ക് ഇന്നും പ്രചോദനം.

**സി. ഡിറ്റിന്റെ സ്ഥാപക ഡയറക്ടറായ പി.ജിയുടെ ധൈഷണിക വ്യക്തിത്വത്തിലെ അഭിവാജ്യ ഘടകങ്ങൾ തന്നെയാണ് ഈ മൂല്യങ്ങൾ.**



# കച്ചവട സിനിമയുടെ

# സെല്ലിങ് പോയിന്റ്

**സിനിമയിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ കുടുക്കാനും ക്രൂരമായി ആക്ഷേപിക്കാനും ആക്രമിക്കാനും ക്വട്ടേഷൻ കൊടുക്കുക എന്ന ഹീനകൃത്യം സമൂഹ മനഃസാക്ഷിയെ ഞെട്ടിക്കുന്നതാണ്.**

സ്ത്രീസുരക്ഷാരംഗത്ത് ഇന്ത്യക്ക് മാതൃകയായി കേരളം പ്രതിയെ പിടിച്ചു എന്ന് മാത്രമല്ല സമയബന്ധിതമായി തുടർ നടപടിയും സ്വീകരിച്ചു. ജനപ്രിയ നടനും നിർമ്മാതാവും തിയേറ്റർ ഉടമയും സംഘാടകനും വ്യവസായിയുമായ പ്രശസ്തനിലേക്കാണ് തെളിവുകൾ നയിക്കുന്നതെന്ന് മനസ്സിലാക്കിയിട്ടും രണ്ടാമതൊന്ന് ആലോചിക്കാതെ നടപടിയെടുത്തത് ഇടതുപക്ഷ സർക്കാരിന് സ്ത്രീസുരക്ഷയിലുള്ള പ്രതിബന്ധത വ്യക്തമാക്കുന്നതാണ്. ഈ നിലപാടിന് ഒരു സ്ത്രീ എന്ന നിലയിലും സിനിമാ പ്രവർത്തക എന്ന നിലയിലും അഭിവാദ്യങ്ങൾ. പല കോണിൽ നിന്ന് ശക്തമായ സമ്മർദ്ദം ഉണ്ടായിട്ടും ക്രിമിനൽ ഗൂഢാലോചന തെളിയിക്കുന്നതിൽ നിന്ന് തെല്ലും പിന്നോട്ടുപോകാതെ കേസിന് തുമ്പുണ്ടാക്കി. ഇത് കോടതിയിൽ തെളിയിക്കാനായാൽ കേരള പോലീസിനും സർക്കാരിനും എക്കാലത്തും അഭിമാനിക്കാവുന്ന നേട്ടമാകും.

കച്ചവട സിനിമയുടെ സെല്ലിങ് പോയിന്റായാണ് സ്ത്രീ ശരീരത്തെ കണക്കാക്കുന്നത്. ഈ വിൽപ്പനചരക്കായി മാറിയ ശരീരത്തിന് ചിന്തയും ബുദ്ധിയും ആത്മാഭിമാനവും ഉള്ളതായി കണക്കാക്കുന്നില്ല. ആർക്കും വാങ്ങുകയും വിൽക്കുകയും ഉപയോഗിക്കുകയും ചെയ്യാവുന്ന ഒരു ഉപഭോഗവസ്തു. സിനിമയിൽ സ്ത്രീകൾക്ക് അവസരം നൽകുന്നത് ഒരു ഔദാര്യമായി കണക്കാക്കുന്നിടത്താണ് പ്രശ്നം തുടങ്ങുന്നത്. കഥാപാത്രത്തിന് അനുയോജ്യമായ ഒരു നടിയെ കാസ്റ്റ് ചെയ്യുക എന്നതിനേക്കാൾ തനിക്ക് വഴങ്ങുന്ന കീഴ്പ്പെട്ടു നിൽക്കുന്നവരാണ് സൗകര്യം എന്ന് കരുതുന്ന കീഴ്വഴക്കം നിലനിൽക്കുന്നുണ്ട്. ശരീരത്തിന്റെ സങ്കോചം മാറി നല്ല നടിയാകാൻ ഇതൊക്കെ വേണം എന്ന് സിനിമ തന്നെ കളിയാക്കി മാറ്റിയ പ്രതിഭകളും നമുക്കുണ്ട്. എന്നാൽ പുതുമുഖമായി രംഗപ്രവേശം ചെയ്യുന്ന ഒരു നടിക്ക് പരിശീലനം ഇല്ലെങ്കിൽ ഉണ്ടാകുന്ന ഭയാശങ്ക ചിലരെങ്കിലും ചൂഷണം ചെയ്യാനുള്ള വഴിയാക്കി മാറ്റാറുണ്ട്. അഭിനയം ഒരു കലയാണെന്ന തിരിച്ചറിവ് പോലുമില്ലാതെ പണവും പ്രശസ്തിയും നേടാനുള്ള വഴിയായി കാണുകയും ആകാരവടിവും മുഖസൗന്ദര്യവും മാത്രവുമാണ് അഭിനയിക്കുന്ന ആളുടെ യോഗ്യത എന്ന് തെറ്റിദ്ധരിക്കുകയും ചെയ്യുമ്പോഴാണ് ചൂക്ഷണങ്ങൾക്ക് വഴിയൊരുങ്ങുന്നത്. ഇതിൽ ആൺ-പെൺ വ്യത്യാസമില്ല. സൗന്ദര്യബോധം പലപ്പോഴും സിനിമ തന്നെ ബോധപൂർവ്വം നിർമിച്ചെടുത്തതാണ്.

നായകനിൽ പ്രണയം ഉണർത്തുന്ന നായികമാർ മുന്നോട്ടുവയ്ക്കുന്നത് അവരുടെ സൗന്ദര്യമാണ്. അങ്ങനെ നടി ഒരു സ്വപ്നനായികയായി മാറുന്നു. ഇങ്ങനെ അനേകം പേർ ആഗ്രഹിക്കുകയും കൊതിക്കുകയും ചെയ്യുന്ന സ്ത്രീയെ പഴയ തലമുറയിൽപ്പെട്ടവർ ആട്ടക്കാരികളെന്നും പുരുഷന്മാരെ വശീകരിക്കുന്നവരെന്നും കണക്കാക്കിയിരുന്നു. ആ ആലോചന ഇന്നും പലരിലും അവശേഷിക്കുന്നുണ്ട്. നടിയായാലും പുരുഷന്മാരുടെ മേഖലയിൽ ജോലി ചെയ്താൽ അവർ ചില വിട്ടുവീഴ്ചകൾ ഒക്കെ ചെയ്യേണ്ടതുണ്ടെന്ന് പലരും വിശ്വസി



പാർവതി ടി

ക്കുന്നു. അനേകം പേർ കാമിക്കാൻ പോകുന്ന പെണ്ണിന്റെ ശരീരത്തിൽ ആദ്യം തൊട്ടത് ഞാനാണെന്ന വീമ്പുപറച്ചിൽപ്പെട്ട സംവിധായകരും നടീനടന്മാരുമെല്ലാം സ്ത്രീസൗഹൃദം അന്തരീക്ഷം നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അവരുടെ താൽപ്പര്യം സിനിമ ചെയ്യുക എന്ത് മാത്രമാണ്.

നടിയുടെ അമ്മ, ഹെയർ ഡ്രസർ, ജൂനിയർ ആർട്ടിസിറ്റ് തുടങ്ങി ആരെയെല്ലാം കൂടെ കിടക്കാൻ കിട്ടും എന്ന് അന്വേഷിക്കാത്തവർ കഥാപാത്രത്തിന് അനുയോജ്യരായവരെയാണ് സിനിമയിൽ കഥാപാത്രമാകാൻ തെരഞ്ഞെടുക്കുക. അല്ലാതെ എന്തിനും തയ്യാറാണ് എന്ന് റെക്കമൻഡ് ചെയ്യപ്പെടുന്നവരെയല്ല.

കുറച്ചുകാലം മുമ്പത്തെ സ്ഥിതി വളരെ കഷ്ടമായിരുന്നു എന്നു കഥ കേട്ടിട്ടുണ്ട്. ആത്മാഭിമാനത്തോടെ ജോലിചെയ്യാൻ അക്കാലത്ത് സ്ത്രീകൾ നന്നെ പ്രയാസപ്പെട്ടിരുന്നു. ശല്യം ചെയ്താൽ തെറി പറഞ്ഞും ചീത്ത പറഞ്ഞുമൊക്കെയാണ് അവർ പ്രതിരോധിച്ചിരുന്നത്. കഴിവുണ്ടെങ്കിൽ ശരീരം കൊടുത്തില്ലെങ്കിലും നിലനിന്നുപോകാൻ ബുദ്ധിമുട്ടില്ലായിരുന്നു എന്നാണ് സൂചിപ്പിക്കുന്നത്. 'കിട്ടോ?' തരുവോ? കൊടുക്കുമോ? ഇതൊക്കെ സിനിമയിൽ പൊതുവേ പറഞ്ഞുകേൾക്കുന്ന പദങ്ങളാണ്. യശഃശരീരയായ ഒരു നടി തന്റെ സിനിമാ അനുഭവം പങ്കുവയ്ക്കുന്നതിനിടയിൽ ഒരു സിനിമാസെറ്റിൽ ഉപദ്രവിക്കപ്പെട്ട സ്ത്രീയുടെ അനുഭവം ഓർത്തെടുത്തു. മൂന്നുനാലുപേർ ചേർന്ന് ഒരു സ്ത്രീയെ മൃഗീയമായി ഉപദ്രവിച്ചതും അവരുടെ മുല മുറിഞ്ഞുതുടങ്ങിയതും അലമുറയിട്ട് കരയുന്ന അവരെയും കൊണ്ട് രാത്രി ആശുപത്രി അന്വേഷിച്ചുപോയതും തുണിക്കെട്ടാൻ .........

തെലുങ്ക്, തമിഴ്, കന്നട മേഖലകളിൽ സിനിമാരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് മോശമായ അനുഭവങ്ങൾ ഉണ്ടാകാറുണ്ടെന്ന് പറയുന്നു. ഭാഗ്യവശാൽ മലയാള സിനിമാരംഗം അത്രയ്ക്കും അധഃപതിച്ചിട്ടില്ല. സ്ത്രീയുടെ താൽപ്പര്യം ഒരു പ്രധാന ഘടകമാണ്. നിർബന്ധിച്ച് പെൺകുട്ടികളെ ഇരയാക്കുന്ന സംഭവങ്ങളുണ്ടെങ്കിൽ അവർ തന്നെ അത് തുറന്നു പറയണം. തനിക്ക് നേരിട്ട ദുരനുഭവം ധൈര്യപൂർവ്വം തുറന്നുപറഞ്ഞ ഒരു സ്ത്രീയോടൊപ്പം പൊതുസമൂഹം നിന്നത് വലിയ പ്രതീക്ഷയാണ്.¨ഇരയ്ക്ക് നീതി ലഭിക്കുന്നതുവരെ വിശ്രമില്ല എന്ന് തീരുമാനിച്ച മാധ്യമങ്ങളും പൊലീസും സർക്കാരും ശരിപക്ഷ നിലപാടിലൂടെ മാതൃക കാട്ടി.

സിനിമാരംഗത്തിന്റെ തിളക്കവും മോടിയും കണ്ട് ആകർഷിക്കപ്പെടുന്നവർ പലപ്പോഴും ഈ മാധ്യമത്തെ മനസ്സിലാക്കാതെയാണ് ഇതിലേക്കു വരുന്നത്. ഒരു സിനിമ ഉണ്ടായിവരുന്നതിന് പിന്നിലുള്ള കഠിനാധ്വാനം പലരും മനസ്സിലാക്കാറില്ല ഒരു സിനിമ നിർമിച്ചാൽ കൂടെ കിടക്കാൻ നടിമാരെ കിട്ടും എന്നുവിചാരിച്ച് വരുന്നവർക്ക് മദ്യവും പെൺകുട്ടികളെയും തരപ്പെടുത്തി ഹോട്ടൽ മുറിയിൽ എത്തിച്ചുകൊടുക്കുന്ന സമ്പ്രദായം ചിലർ നടത്തിപ്പോരുന്നു. എന്നാൽ, ഇവരെല്ലാം തന്നെ കൈപൊള്ളി സിനിമയെ ഉപേക്ഷിച്ച് പോകുകയാണ്. ശുദ്ധഗതിക്കാരായ ചിലർ സർവ്വവും നഷ്ടപ്പെട്ട് വാടക വീടുകളിലേക്ക് മാറി താമസിക്കേണ്ടി വരുന്നതും വിരളമല്ല. ഇവരൊന്നും സിനിമ ചെയ്യാൻ വരുന്നതല്ല എന്നതാണ് പ്രധാനം.

ഇന്ന് സംവിധായകർതന്നെ നിർമാതാക്കളായി മാറുന്ന സാഹചര്യമുണ്ട്. സിനിമ മനസ്സിലാകാത്ത നിർമാതാക്കളുടെ സമ്മർദ്ദങ്ങൾക്കു മുമ്പിൽ തലകുനിക്കാനാകാത്തതുകൊണ്ട് തന്നെ പല സംവിധായകരും സ്വന്തം നിർമാണക്കമ്പനി തുടങ്ങി. ഇത് സിനിമാ മേഖലയെ ശുദ്ധീകരിക്കുന്നതിന് കാരണമാകുന്നുണ്ട്. സിനിമാരംഗത്തുനിന്ന് വനിതാ കൂട്ടായ്മ ഉണ്ടായി വരിക എന്നതുതന്നെ പുതിയ ലോകത്തിലേക്കുള്ള ഒരു കാൽവയ്പാണ്. ഇത് പ്രതീക്ഷ നൽകുന്നുണ്ട്.

ഈ സമയത്തു സിനിമയിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ കുടുക്കാനും ക്രൂരമായി ആക്ഷേപിക്കാനും ആക്രമിക്കാനും ക്വാട്ടേഷൻ കൊടുക്കുക എന്ന ഹീനകൃത്യം സമൂഹമനഃസാക്ഷിയെ ഞെട്ടിക്കുന്നതാണ്. തൊഴിലിടങ്ങളിലെ സുരക്ഷ ഏതൊരു വ്യക്തിയുടെയും അവകാശമാണ് ലൈംഗികമായും സാമ്പത്തികമായും ചൂഷണം സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കും. എന്നാൽ, ഇങ്ങനെയുള്ള ചൂഷണം ഉണ്ടാകുമ്പോൾ ഇരയ്ക്ക് പൂർണ്ണ പിൻതുണ നൽകിയും കുറ്റവാളി ആരായാലും മുഖം നോക്കാതെ നടപടിയെടുത്തും മാത്രമെ ഈ പ്രവണതയെ ചെറുക്കാനാകു. ആ പ്രതിരോധത്തിന്റെ ഉത്തമ മാതൃകയാണ് നടി ആക്രമിക്കപ്പെട്ട കേസിലെ നടപടി

*കടപ്പാട് ദേശാഭിമാനി*





# Mindfulness based Performance :

## Powerful solution in a confused and attention-deficit World

Mindfulness brings together the principles of mediation and the capacity to live in the here and now.



Senthil Kumar Madhavan

The word ' Mindfulness' has been making waves all over the world in recent years. Many successful stress- reduction techniques and programmes based on this ancient concept has proven its worth especially in high-stress work environments in Europe and USA. It is a comic irony that many useful and powerful ideas with it 's origins in India or the Eastern world, needs to first make waves in the European world to be re-discovered in India. Perhaps, the fault lies in an Indian tendency to mystify and complicate powerful ideas by connecting them with superstitions and complex traditions. Mindfulness, however, has proven its value in promoting concentration, creativity, reducing anxiety and stress, improve resilience etc. Mindfulness based stress reduction or soft skill development has been used in Organizations ranging from British Public Sector units, Google, to Harward University and schools. It is popular because it is effective. When I sat down to write about soft skills development, Mindfulness based Performance methods came to my mind as they can be used by people of any age, any job, any education level, to achieve better results and satisfaction in work life as well as general living. The development or upgrading of soft skills attitude skills/behavioural skills) requires one to empty his glass/mind, because if your mind glass is already full nothing new can be poured in.

Mindfulness brings together the principles of meditation and the capacity to live in the here and now. The key reason which makes us stressed in life is our inability to enjoy the present moment while we work over- time worrying about our past problems and future anxieties. If our focus can be well established on our present, the Now, then our awareness of each situation and the options/choices available to us becomes clearer. In a way, Mindfulness practices help us re-discover the happiness possible in the simple moments as well as each moment of our life. People who want to enjoy their life often say "make each moment count" but many actually don't know how to make it really happen.



Most of us don't choose our actions and simply react to circumstances.

The ABC of Mindfulness is a useful way to remember some of the key elements of mindfulness

A. Awareness, acceptance,
B. Being
C. Compassion, curiosity

If we are aware of ourselves and how we are functioning then we have a choice about what we do next. Most of us don't choose our actions and simply react to circumstances. Having an awareness of your body and how it is feeling is important. Your body reflects your mind, your mind reflects your body. Most of us pay attention to our body and mind behaviour only when things go wrong or when we feel pain. Mindful awareness enables us to be more in tune with our body's signals and take action early to maximize productivity and maintain wellbeing. If we are aware, then we can continue to operate at higher levels of efficiency throughout the day. In other words, through mindful awareness we can sense our concentration levels weakening, frustration mounting and other irritations peaking, and take corrective action to enforce self- discipline, look at positive aspects and thereby build up the stamina to maintain focus on work.

How focused are you at work? How aware are you of your negative thinking patterns? How aware are you when you are thinking in a reactive manner? Most of us rarely notice our thinking. But, when we start observing our thoughts, our ability to support positive thought patterns increases just as our skill to neglect the negative patterns improve. So, instead of being reactive, our ability to choose our behaviour or response becomes a powerful part of our personality.

It may not be possible for a person to control what happens in the world, but it is definitely possible to have reasonable control over one's being, by being present in the moment, observing thoughts and encouraging thoughts which bring better results and happiness. Showing compassion or kindness to one's own self (eg: smiling at our own mistakes, we are only human) and to others helps us heal and become settled mentally. Practising this mix of compassion and desire for productive performances help us to maintain being at our best, irrespective of negative circumstances. The following techniques help in everyday mindfulness.

# Mindfulness in 60 seconds

## 1.Feel and focus

If you are faced with a stressful situation this is a useful technique. Take a deliberate, slow breath. Focus on your feet. Notice how it feels on the floor. Are they tired or comfortable? Feel your toes. Pay attention to any sensation you can observe. Then scan your body upwards, observing ankles, calves, thighs, upper body, arms, neck, back side and head. Notice how your body feels, tired or energised? Notice your breathing. Is it fast or slow? Now walk a few steps and notice how it feels.



Observe how your heel hits the floor first. Feel how your arms move as you walk. Finally, take three deliberate, slow breaths. Make your out breath slightly longer than your in breath, focus and continue with your day.

## 2.Mindful Coffee



Make or drink your coffee mindfully. Just how much can you notice? How often do your thoughts wander? When they do, just gently bring them back to the task in a non-judgemental manner. The key here is to enjoy the simple and pleasant things you do to enhance focus.

## 3.Quick Naming Scan


Use just sixty seconds to observe what you are doing /feeling/how you are behaving and softly name the actions, feelings and behaviours.

The world we live in is becoming increasingly complex and competitive. Sometimes, focussing your attention on the simple as well as complex tasks in our life is difficult and we shift to automatic pilot mode,what we feel within is equally important as what we are trying to achieve. When we remain in

**Embrace mindfulness and practice patiently to bring out and utilize the best within each one of us.**



touch with our innermost self and enjoy the connected nature of our social life, our capacity to Utilize our talents to the optimum level is at its best. In the 21st century, interestingly, people appear to be more intelligent but their attention span has decreased. There are sound scientific reasons as to why we should notice more about ourselves. When we are kind to ourselves, accept ourselves as we are, we reduce levels of cortisone (a stress response hormone and increase levels of oxytocin(a positive neurochemical promoting anti-anxiety effect, empathy etc) thereby increasing our overall happiness, boost resilience, and increase our ability to deal with work pressures. Embrace mindfulness and practice patiently to bring out and utilize the best within each one of us.


With best
Compliments from...
CRAYONS
Digital Displays
LED video wall display
P3 | P3.9 Curved | P4 | P6
Perfect Picture Quality As Sharp as it Colourful
Sahyadri , KLRA-34, TC.No : 29/2716, Kukkiliya Lane , DPI Junction
Thycadu. P.O, Thiruvananthapuram - 695014
mailstocrayons@gmail.com
91 98464 06666, 98957 22220


Ph: 9447056678
0471-2724030
B SIX OUTDOOR CATERERS
Near Highness Bar, Vellayambalam,
Sasthamangalam Road, Thiruvananthapuram.
Email : bsixoutdoorcaterers@gmail.com
website:- www.bsixoutdoorcaterers.com



# വെള്ളിത്തിരയ്ക്കു പിന്നിലെ ഇരുണ്ട വർത്തമാനങ്ങൾ



വിധു വിൻസെന്റ്

വെള്ളിത്തിരക്ക് പിന്നിലുള്ള 'ഇരുണ്ട വര്ത്തമാന'ങ്ങളെപ്പറ്റിയാണ് ഇപ്പോൾ നമ്മുടെ മാധ്യമങ്ങൾ സംസാരിക്കുന്നത്. എത്രമാത്രം ജീർണതയിൽ കൂടിയാണ് മലയാള സിനിമാ അന്തരീക്ഷം കടന്നുപോകുന്നത് എന്ന് ഈ വർത്തമാനങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. ഇത് സിനിമക്കുള്ളിലെ വര്ത്തമാനം മാത്രമല്ല, സാമൂഹ്യ ശരീരത്തിനകത്തു നടക്കുന്ന വര്ത്തമാനം തന്നെയാണ്. സിനിമ ഒരു സാമൂഹിക, സാംസ്കാരിക ഉല്പന്നമാണ്. നാമെല്ലാം ജീവിക്കുന്ന സാംസ്കാരിക പ്രത്യയശാസ്ത്ര പരിസരത്തിലാണ് ഈ ഉല്പ്പന്നം ഉണ്ടാവുന്നത്. അതിനാല് സ്വാഭാവികമായും നമ്മുടെ സാംസ്കാരിക അന്തരീക്ഷത്തില്, അല്ലെങ്കിൽ സാമൂഹിക പരിസരത്ത് എന്തൊക്കെ ജീർണതകളുണ്ടോ അതൊക്കെതന്നെ സാംസ്കാരിക ഉല്പന്നമായ സിനിമയിലും പ്രതിഫലിക്കും. അത് അതിന്റെ ഉള്ളടക്കത്തിൽ, രൂപത്തിൽ, പിന്നണി വർത്തമാനങ്ങളിൽ എല്ലാം അടങ്ങിയിരിക്കും. അതുകൊണ്ട് തന്നെ ജീർണത പെട്ടെന്നുണ്ടായി വന്നതല്ല..

ഒരു നടി ആക്രമിക്കപ്പെട്ടു, അതുമായി ബന്ധപ്പെട്ട് പ്രശസ്തനായ നടൻ അറസ്റ്റിലായി എന്നൊക്കെ കേൾക്കുമ്പോൾ മാത്രമാണ് നമ്മൾ ഞെട്ടലോടെ 'അയ്യോ ഇതൊക്കെയാണോ സംഭവിക്കുന്നത്' 'ഇതൊക്കെയാണോ അണിയറയിൽ നടന്നിരുന്നത്' എന്നു പറയുന്നത്, കേൾക്കുന്നത്. എത്രയോ നാളുകളായി ഈ വേവൽ നടക്കുന്നുണ്ട് എന്നതാണ് സത്യം. സമൂഹത്തിൻെറ ജാഗ്രതയില്ലായ്മകൊണ്ടാണ് നമ്മൾ ഇതു തിരിച്ചറിയാതെ പോയത്. കേരളത്തിൽ നടന്ന പോലുള്ള സംഭവങ്ങൾ ബോളിവുഡുമായി ബന്ധപ്പെട്ട് മുമ്പേ കേട്ടിട്ടുണ്ട്. ബോളിവുഡിനെ നിയന്ത്രിക്കുന്ന അധോലോകബന്ധങ്ങളെ പറ്റിയും അവിടുത്തെ സംഘർഷങ്ങൾ, അക്രമങ്ങൾ, മാഫിയ വിളയാട്ടങ്ങൾ എന്നിവയെപ്പറ്റിയുമൊക്കെ നിരന്തരം കേട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു,. മലയാള സിനിമയിൽ അത്തരമൊരു സാഹചര്യം ഇതുവരെ കേട്ടിരുന്നില്ല. മലയാള സിനിമയുടെ ചരിത്രം പരിശോധിക്കുമ്പോൾ മനസിലാകുന്നത് പലപ്പോഴും അവിടെ കലാകാരന്മാരുടെ കൂട്ടായ്മ നിലനിന്നിരുന്നുവെന്നാണ്. പല മേഖലകളിൽ പ്രവർത്തിച്ചിരുന്ന ആളുകൾ സിനിമയെന്ന കലാസാങ്കേതിക ഉൽപന്നം ഉണ്ടാക്കാൻ ഒരുമിച്ചുകൂടുന്നു. അങ്ങനെ പല കൂട്ടായ്മകളിൽ ഉണ്ടായ സിനിമകളാണ് മലയാള സിനിമയെ ആദ്യഘട്ടത്തിൽ മുമ്പേ നടത്തിച്ചത്.ഇത്തരം കൂട്ട്കെട്ടുകളിലൂടെയാണ് എക്കാലത്തെയും ഒരു പിടി നല്ല സിനിമകൾ മലയാളത്തിലുണ്ടായത്.കലയും രാഷ്ട്രീയവും രണ്ടല്ല എന്ന് വിശ്വസിച്ച ഒരു പിടി പ്രതിഭകളാണ് ആ കാലത്തെ സർഗാത്മകമാക്കിയത്. പ്രേംനസീറിനെക്കുറിച്ച് കേട്ടിട്ടുള്ളത് അദ്ദേഹം അഭിനയിച്ച ഒരു സിനിമ പൊളിഞ്ഞാൽ, അതേ നിർമാതാവിനും സംവിധായകനും തന്നെ വീണ്ടും ഡേറ്റ് നൽകുമെന്നാണ്. അതു വെളിവാക്കുന്നത് സിനിമ വിജയിക്കാൻ വേണ്ടി നടൻമാർക്കും നടിമാർക്കും മറ്റു കലാകാരന്മാർക്കുമുള്ള കൂട്ടുത്തരവാദിത്വമാണ്. ഒരു കൂട്ടുപങ്കാളിത്തത്തെക്കുറിച്ചാണ് ആ കാലം നമ്മോട് പറയുന്നത്. അവിടെനിന്ന് സമകാലീന അവസ്ഥയിലത്തുമ്പോൾ നമുക്ക് അത്ഭുതവും അവിശ്വസനീയവുമായി തോന്നുന്ന കാര്യങ്ങളാണ് പുറത്തുവരുന്നത്.

ആലപ്പി അഷ്റഫിനെ പ്പോലുള്ള നിർമാതാക്കളാകട്ടെ, രാജസേനനെയും തുളസീദാസിനെയും പ്പോലുള്ള സംവിധായകരാകട്ടെ, ദിനീഷ് പണിക്കരെ പോലുള്ള വിതരണക്കാരാകട്ടെ പറയുന്ന കാര്യങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. ഇതെല്ലാം സിനിമയുമായി ബന്ധപ്പെട്ട മേഖലകളിൽ കുറച്ചുനാളുകളായി പറഞ്ഞുകേൾക്കുന്ന കഥകളാണ്. എന്നാൽ പൊതുസമൂഹം ഇപ്പോഴാണ് കേൾക്കുന്നത്; തിരിച്ചറിയുന്നത്. നടീ നടന്മാരെ ഒതുക്കുന്ന കഥ മുതൽ അവരെ സ്വന്തം വരുതിക്ക് നിർത്താൻ സ്വീകരിക്കുന്ന കുതന്ത്രങ്ങളെപ്പറ്റിയും സ്വന്തം താരമൂല്യം വികസിപ്പിക്കാനും



സ്വന്തം സാമ്രാജ്യം വലുതാക്കാനും സ്വീകരിക്കുന്ന അടവുകളെപ്പറ്റിയും വരെയുള്ള കഥകൾ.. ഈ അവസ്ഥ ഇപ്പോൾ അറസ്റ്റിലായ നടൻെറ വരവോട് കൂടിയാണ് തീവ്രമായതെന്നാണ് വാദമെങ്കിലും ഇതിനു മുന്പും സമാനമായമായ കഥകൾ എന്തിന് ,കൊലപാതകം വരെയുള്ള സംഭവങ്ങൾ മലയാള സിനിമയുടെ പിന്നണി വർത്തമാനങ്ങളിൽ ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ മാധ്യമങ്ങളിൽ ചിലർ നടത്തിയ വെളിപ്പെടുത്തലുകൾ നേരത്തെ സിനിമക്കകത്തെ ഗോസിപ്പുകളായാണ് നിലനിന്നിരുന്നത്. ആ അവസ്ഥ മാറി ആ കഥകൾക്കെല്ലാം ശരീരംവച്ചുകൊണ്ട് നമ്മുടെ മുമ്പിൽ ഉറഞ്ഞാടുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്.

വളരെയധികം മൂലധന ആവശ്യമുള്ള ഒരു മേഖലയാണ് സിനിമ. ഒരു വ്യവസായം എന്ന് വിളിക്കുമ്പോൾ പോലും വ്യവസായത്തിൻെറ ഒരു നിർവചനത്തിലും പെടാത്ത ഒരു മേഖലയാണിത്. വ്യവസായവുമായി ബന്ധപ്പെട്ട ഒരു തരം നിയമങ്ങളും ബാധകമല്ലാത്ത ഒരു മേഖല. തൊഴിലിടം എന്ന നിലയിൽ ഒരിക്കലും നിർവചിക്കപ്പെടാത്ത മേഖല. സ്ത്രീകളെ സംബന്ധിച്ച് ഒരു സുരക്ഷിതത്വവുമില്ലാത്ത, പലപ്പോഴും അവരുടെ അന്തസ്സ് തന്നെ ചോദ്യം ചെയ്യപ്പെടുന്ന, അവളെ ഒരു കാഴ്ചവസ്തുവായി മാത്രം പരിഗണിക്കുന്ന ഒരിടം. ശരീരമായി മാത്രം സ്ത്രീകളെ കാണുന്ന ലോകം. അങ്ങേയറ്റം ആണധികാരം നിലനിൽക്കുന്ന സ്ഥലം. തുല്യജോലിക്ക് സ്ത്രീക്കും പുരുഷനും തുല്യവേതനം എന്ന നീതി നിലനിൽക്കാത്ത മേഖല.. ഈ അവസ്ഥയിൽ നിന്നാണ് നടി ആക്രമിക്കപ്പെട്ടതിനെയും തുടർന്നുണ്ടായ നടന്റെ അറസ്റ്റിനെയും അന്വേഷണത്തിലൂടെ വെളിപ്പെടുന്ന ഇരുണ്ട യാഥാർഥ്യങ്ങളെയും കാണേണ്ടത്. അങ്ങനെ നോക്കുമ്പോൾ ഇതൊന്നും പുതിയതല്ല, കഴിഞ്ഞ കാലത്തിൻെറ തുടർച്ചയാണ് എന്ന് നമുക്ക് മനസിലാകുന്നു. പൾസർ സുനിയെപ്പോലൊരാൾക്ക് പേടിയില്ലാതെ, അഹങ്കാരത്തോടെ സെറ്റുകളിൽ നിന്ന് സെറ്റുകളിലേക്ക് പോകാൻ കഴിയുന്നു, ഏത് നിർമാതാവിൻെറയും അടുപ്പക്കാരനാകാൻ കഴിയുന്നു, ഏത് നടനെറയും സുഹൃത്തകാകാനും കഴിയുന്നു. മുകേഷിൻെറ പോലും ഡ്രൈവറായിരുന്നു അയാൾ. അത്തരമൊരാളുടെ ക്രിമിനൽ പശ്ചാത്തലം അറിയില്ലെന്നു പറയുന്നത് എന്തൊരു അസംബന്ധമാണ്. ഇത്തരത്തിലുള്ള ആളുകൾക്ക് യഥേഷ്ടം വിഹരിക്കാൻ കഴിയുന്ന ഒരിടം കൂടി ഈ വ്യവസായത്തിലുണ്ട്. അല്ലെങ്കിൽ അതിനുള്ള ഇടങ്ങളായിരുന്നു സുലഭം എന്നു പറയാം.

> ഇത്തരം അക്കാദമിക പഠനങ്ങളൊന്നും തന്നെ പുതിയ സാമൂഹിക പുനർ നിർമിതിക്ക് വേണ്ടി ഉപയോഗപ്പെടുന്നില്ല.മലയാള സിനിമാ ലോകത്ത് എവിടെയാണ് ,എങ്ങനെയാണ് സ്ത്രീകൾ നിൽക്കുന്നത്?

അടുത്തിടെ അമൽ നീരദിൻെറ സിനിമ സി.ഐ.എ മൾട്ടിപ്ളസ് തീയേറ്റിൽ പ്രദർശിപ്പിക്കുന്നത് എക്സിബിറ്റേഴ്സ് അസോസിയേഷൻ തടഞ്ഞു. അമൽ തന്റെ സിനിമ ബി ക്ളാസിൽ പ്രദർശിപ്പിക്കാൻ ശ്രമിച്ചപ്പോൾ അവിടെയും അവർക്ക് തടസമുണ്ടായി. അവരുടെ സിനിമകൾക്ക് വിലക്കേർപ്പെടുത്തുകയും ചെയ്തു. ഈ അപ്രഖ്യപിത വിലക്കുകളുടെ കഥ വിനയൻ, തിലകൻ തുടങ്ങിയവർ നേരത്തെ പറയുന്നുണ്ട്. ഇതുപോലെ വിലക്ക് നേരിട്ട സുകുമാരൻെറ കഥ അറിയാം. ആരാണ് ഈ അപ്രഖ്യാപിത വിലക്കുകൾ ഉണ്ടാക്കുന്നത്? എന്തുതരത്തിലുള്ള തിട്ടൂരങ്ങളാണ് ഇവർ പുറപ്പെടുവിക്കുന്നത്? ഇതിൽ ഏതെങ്കിലും തരത്തിലുള്ള ജനാധിപത്യം നിലനിൽക്കുന്നുണ്ടോ? ഇവരെയൊക്കെ കയറൂരി വിടുന്നത് ആരാണ്? ഇങ്ങനെ ഒരുപാട് ചോദ്യങ്ങൾ സിനിമാ മേഖലയിലുള്ളവരും പ്രേക്ഷകരും ഉന്നയിച്ചുതുടങ്ങിയിട്ട് കുറേ നാളുകളായി. അതൊന്നും വേണ്ട വിധത്തിൽ കേൾക്കപ്പെട്ടില്ല, എത്തേണ്ടയിടത്ത് എത്തിയില്ല എന്നതാണ് സത്യം. ഇത്തരം നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്ന ഇടത്തേക്കാണ്, അഥവാ ഈ പ്രശ്നങ്ങളടക്കം സവിശേഷമായ മറ്റു വിഷയങ്ങൾ കൂടി ഉയർത്തിയാണ് വിമൺ കലക്ടീവ് ചലച്ചിത്ര മേഖലയിലെ സ്ത്രീകളുടെ കൂട്ടായ്മയായി കടന്നുവരുന്നത്.

സ്ത്രീകളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം അരക്ഷിതാവസ്ഥയുള്ള മേഖലയാണിത്. ഇവിടെ എങ്ങനെ




അന്തസ്സോടെ, സുരക്ഷിതത്വത്തോടെ മാന്യമായി തൊഴിലെടുക്കാം എന്ന ചോദ്യം അലട്ടിക്കൊണ്ടിരുന്ന സ്ത്രീകളാണ് ഒരുമിച്ച് കൂടാൻ തീരുമാനിച്ചത്. പ്രത്യേകിച്ചും സഹപ്രവർത്തക ആക്രമിക്കപ്പെട്ട സംഭവത്തിൻെറ പശ്ചാത്തലത്തിൽ. അങ്ങനെ ഒരുമിച്ചിരുന്നു ചർച്ച ചെയ്യുമ്പോഴാണ് പ്രശ്നങ്ങളുടെ ഒരു വൈപുല്യം, ആഴം ഒക്കെ ബോധ്യപ്പെടുന്നത്. വളരെയേറെ ക്കാലം കൊണ്ടുമാത്രം പരിഹാരം കണ്ടെത്തൊനാവുന്ന, തിരുത്തേണ്ട പ്രശ്നങ്ങളാണ് മുമ്പിലുള്ളത്. പ്രശ്നങ്ങളുടെ ഒരു കടലാണ് മുന്നിലുള്ളത്. മലയാള സിനിമയിലെ സ്ത്രീകളുടെ ഇടമെന്താണ്, സ്ത്രീകൾക്ക് എന്തു സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന ഒരന്വേഷണവും ഇതുവരെ ഉണ്ടായിട്ടില്ല. മലയാള സിനിമയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി ചില അക്കാദമിക പഠനങ്ങൾ വന്നിട്ടുണ്ട്. പല സർവകലാശാലകളിലും ഇത്തരം പഠനം നടന്നിട്ടുണ്ട്. ഇത്തരം അക്കാദമിക പഠനങ്ങളൊന്നും തന്നെ പുതിയ സാമൂഹിക പുനർ നിർമിതിക്ക് വേണ്ടി ഉപയോഗപ്പെടുന്നില്ല.മലയാള സിനിമാ ലോകത്ത് എവിടെയാണ് ,എങ്ങനെയാണ് സ്ത്രീകൾ നിൽക്കുന്നത്? പ്രതിരോധത്തിന്റെ ഏതു വിധ ശബ്ദങ്ങളെയും നിയന്ത്രിക്കാൻ അപ്പുറത്ത് ചില സംവിധാനങ്ങൾ ഉള്ളപ്പോൾ ചെറുത്തുനിൽപ്പുകളുടെ സ്വഭാവമെന്താകണം? .. എവിടെ നിന്ന് തുടങ്ങണം, ആരുണ്ട് കൂടെ എന്നിങ്ങനെ ഉഴുതുമറിച്ചാൽ തീരാത്ത അത്രയും വിഷയങ്ങൾ മുന്നിലുണ്ട്. . ഒരുമിച്ച് നിൽക്കാൻ തുടങ്ങിയപ്പോൾ തന്നെ പുറത്ത് നിന്നുള്ള എതിർപ്പുകൾ ധാരാളം .... ഇങ്ങനെ ഒരുപാട് സന്ദേഹങ്ങൾക്കു ഇടയിലാണ് ഒരുമിച്ച് നിൽക്കുകയാണ് പ്രധാനമെന്നും ആ ചേർന്ന് നിൽപ്പ് ഉണ്ടാക്കുന്ന കരുത്തിന്റെ സന്ദേശവും രാഷ്ട്രീയവുമാണ് ചലച്ചിത്ര മേഖലക്കും പൊതു സമൂഹത്തിനും വിമൺ ഇൻ സിനിമാ കലക്ടീവിനു നൽകാനുള്ളതെന്നും ഇതിലെ അംഗങ്ങൾ തിരിച്ചറിയുന്നുണ്ട്.. ഒട്ടും സ്ത്രീ സൗഹാർദമല്ലാത്ത അന്തരീക്ഷത്തിൽനിന്ന് തുടങ്ങുക എളുപ്പമായ കാര്യമല്ല. പ്രത്യേകിച്ചും മൂലധനാധിഷ്ഠിതമായൊരു വ്യവസായത്തിൽ.. ആർക്കാണ് വിപണിമൂല്യം എന്നത് മാർക്കറ്റ് തീരുമാനിക്കും. വിപണിക്ക് നടികളെ ഒരു ഒബ്ജക്റ്റ് അഥവാ ശരീരം ആയേ വേണ്ടു . അതേസമയം അഭിനയ ചാരുതയെ അടിസ്ഥാനപ്പെടുത്തി നടന്റെ മൂല്യം വിപണി നിശ്ചയിക്കും , അഥവാ ആണിനാണ് മാർക്കറ്റുള്ളത് എന്ന നിലയിലാണ് ഇപ്പോൾ ഈ വിപണി പ്രവർത്തിക്കുന്നത്.ഭൂരിപക്ഷവും ആണുങ്ങൾ തന്നെയാണ് മൂലധനം കൈയാളുന്നത് എന്നിരിക്കെ ആണധികാരത്തെ സജീവമാക്കി നിലനിർത്തുന്നതിനു ഈ മൂലധനത്തിനും വലിയ പങ്കുണ്ട്. അങ്ങനെ നോക്കുമ്പോൾ ഏറ്റവും താഴെ നിന്ന് തുടങ്ങി മൂലധനം കൈയാളുന്നിടം വരെ എത്തേണ്ടുന്ന, വിപണിയെ തന്നെ മാറ്റി പ്രതിഷ്ഠിക്കുകയോ തിരിച്ചിടുകയോ ചെയ്യേണ്ട ,സിനിമയുടെ നിർമ്മാണ വിതരണ ഘടനകളെ അടിമുടി പൊളിക്കേണ്ട ഒരു വലിയ ഉത്തരവാദിത്വവും ഈ കൂട്ടായ്മക്ക് മുന്നിലുണ്ട്. . വിപണി ആരുടെ കൈയിലാണോ അതിനെ പൊളിച്ച് സ്ത്രീകൾക്ക് കൂടി ഇടപെടാനും നിയന്ത്രിക്കാനും പറ്റുന്ന ഒരിടമായി അത് മാറണം .. ഇത് പറയാൻ ലളിതമാണെങ്കിലും അവിടേക്കുള്ള യാത്ര ദുർഘടവും ഒരുപക്ഷേ എത്തിപ്പെടുമെന്ന് ഉറപ്പുപോലുമോ ഇല്ലാത്തതാണ്.

ഒട്ടും സ്ത്രീസൗഹാർദമില്ലാത്ത ഒരിടത്തേക്കാണ് കുറച്ച് സ്ത്രീകൾ ഉറക്കെ കാര്യങ്ങൾ പറഞ്ഞുകൊണ്ട് കടന്നുവരുന്നത്. അവസരം ചോദിച്ചെത്തുന്നവരോട് ,പ്രത്യേകിച്ചും സ്ത്രീകളോട് അപമര്യദയായി, അപകീർത്തിപ്പെടുത്തുന്ന രീതിയിലുള്ള പെരുമാറ്റങ്ങൾ ഉണ്ടാകാറുള്ളത് നമ്മൾ കേട്ടിട്ടുണ്ട്. പാർവതിയെപ്പോലുള്ള സ്ത്രീകൾ അത് ഉറക്കെ പറയാൻ തയ്യാറായിരിക്കുന്നു. മുമ്പുള്ള സ്ത്രീകൾ ഇങ്ങനെ പറയാൻ ധൈര്യപ്പെടുകയോ , ധൈര്യപ്പെടാൻ ശ്രമിക്കുകയോ ഉണ്ടായിട്ടില്ല. ശ്രമിച്ചവർക്ക് ഈ മേഖലയിൽ തുടർന്ന് നിൽക്കാനും കഴിഞ്ഞിട്ടില്ല. ഇപ്പോഴുണ്ടായ പോലെ നടി ആക്രമിക്കപ്പെട്ട സംഭവങ്ങൾ മുൻപും ഉണ്ടായിട്ടുണ്ട്. അപ്പോഴൊന്നും ഉറക്കെ പറയാനോ പരാതിപ്പെടാനോ സ്ത്രീകൾ തയ്യാറായിരുന്നില്ല, അതിനുള്ള സാഹചര്യങ്ങളും ഉണ്ടായിരുന്നില്ല. പരാതിപ്പെട്ടാൽ തങ്ങളുടെ അവസരം ഇല്ലാതാകും, രംഗത്ത് നിന്ന് തന്നെ അപ്രത്യക്ഷമാകും എന്ന ആശങ്ക സ്ത്രീകൾക്ക് പ്രത്യേകിച്ചുണ്ട്. ഇത് സ്ത്രീകൾക്ക് മാത്രമല്ല, കുറഞ്ഞേ കൂടിയോ അളവിൽ ഒരു വിഭാഗം പുരുഷൻമാരിലുമുണ്ട്.ഇപ്പോഴത്തെ നിലയിൽ അത്തരം ആശങ്കകൾ ആസ്ഥാനത്തല്ല താനും.

മലയാള സിനിമയിൽ എത്ര സ്ത്രീകളുണ്ട്, അരങ്ങത്തും ,അണിയറയിലും എന്നത് ചർച്ചയാവേണ്ട കാര്യമാണ്. മലയാളത്തിൽ ഒരുപാട് നടികൾ വന്നുപോകുന്നു. എന്നാൽ നായക ബാഹുല്യം അത്രത്തോളമില്ല. ഇതിനെപ്പറ്റിയുള്ള ചർച്ചയിൽ പ്രമുഖനായ ഒരു തിരക്കഥാകൃത്ത് പറഞ്ഞതായി കേട്ടത് സ്ത്രീകൾക്ക് എന്താണ് പ്രശ്നം, മലയാളത്തിലെ മുൻ നിരനായികമാർക്ക് മൂന്നാല് സിനിമകളെങ്കിലും ഒരു വർഷത്തിൽ കിട്ടുന്നുണ്ടല്ലോ .മറ്റു തെന്നിന്ത്യൻ ഭാഷകളിൽ ഒരു സിനിമയിൽ ഒരു സ്ത്രീ നായികയായി അഭിനയിച്ചാൽ നായ

നിരവധി നവോഥാന,സാമൂഹിക ,സാംസ്കാരിക മുന്നേറ്റങ്ങൾ ഉഴുതുമറിച്ച ഒരിടമാണ് കേരളം. ഇവിടുത്തെ രാഷ്ട്രീയ പ്രബുദ്ധതയോ സാക്ഷരതയോ സാംസ്കാരിക ബോധമോ ഉള്ള മനുഷ്യരാണ് സിനിമ കാണുന്നതും സിനിമാ മേഖലയിൽ വ്യവഹരിക്കുന്നതും.

കന്മാർക്ക് അവരെ മറ്റ് സിനിമയിൽ വേണ്ട. അതായത് ഒരു നായിക ഒരു സിനിമയിൽ മാത്രം. അടുത്ത സിനിമയിൽ ആ നായിക വരുന്ന പ്രശ്നം ഇല്ല. ആ തിരക്കഥാകൃത്ത് പറഞ്ഞത് ശരിയാണെങ്കിൽ സിനിമയുടെ പൊതുസ്വഭാവം ഇതായിരിക്കണം. പക്ഷേ,നമ്മുടെ ചരിത്രം എല്ലാ കാലവും ഇത്തരം സ്വാ ഭാവികതകളെയും പൊതുബോധത്തെയും കീഴ്പ്പെടുത്തി ഉണ്ടായിട്ടുള്ളതാണെന്നു പിന്നിലേക്ക് നോക്കുന്നവർക്കറിയാം. മലയാള സിനിമയെക്കുറിച്ച് പറയുമ്പോൾ അതിനെ തമിഴോ തെലുങ്കോ സിനിമകളുമായിട്ടു താരതമ്യം ചെയ്യാൻ കഴിയില്ല. .നിരവധി നവോഥാന,സാമൂഹിക ,സാംസ്കാരിക മുന്നേറ്റങ്ങൾ ഉഴുതുമറിച്ച ഒരിടമാണ് കേരളം. ഇവിടുത്തെ രാഷ്ട്രീയ പ്രബുദ്ധതയോ സാക്ഷരതയോ സാംസ്കാരിക ബോധമോ ഉള്ള മനുഷ്യരാണ് സിനിമ കാണുന്നതും സിനിമാ മേഖലയിൽ വ്യവഹരിക്കുന്നതും. നമ്മുടെ സാഹിത്യവും സിനിമയുമൊക്കെ സവിശേഷമാകുന്നതും പ്രസക്തമാകുന്നതും ഇത്തരമൊരു രാഷ്ട്രീയ സാമൂഹ്യ ചരിത്രത്തിന്റെ പിൻബലം ഉള്ളത് കൊണ്ട് കൂടിയാണ്. ജീർണത ഈ മേഖലയെ ബാധിച്ചിട്ടുണ്ട് എന്ന് നമ്മൾ തിരിച്ചറിയുന്നെങ്കിൽ സാമൂഹ്യസാംസ്കാരിക പരിസരത്തുള്ള ജീർണതയുമായി ബന്ധപ്പെടുത്തി അതിനെ കാണേണ്ടിവരും. ഒരു നൂറ്റാണ്ടു പൂർത്തിയാകുമ്പോൾ മലയാള സിനിമ എവിടെ നിൽക്കുന്നുവെന്ന ഒരന്വേഷണം നമ്മൾ പുതിയതായി നടത്തേണ്ടിയിരിക്കുന്നു.

പ്രകടമായ അരക്ഷിതത്വം ഉള്ളത് കൊണ്ട് തന്നെ വളരെ കുറച്ച് സ്ത്രീകളേ ഇവിടേയ്ക്ക് കടന്നു വരുന്നുള്ളൂ.അധികം പേരും എത്തുന്നത് അഭിനയ രംഗത്താവും. എങ്ങനെ കൂടുതൽ സ്ത്രീകളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ പറ്റും ,എങ്ങനെ ഈ രംഗം സ്ത്രീ സൗഹാർദ്ദ പരമാക്കാൻ പറ്റും എന്നും ആലോചിക്കേണ്ടതുണ്ട്.ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിക്കുന്ന മലയാളികളായ നിരവധി പെൺകുട്ടികളുണ്ട്. അവർ കേരത്തിൽ വന്നു തൊഴിലെടുക്കാൻ താല്പര്യപ്പെടാറില്ല. കേരളത്തിൽ സിനിമ പഠിപ്പിക്കുന്ന മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുണ്ട്. അവിടെ എത്ര സ്ത്രീകൾ പഠിക്കുന്നുണ്ട്, ഈ സ്ത്രീകളിൽ എത്രപേർക്ക് ഇൻഡസ്ട്രിയിലേക്ക് വരാൻ പറ്റും,അതിനു തടസ്സം നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് എന്നിങ്ങനെയുള്ള സമഗ്രമായ അന്വേഷണം നടക്കണം. . ഈ മേഖലയിലെ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുന്ന തരത്തിൽ



സ്ത്രീകൾക്ക് പരിശീലനം വേണം. ലിംഗ നീതി എന്താണെന്നും ചലച്ചിത്ര മേഖല പോലുള്ള ഇടങ്ങളിൽ ഇതെങ്ങനെ സാധ്യമാക്കാമെന്നും ഉള്ള കാഴ്ചപ്പാടോടെയുള്ള പരിശീലനം പുരുഷമാർക്കും നൽകണം. .

ചലച്ചിത്ര മേഖലയെ സ്ത്രീകൾക്കും പുരുഷനും അന്തസ്സോടെ ജോലി ചെയ്യാൻ പറ്റുന്ന ഒരു തൊഴിലിടമാക്കുകയാണ് വേണ്ടത്.. രണ്ടു കൂട്ടരെയും ചേർത്ത് പിടിച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടികളിലൂടെ മാത്രമേ ഇനി മുന്നോട്ടുപോകാനാവു .

സ്ത്രീകൾ ഈ മേഖലയിൽ നേരിടുന്ന ലൈംഗിക ചൂഷണവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം എന്ന നിലയിൽ നടി ആക്രമിക്കപ്പെട്ടതിനെ മനസ്സിലാക്കുമ്പോൾ ആദ്യം തിരിച്ചറിയേണ്ടത് നേരത്തെ സൂചിപ്പിച്ച പോലെ തൊഴിലിടം എന്ന നിലയിൽ ഇവിടം നിർവചിക്കപ്പെട്ടില്ല എന്നതാണ് . അപ്പോൾ അവിടം മുതൽ തുടങ്ങേണ്ടതുണ്ട് എന്നർത്ഥം. ഇത് ഭരണ സംവിധാനങ്ങളെയും മറ്റു സാമൂഹ്യസ്ഥാപനങ്ങളെയും ബോധ്യപ്പെടുത്തേണ്ടതുണ്ടു...

വിമെൻ ഇൻ കളക്ടീവ് ഇക്കാര്യം ആവശ്യപ്പെട്ടു മുഖ്യമന്ത്രിയെ കണ്ട് നിവേദനംകൊടുത്തതിനു ശേഷം ശേഷം ഇത്തരം കാര്യങ്ങൾ പഠിക്കാൻ സർക്കാർ ഒരു കമീഷനെ നിയമിക്കുന്നതാണ് നമ്മൾ കണ്ടത്.. അത്തരമൊരു കമീഷൻ സിനിമയുടെ ചരിത്രം നോക്കുമ്പോൾ ദേശീയ തലത്തിൽ തന്നെ ആദ്യമായിട്ടായിരിക്കും. അതിനാൽ തന്നെ കമീഷൻ തയ്യാറാക്കുന്ന റിപ്പോർട്ട് ദേശീയ തലത്തിൽ തന്നെ പ്രധാന്യമുള്ളതായിരിക്കും എന്നതിൽ സംശയമില്ല. സിനിമയിൽ സ്ത്രീകൾ നേരിട്ടുകൊണ്ടിരിക്കുന്ന അടിസ്ഥാന പരമായ ചില പ്രശ്നങ്ങൾക്കെങ്കിലും പരിഹാരം ആ റിപ്പോർട്ടിലുണ്ടാവും എന്നും നമുക്ക് പ്രതീക്ഷിക്കാം.

സിനിമ രജിസ്റ്റർ ചെയ്യുന്നത് ഫിലിം ചേംബറിലാണ്. അതൊരു സ്വകാര്യ സംവിധാനമാണ്. എന്തുകൊണ്ട് സിനിമയുടെ രജിസ്ട്രേഷനടക്കമുള്ള കാര്യങ്ങൾ സർക്കാർ സംവിധാനത്തിന് കീഴിൽ കൊണ്ടുവന്നുകൂടാ. ചലച്ചിത്ര അക്കാദമി ,കെ എസ് എഫ് ഡി സി പോലുള്ള സ്ഥാപനങ്ങളെ ഇതിന് പര്യാപ്തമാക്കിക്കൂടാ? അപ്രഖ്യാപിത വിലക്കുകളും ഒതുക്കലുകളും മാഫിയാ തേർവാഴ്ചകളും തട്ടിക്കൊണ്ടുപോയി ആക്രമിക്കലുകളും ഒരു തുടർകഥയായി കാണാൻ ആഗ്രഹിക്കാത്തവരാണ് ചലച്ചിത്ര മേഖലയിലുള്ള ഭൂരിപക്ഷം പേരും പ്രേക്ഷകരും.ഇഛാശക്തിയോടെയുള്ള സർക്കാർ ഇടപെടലുകൾ അനിവാര്യമായിരിക്കുന്നു. ഇതൊരു വ്യവസായമായാണ് പരിഗണിക്കപ്പെടുന്നതെങ്കിൽ അതിനു ബാധകമായ നിയമങ്ങൾ ഈ മേഖലക്കായി എങ്ങനെ തർജ്ജിമപ്പെടുത്താമെന്നു ആലോചിക്കേണ്ടതുണ്ട്. 1958ലാണ് സിനിമാ മേഖയില് ആദ്യമായി ഒരു നിയമം നിലവിൽ വരുന്നത്. പിന്നീടതിന്റെ ചുവടുപിടിച്ച് ചില നിയമങ്ങളും ഭേദഗതികളും ഉണ്ടായതൊഴിച്ചാൽ . സിനിമാരംഗത്ത് സർവതല സ്പർശിയായ ,സമഗ്രമായ നയരൂപീകരണം നടന്നിട്ടില്ല. സിനിമയുടെ നിർമ്മാണ വിതരണ ചട്ടക്കൂടുകൾ കാര്യക്ഷമവും സുതാര്യവുമാക്കി നില നിർത്താനും സ്ത്രീ വിരുദ്ധവും ദളിത് വിരുദ്ധവും ആയ മനോഭാവങ്ങളെ നിയന്ത്രിക്കാനും പറ്റുന്ന തരത്തിലുള്ള ജാഗ്രതയും ഇടപെടലുകളും ഭരണസംവിധാനങ്ങളുടെയും സിനിമ സംഘടനകളുടെയും ഭാഗത്ത് നിന്ന് ഉണ്ടാകേണ്ട സമയമാണിതു..



# CECS

**സി-ഡിറ്റ് എംപ്ലോയീസ്
കോ-ഓപ്പറേറ്റീവ്
സൊസൈറ്റി**

**CECS**
ജീവനക്കാർക്ക്
ആശ്വാസകരമായ
വായ്പാ
സൗകര്യം

**CECS**
ആകർഷകമായ
പലിശ നിരക്കിൽ
നിക്ഷേപ
സമാഹരണം

**CECS**
ഹയർ പർച്ചേസ്
സൗകര്യം

## CECS

**പ്രതിമാസ നിക്ഷേപ പദ്ധതി
2017 ആഗസ്റ്റ് 17-ാം തീയതി
(ചിങ്ങം 1) ആരംഭിക്കുന്നു**

CECS
പ്രതിമാസ
നിക്ഷേപ
പദ്ധതി

| | |
|---|---|
| ₹ 5000 : 20 | ₹ 100000 |
| ₹ 2500 : 20 | ₹ 50000 |
| ₹ 1000 : 25 | ₹ 25000 |



**കാൽനൂറ്റാണ്ടിനിപ്പുറം സാങ്കേതിക വിദ്യാ വികസനത്തിലൂടെ സാമൂഹ്യ മാറ്റത്തിന് വഴിയൊരുക്കിയ സി-ഡിറ്റിലെ ജീവനക്കാരുടെ കൂട്ടായ്മയിൽ സാക്ഷാത്കരിക്കപ്പെടുന്ന നൂതന സംരംഭം വിജയിപ്പിക്കണമെന്ന് എല്ലാ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.**

# ദേശീയത

?

ബി. സതീശൻ
ബി. മനോജ്
റോജി മോൻ
ധന്യ ലാൽ
പ്രേംസുജ
കുമാർ ആർ.




ബി. സതീശൻ

# ദേശീയത ഒരായുധം

എല്ലാ ഭരണകൂടങ്ങളുടെയും ആയുധമാണ് ദേശീയത. രാജ്യത്തിന്റെ പരമാധികാരം കൈയ്യിലൊതുക്കാനുള്ള ഉപകരണം. ലോക പ്രശസ്തനായ ഏകാധിപതി ഹിറ്റ്ലർ രാജ്യത്തെ ജനങ്ങളെ തന്റെ അധികാരത്തിന്റെ കീഴിൽ അടിച്ചമർത്താൻ ഉപയോഗിച്ചിരുന്ന ആയുധവും ദേശീയതയായിരുന്നു. ജർമ്മനിയും മറ്റു രാജ്യങ്ങളുമായുള്ള ഫുട്ബോൾ മത്സരങ്ങളെപ്പോലും ഇതിനായി അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നു. ലോക ജനത ഒന്നാണെന്നും അവരുടെ അടിസ്ഥാനാവശ്യങ്ങൾക്ക് വേർതിരിവില്ലെന്നും അതിനാൽ അതിർത്തികളില്ലാത്ത ലോകമാണ് വേണ്ടത് എന്നും പറഞ്ഞ മഹാനായ രവീന്ദ്രനാഥ ടാഗൂറിന്റെ നാടായ ഇന്ത്യയിൽ ഇന്ന് ദേശീയത എന്ന കപടത അഴിഞ്ഞാടുന്ന അവസ്ഥയിലായിരിക്കുന്നു.

ഇന്ത്യയിൽ ഇന്നത്തെ ഭരണാധികാരികൾ അധികാരമേറ്റതിനുശേഷം സാധാരണ ജനങ്ങൾ ഒട്ടനവധി പ്രശ്നങ്ങളാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളെ എതിർക്കുന്ന സാഹിത്യകാരന്മാരെയും കലാകാരന്മാരെയും സാധാരണ ജനങ്ങളെമെല്ലാം ദേശവിരുദ്ധരാക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. മാത്രവുമല്ല ദേശീയത എന്ന കപടായുധം ഉപയോഗിച്ച് അവരെയെല്ലാം ഉന്മൂലനം ചെയ്യുകപോലും ചെയ്യുന്നു. ഇന്ത്യയിൽ ജനിച്ച് രാജ്യത്തിന്റെ പുരോഗതിയ്ക്കായി നിരവധി സംഭാവനകൾ നൽകിയ വ്യക്തികളെയാണ് ശത്രു രാജ്യത്തെ ഭീകരവാദികൾക്ക് ഇന്ത്യയിൽ നൽകുന്ന നിയമപരമായ പരിഗണനപോലും നൽകാതെ ഇല്ലായ്മ ചെയ്യുന്നത്. ഇതിന്റെ പിന്നിൽ എന്ത് രാജ്യസ്നേഹമാണുള്ളത്? രാജ്യത്തോടും മനുഷ്യരോടുമുള്ള സ്നേഹവും സഹവർത്തിത്വവുമാണോ വേണ്ടത് അതോ ഭരണകൂടയന്ത്രമായി മാറുന്ന ദേശീയതയോടാണോ?

രാജ്യത്തെ സമ്പത്ത് വ്യവസ്ഥയെ ബാധിക്കുന്ന നോട്ട് പിൻവലിക്കാ പോലുള്ളതിൽ സർക്കാരിന്റെ നയങ്ങളെ എതിർത്താലുടൻ പാകിസ്ഥാൻ തിവ്രവാദികളെയും കള്ളപ്പണക്കാരെയും സഹായിക്കുന്ന ദേശവിരുദ്ധരെന്ന് മുദ്രയടിക്കുന്നു.നമ്മുടെ രാജ്യത്തെ ആര് ആക്രമിച്ചാലും തിരിച്ച് മറുപടി നൽകണമെന്ന് എല്ലാ രാജ്യസ്നേഹികളും ആഗ്രഹിക്കും യുദ്ധം മഹാവിപത്താണ് അത്. ഒഴിവാക്കുന്നതിന് അയൽരാജ്യങ്ങളുമായി സൗഹൃദ സമീപ



നമാണ് സ്വീകരിക്കേണ്ടത് എന്ന അഭിപ്രായം ആരാലും പറഞ്ഞുപ്പോയാൽ അവർ ദേശദ്രോഹികൾ, പ്രത്യേകിച്ച് അയൽ രാജ്യങ്ങളായ ചൈനയേയും പാകിസ്ഥാനേയും ഒരേ തട്ടിൽ ശത്രു രാജ്യങ്ങളായി ചിത്രീകരിക്കുന്നത് ശരിയല്ലെന്ന് പറഞ്ഞാൽ തീരുന്ന കഥ. നിരന്തരം ഏറ്റുമുട്ടലുകൾ നടത്തിവരുന്ന രാജ്യം എന്ന നിലയിൽ പാകിസ്ഥാനെ വേറിട്ടു കാണണമെന്നും സൗഹൃദ രാജ്യമായി ചൈനയെ കാണുന്നുതാണ് ഗുണകരമെന്ന അഭിപ്രായപ്പെട്ടാൽ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകളെല്ലാം ദേശവിരുദ്ധരാണെന്ന് സ്ഥാപിക്കുവാനാണ് ഭരണകൂടം ശ്രമിക്കുന്നത്.

ഇന്ത്യയിലെ ദരിദ്രരായ ദളിതരെ പശുവിന്റെയും ബീഫിന്റെയും പേരിൽ തല്ലികൊല്ലുന്നു. മേൽ ജാതിയിൽപ്പെട്ടവരുമായി പ്രണയത്തിലായാൽ കൊന്ന് കെട്ടിത്തൂക്കുന്നു. ന്യൂനപക്ഷങ്ങളെയും ദളിതരെയും പല കാരണങ്ങൾ ആരോപിച്ച് അടിച്ചമർത്തുകയും അപമാനിക്കുകയും ചിലരുടെ ദേശീയ സ്നേഹം ഇങ്ങനെ പോകുന്നു. ഹിന്ദു ദേശീയത മുസ്ലീം ദേശീയത എന്നിങ്ങനെ പലരൂപത്തിലുള്ള ദേശീയതയാൽ രാജ്യസ്നേഹവും മനുഷ്യ സ്നേഹവും എന്ത് എന്ന് അറിയാൻ വയ്യാത്ത സ്ഥിതിയായിരിക്കുന്നു. എതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ പേരിൽ അറിയപ്പെടുന്ന ദേശീയത ശരിക്കും ദേശത്തിനു വേണ്ടിയുള്ളതാണോ? മതത്തിന്റെ പേരിൽ നയിക്കുന്നവരുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ളതാണ്. ഇത്തരം ദേശീയവാദങ്ങൾ. ലോക മനസ്സുകളെ വിഘടിപ്പിച്ച ചൂഷണം ചെയ്യുന്നതിനുള്ള മാർഗ്ഗംമാത്രമാണ് ദേശീയത എന്ന വികാരം.

ജീവിക്കുന്ന ദേശത്ത് സ്വാതന്ത്ര്യമില്ലായെന്ന തോന്നലും ഭീതിയുടെ മുനമ്പിൽ കഴിയേണ്ടിവരുന്ന അവസ്ഥയുമുള്ളപ്പോൾ ആർക്കാണ് ദേശീയത എന്ന വികാരം വരുക. സാമ്പത്തിക അസമത്വവും ഒറ്റപ്പെടുത്തലിന്റെ രാഷ്ട്രീയവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടന വിഭാവന ചെയ്യുന്ന തുല്യ നീതി, സമത്വം, സോഷ്യലിസ്റ്റ് സങ്കൽപ്പം എന്നിവയുടെ മൂല്യങ്ങളെല്ലാം തകർത്ത് രാജ്യത്ത് ശിക്ഷിക്കാനും ശിക്ഷ നടപ്പാക്കാനും മതസംഘടനയും പ്രത്യേക കൂട്ടങ്ങളും ഉറങ്ങിത്തിരിച്ചിരിക്കുമ്പോൾ ആർക്കാണ് ദേശീയബോധം ഉണ്ടാകേണ്ടത്. മനുഷ്യന് വിലയില്ലാതാകുന്നു. പശുവിനു തുമ്മൽ വന്നാൽ ശുശ്രൂഷിക്കുവാൻ ആരോഗ്യ മന്ത്രാലയം സൃഷ്ടിക്കും. മനുഷ്യകുഞ്ഞുങ്ങൾക്ക് ജീവവായു ലഭിക്കാതെ ശ്വാസം മുട്ടി മരിക്കുന്നു. മനുഷ്യ കുരുതികൾ ആവാം. ഗോക്കളെ തൊടരുത് എന്ന പ്രമാണമെല്ലാം വിളിച്ചു കുകുന്നത് അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടെയും ഈറ്റില്ലമായി നമ്മുടെ രാജ്യത്തെ നൂറ്റാണ്ടുകൾ പുറകിലേയ്ക്ക് കൊണ്ടുപോയി അതെ അവസ്ഥയിലെത്തിക്കുകയും ചാതുർവർണ്ണ്യ സമ്പ്രദായം നിയമവും പെരുമാറ്റചട്ടവും ഒക്കം മാറ്റുക എന്നതാണ്.

ജാതി, മതം, വർഗ്ഗം, ദേശം എന്നിങ്ങനെ മാറ്റി നിർത്തി അനാചാരങ്ങളുടെയും മനുഷ്യത്വ രഹിത പ്രവർത്തികളുടെയും ബ്രാന്റ് അബാസിഡർമ്മാരാകുന്ന ഭരണകർത്താക്കൾ ഓരോ രാജ്യത്തും പല പേരുകളിൽ ചരിത്രത്തിന്റെ ഭാഗമായി അറിയപ്പെ



ടുന്നു. ഇന്ത്യയിലും അത്തരത്തിൽ വ്യക്തികളും സംഘടനകളും ധാരാളമുണ്ട്.

ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്നും ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുള്ള പോരാട്ടത്തിൽ പങ്കാളികളാകാതെ മാറി നിന്ന് ബ്രിട്ടിഷ്കാർക്ക് പരസ്യ പിന്തുണ നൽകിയവർ ഇന്ന് ഇന്ത്യയിലെ പ്രധാന ദേശീയ വാദികളും രാജ്യസ്നേഹികളുമായി മാറുകയും സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ പങ്കെടുത്തവരെ ദേശവിരുദ്ധരായി ചിത്രീകരിക്കുകയും ചെയ്യുന്നു എന്നത് മറ്റൊരു തരത്തിലെ വിചിത്ര ചരിത്രമാകുകയാണ്.

''നിങ്ങൾ ഒരു പ്രത്യേക സ്ഥലത്തു ജനിച്ചു എന്നത് കൊണ്ട് ബാക്കിയെല്ലാവരും ശത്രുക്കൾ ആണെന്ന് പറയുന്ന വിവരക്കേടിന്റെ പേരാണ് ദേശീയത'' എന്ന് മഹാനായ എഴുത്തുകാരൻ ബർണ്ണാഡ്ഷാ പറഞ്ഞത് ഈ അവസരത്തിൽ ഏറെ സ്മരണീയമാണ്.


DELTA SECURITY SERVICES

Reg.No.D5/571/111

(Govt. Of Kerala)

The cosvt is long foregotten But Quality to Remembered for ever

**Head Office** :Ground Floor Akshai Towers,
TV Centre Rd,Peeroorkada,Thiruvananthapuram-695 005
Ph:0471-3261025,Mob:9349947321 & 24,9446518962

**Branch Office:** Noufeez Building,Vendor Mukku,Kollam-10
Ph:047403293737,Mob:9387933100,8547429678
Website:www.deltasecurityservicesindia.com
Email:deltasecurityies@gmail.comv

# NATIONALISM OR ANTI NATIONALISM...?

**VITALITY OF INDIA DWELLS IN THE COMPOSITE CULTURE. COMMUNAL HARMONY AND UNITY IN DIVERSITY.**

India has a unique culture. It's not created by any one religion, race region, language or reminiscences of any single empire that had rose, shone and decline.



In the largest democracy in the world, where the people enjoy the very essence of democracy and uphold the values of fundamental rights, tendencies to enforce what to eat, what to wear whom to worship and how to live could only manifest antagonism. Such policies rather than fostering unity would create divisiveness among the people.

Democracy provides equal opportunity to speak, express, preach, practice, associate, enterprise, entertain, travel and to settle down. But when a section of the nation tries to replace democracy with autocracy it would plunge the nation into aggressive national and endless chaos. Secularism and socialism will be endangered and in due course become null and void. It's the duty of every Indian to rise up and unite against such fascist attitudes and antagonism.

Vitality of India dwells in the composite culture, communal harmony and unity in diversity. It is the duty of every Indian to safeguard the fundamental rights of the citizens and transmit the cultural heritage of our nation to the posterity.



B. MANOJ



# ബീഫ് നിരോധനവും സംഘപരിവാറും



റോജി മോൻ

ആഹാരം ഭാരതീയന് മൗലിക അവാശം അല്ല. ലോകത്തെ ഏറ്റവും വലിയതും മഹത്തായതുമായ ഭരണഘടന നമ്മുടേതാവുമ്പോൾ തന്നെ ആഹാരവും, തൊഴിലും വീടുമൊന്നും മൗലികാവകാശമായി. അതിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടു തന്നെ ഇക്കാര്യങ്ങൾ മൗലികമായി ആവശ്യപ്പെട്ടുകൊണ്ട് കോടതി കയറാനും ആവില്ല.

ഈ ക്ഷേമമെന്നത് ഭരണകൂടത്തിന്റെ കടമയാണ്. എങ്കിലും നാളിതുവരെ ഒരു ഭരണകൂടവും മുഴുവൻ ജനങ്ങളുടെയും ക്ഷേമം നടപ്പാക്കിയിട്ടില്ലെന്ന് കണക്കുകൾ വ്യക്തമാകുന്നു. ജനാധിപത്യ ഇന്ത്യയിൽ ആണ് ലോകത്തിലെ വിശക്കുന്നവരിൽ 25% വും ജീവിക്കുന്നത്. അതിനർത്ഥം ഇന്ത്യയിലെ 52% അധികവും പേർ ദരിദ്രരാണ് എന്നുതന്നെയാണ്. ഇന്ത്യയിലെ 2017 ദശലക്ഷത്തോളം വരുന്ന കുട്ടികൾ അനീമിയ ബാധിച്ചവരാണെന്ന് കണക്കുകൾ രേഖപ്പെടുന്നു.

സ്വാതന്ത്ര്യത്തിന്റെ 70- കളിൽ നിൽക്കുമ്പോൾ ഉള്ള ഇന്ത്യയുടെ അവസ്ഥയാണ് ഇത്. ഇത്തരം അപകടകരമായ അവസ്ഥയിലാണ് ദരിദ്രകോടി ജനങ്ങൾക്ക് മേൽ ആഹാരനിയന്ത്രണവുമായി ഒരു ഭരണകൂടം ചാടി വീഴുന്നത്. നാളെയുടെ വാഗ്ദാനങ്ങളായ പിഞ്ചു കുഞ്ഞുങ്ങൾക്ക് പ്രാണവായു പോലും നിഷേധിക്കപ്പെടുന്ന ''സ്വപ്ന ഭാരത''ത്തിൽ ഇതിലപ്പുറവും സംഭവിച്ചാലും അതിശയോക്തിയില്ല. ഇന്ത്യൻ ജനതയ്ക്ക് അൽപമെങ്കിലും പ്രോട്ടീൻ ലഭിക്കുന്നത് മാംസാഹാരം വഴിയാണ്. 71% ത്തോളം ഇന്ത്യൻ ജനത മാംസം ഭക്ഷിക്കുന്നവരാണ്. ഇത് പശുപിറവി മാത്രവുമല്ല. സംഘപരിവാർ അടിച്ചേൽപ്പിക്കുന്ന ബീഫ് നിരോധനം പക്ഷെ ആഹാരം നിരോധനമോ വ്യക്തി സ്വാതന്ത്ര്യത്തിൽ മേലുള്ള കടന്നാക്രമണമോ മാത്രമായി കാണാൻ ആവില്ല. അതിനെ അത്തരത്തിൽ ഫോക്ക

സ് ചെയ്യുന്ന മാധ്യമങ്ങളും രാഷ്ട്രീയ പാർട്ടികളും അതിന്റെ അന്തർലീനമായ രാഷ്ട്രീയ കുതന്ത്രത്തെ തിരിച്ചറിയാതെ പോകുന്നു.

വ്യക്തമായ ആസൂത്രണവും മറ്റ് മതങ്ങളുടെ ഉൻമൂലനവും ലക്ഷ്യം വെച്ച് കൊണ്ടാണ് പശുവിന്റെ രാഷ്ട്രീയത്തെ സംഘപരിവാർ മുന്നോട്ട് വയ്ക്കുന്നത്. ഗോമാതാ നിരോധനം, ഗോമാതാ പൂജ, മാംസവിലക്ക് തുടങ്ങിയവ പണ്ടുമുതലേ ഇവരുടെ പ്രചാര മേഖലയാണ്. ഹൈന്ദവ സാംസ്കാരിക ചിഹ്നങ്ങളായിട്ടാണ് അവ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ വേദങ്ങളും പുരാണങ്ങളും ഇതിനെ സാക്ഷ്യപ്പെടുത്തുന്നില്ല എന്നതുകൊണ്ട് അത് അത്രവേഗം വേരോട്ടം ഉണ്ടാക്കിയില്ല. ബി.ജെ.പി കേന്ദ്ര ഭരണം പിടിച്ചെടുക്കുകയും വടക്കേയിന്ത്യൻ സംസ്ഥാനങ്ങളിൽ അധിനിവേശം നടത്തുകയും ചെയ്തതോടെ ഹിന്ദു എന്ന ബ്രാഹ്മണ മേധാവിത്വ വാഴ്ചക്കുള്ള കളം ഒരുക്കിയെടുത്തു.

ഇതിന്റെ ഏറ്റവും നല്ല തെളിവ് ആദിവാസികളെ ഹൈന്ദവ വത്കരിച്ചതാണ്. ആദിവാസികൾക്ക് മതമില്ല എന്നതാണ് സത്യം (ഉണ്ടെങ്കിലും അത് ആദ്യമതമായ ഹിന്ദുമതമല്ല). എന്നാൽ അവർക്കിടയിൽ നുഴഞ്ഞ് കയറി സേവനത്തിന്റെയും ജീവകാരുണ്യത്തിന്റെയും വിത്തുകൾ വിതച്ച് അവരെ വിലയ്ക്കെടുത്തു. 'വനവാസി കല്യാൺ മഞ്ച്' മുതൽ നിരവധി സംഘപരിവാർ സംഘടനകൾ കോടികൾ ചിലവഴിച്ച് ആദിവാസികളെ കാവിയുടുപ്പിച്ചിരുന്നു. ഒരു പക്ഷെ ഇതവർ പഠിച്ചത് കിസ്ത്യൻ മിഷനറിമാരിന്നായിരിക്കണം. 2003 ലെ ഗുജറാത്ത് കലാപത്തിന്, പഠനവും മദ്യവും നൽകി യുദ്ധകലാപത്തിന് യുദ്ധക്കളത്തിലേയ്ക്ക് ആനയിക്കപ്പെട്ടത് ഇവരായിരുന്നു. ആലോചിച്ചു നോക്കൂ എത്ര ഭീകരമാണ് ഈ സംഘടനയെന്ന്.

മതം വിശ്വാസമായല്ല അവർക്ക് മുൻപിൽ എത്തിച്ചത്. പണമായും, മദ്യമായും വിദ്യയായും, ആചാരമായും അനുഷ്ഠാനമായും ആണ് അവരെ ഹൈന്ദവർത്കരിച്ചത്. ഘർവാപ്പസി മാത്രമല്ല നൂറുകണക്കിന് ഉത്സവങ്ങളും മേളകളും, ആചാരങ്ങളും അവരിലേയ്ക്ക് ബ്രാഹ്മണ മൂല്യങ്ങളെ സന്നിവേശിപ്പിച്ച് അടിമകളാക്കി. രാമായണം മുതൽ ഇന്ന് അരങ്ങു തകർക്കുന്ന സകല അന്ധതാ സീരിയലുകളും ഹിന്ദു ദൈവങ്ങളെ അവരുടെ



ദൈവങ്ങളാക്കി പ്രതിഷ്ഠിച്ചു. മതത്തെ എങ്ങനെ രാഷ്ട്രീയവത്കരിക്കാമെന്ന് അവർ കാണിച്ചുതന്നു.

ആദിവാസികൾക്കിടയിൽ വിജയകരമായ ഹൈന്ദവ വത്കരണം ദളിതർക്കും, പിന്നോക്ക വിഭാഗങ്ങൾക്കുമിടയിൽ അനായാസം സ്ഥാപിച്ചെടുക്കാൻ അവർക്ക് കഴിഞ്ഞു. ഇതിന്റെ പരിണിതിയാണ്. മാംസവിലക്കിലേയ്ക്ക് എത്തിയിരിക്കുന്നത്. സസ്യാഹാരം എന്നത് ഹിന്ദുവിന്റെ അടയാളമായി അവതരിപ്പിക്കുമ്പോൾ ഹിന്ദുവായ ദലിതൻ തന്റെ ജീവിതമാർഗമായ കാലി കൃഷിയിൽ നിന്നു പോലും അന്യവത്കരിക്കപ്പെട്ട് സംഘപരിവാർ ഭ്രാന്തിൽ ഇടം പിടിക്കുന്നു.

തമിഴ്നാട്, മഹാരാഷ്ട്ര, മധ്യപ്രദേശ്, യു.പി. എന്നിവിടങ്ങളിലെ കർഷകർ മാസങ്ങളായി സമരമുഖത്താണ്. ജാതി ഭേദമെന്യേ ഒന്നിച്ചു നിന്നുള്ള സമരത്തെ ഒരു മാധ്യമങ്ങളും വാർത്തയാക്കിയില്ല. അവരെല്ലാം ബീഫിന്റെ പുറകേ പാഞ്ഞപ്പോൾ ജയിച്ചത് ബി. ജെ. പി. യുടെ കർഷക വിരുദ്ധ രാഷ്ട്രീയമാണ്.

കാലികൃഷിയിലും അതിന്റെ ഉല്പന്നങ്ങളിലും കേന്ദ്രീകരിക്കുന്ന ഇന്ത്യൻ ഗ്രാമീണ സമ്പദ് വ്യവസ്ഥ തകർന്നടിയുന്നതെന്നും ബി.ജെ.പിക്ക് പ്രശ്നമല്ല. അവർക്ക് നൂറോളം വരുന്ന ഇന്ത്യയിലെ മഹാസമ്പന്നർമാരുടെ വൻകിട വ്യവസായങ്ങളെ സഹായിക്കാനാണ് താല്പര്യം.

ഹിന്ദുവെന്ന പേരിൽ വൻ ജനപിന്തുണ ഉണ്ടാകാനുള്ള കോടികൾ ഈ കുത്തകൾ നൽകുമല്ലോ.

ബീഫ് നിരോധനം രാഷ്ട്രീയമാക്കുന്ന ബി.ജെ.പി ഇന്ത്യയിലെ ബീഫ് കയറ്റി അയക്കുന്ന മുഖ്യകമ്പനികൾ സംഘികൾ ആണ് നടത്തുന്നതെന്ന് വിട്ടുകളയുന്നു. അറേബ്യൻ എക്സ്പോർട്ട്സ്, മുബൈ (അനിൽ കപൂർ) പി.എം. എൽ ഇൻഡസ്ട്രീസ്, ചണ്ഢീഗഡ്(എ.എസ് ബിശ്ര)അൽ ഭുവ ഫുഡ് പ്രോസസിംഗ്, ഡൽഹി.(മുൻ ബി.ജെ.പി) എം.എൽ.എ) അൽ കബിർ , മുബൈ(സതീഷ് സബർവാൾ) തുടങ്ങിയവർക്കെല്ലാം ബീഫ് കയറ്റുമതി സ്ഥാപനങ്ങൾ ആണ്. കശാപ്പു നിരോധനം സാധാരണകാർക്കുമേൽ കർക്കശമാക്കി. ഇവരുടെ കുത്തകളാക്കി മാറ്റുകയാണ് ഇവരുടെ അജണ്ട. നാളെ ഈ കുത്തകളായിരിക്കും ഇന്ത്യൻ വിപണി കീഴടക്കുക.

അതു വെറും വിശ്വാസമല്ല. അത് ആഹാരത്തിന്റെ രാഷ്ട്രീയമായി, അധികാരത്തിന്റെ രാഷ്ട്രീയമായി ജനതകൾക്ക് മേൽ അധിനിവേശമായിരിക്കുന്നു. ഇതിനെ പരാജയപ്പെടുത്താൻ മതനിരപേക്ഷതയുടെ രാഷ്ട്രീയമാണ് വേണ്ടത്. പുരാണങ്ങളുടെ പുതു വ്യാഖ്യാനമല്ല, മതസിദ്ധാന്തങ്ങളുടെ അടിവേര് തകർക്കുകയാണ് വേണ്ടത്. അതിന് തുനിയാത്തവരാണ് ധബോൾക്കറും പൻസാരെയും കൽബുർഗ്ഗിയുമെല്ലാം..... ആയുധം കൊണ്ടല്ല ആശയം കൊണ്ടു മാത്രമെ ഫാസിസത്തെ നേരിടാനാവൂ.........



# സ്വകാര്യത
## മൗലികാവകാശം




**ധന്യലാൽ**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

'സ്വകാര്യതയാണ് മനുഷ്യന്റെ പരമപ്രധാനമാകേണ്ട മൗലിക അവകാശം. എന്നാൽ കാലങ്ങളായി സ്വകാര്യതയുമായി ബന്ധപ്പെട്ട് നടന്ന് വന്നിരുന്ന ചർച്ചകളിൽ ഏതുതരം സ്വകാര്യതയ്ക്കാണ് മുൻതൂക്കമെന്ന് പറയപ്പെടാതെ കേവല വ്യവഹാരങ്ങളിൽ മാത്രം അഭിരമിച്ചു വന്ന നിയമനീതിന്യായ വ്യവസ്ഥകളായിരുന്ന ഇന്ത്യയിൽ. മുൻകാലത്ത് 1954 ലും 62 ലും ഉണ്ടായ വിധികളെ മറികടന്ന് നടത്തിയ അഥവാ റദ്ദ് ചെയ്ത് നടത്തിയ വിധിയെ ഏകകണ്ഠമായി പ്രസ്താവിക്കുമ്പോഴും സ്വകാര്യത എന്ന പദം അത്രകണ്ട് ദഹിക്കാതെ കിടക്കുന്നുണ്ട്.

സ്വകാര്യത പരമപ്രധാനമായ അവകാശമല്ലെന്ന് സുപ്രീം കോടതി നിരീക്ഷണം നടത്തിയിരുന്നുവെങ്കിലും മാറ്റി ചിന്തിക്കാൻ കോടതി തയ്യാറായി. എന്നാൽ സ്വകാര്യത വ്യക്തിയധിഷ്ഠിതമാണോ എന്ന സംശയം നമ്മിൽ ബാക്കിയാവുന്നു. കേന്ദ്ര സർക്കാരിന്റെ സ്വകാര്യ നിലപാടുകളിൽ ഒരു സാധാരണ പൗരനെന്ന നിലയിൽ ഏറെ ജാഗരൂകരായിരിക്കണം നാം. എന്നാൽ കേന്ദ്ര സർക്കാരിന്റെ നിലപാടുകളോട് യോജിക്കാതെ ഇന്ത്യൻ ഭരണഘടന എന്ന മികച്ച നീതിവ്യവസ്ഥ നമുക്കുണ്ട് എന്ന് സർക്കാരിനെ ഓർമ്മിപ്പിക്കാൻ സുപ്രീംകോടതിയ്ക്ക് ഈ വിധിയിലൂടെ സാധ്യമായി. ഭരണത്തിലിരിക്കെ പുനർനിയമിക്കുന്ന ഒന്നാണ് ഇന്ത്യൻ ഭരണഘടന എന്ന് വിസ്മരിക്കുന്നില്ല. രാജ്യസഭയിൽ ഭൂരിപക്ഷം ലഭിച്ചാൽ മാറ്റി എഴുതാവുന്ന കേവല പുസ്തകമാണ് ഭരണഘടനയെ കണ്ടാൽ അത്ഭുതപ്പെടരുത്.

മനുഷ്യന്റെ പലവിധ ഉപജീവനത്തിനും സാമൂഹ്യവത്ക്കരണത്തിനും തടസ്സം സൃഷ്ടിക്കുന്നതിനും കേന്ദ്ര സർക്കാർ പുലർത്തിപ്പോരുന്ന ജാഗ്രത ഈ വിഷയത്തിലും നമുക്ക് ദർശന വേദ്യമാണ്. സ്വകാര്യത എന്നത് മൗലിക അവകാശമായോ ഇല്ലെയോ എന്നതൊന്നും സർക്കാരിന് ഒരു പ്രശ്നമാവില്ല. എന്തിനെന്നാൽ ജീവിക്കാനുള്ള അവകാശം പല വിധത്തിലാണല്ലോ ഹനിക്കപ്പെടുന്നത്. അന്യന്റെ കറിച്ചട്ടിയിലും കുപ്പായത്തിനുള്ളിലും കാലിത്തൊഴുത്തിലും കയറി കണക്കെടുപ്പും കൈയ്യൂക്കും കാണിക്കുന്നത് ഒരു തട എന്ന നിലയിൽ ശബ്ദമാവാൻ സ്വകാര്യതാനിയമം അനുവദിച്ചാൽ നമുക്ക് സന്തോഷിക്കാം.

ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ഈ ചരിത്രവിധിയെ എത്ര പുകഴ്ത്തിയാലും മതിവരാത്തവരും. ഉണ്ടാവാം. എന്നാൽ പൂർണ്ണമായി ഒരു സംവിധാനത്തിന് കീഴിൽ ജീവിക്കാൻ സാധ്യമാവാത്ത വിധം കെട്ടപ്പെട്ടിട്ടില്ല. എന്നാൽ ആധാറുമായി ബന്ധപ്പെടുത്തി ഇതിനെ ചിന്തിക്കുമ്പോൾ സ്വകാര്യതവരുത്തി മൃദുമായി തകരുന്നതും ബയോമെട്രിക്കൽ പാരാമീറ്റർ പകർത്തി സൂക്ഷിക്കുന്നതും ദൈനംദിന ജീവിത നിലവാര ഉയർച്ചയ്ക്കോ നടത്തിപ്പിനോ




സഹായകമാവുന്നതും കാണാം. ആധാറിന്റെ നല്ല വശങ്ങളും ചീത്തവശങ്ങളും കൂടി പരാമർശിച്ചു വേണം സ്വകാര്യതാ അവകാശ കുടപിടിയ്ക്കാൻ.

വിവരാവകാശവും സ്വകാര്യത അവകാശവും ഒന്നായി കുഴഞ്ഞ് കഴിഞ്ഞാൽ നാം ഇന്ന് അനുഭവിക്കുന്ന ചില ആനൂകൂല്യങ്ങളും അവസരങ്ങളും നഷ്ടപ്പെടുന്നത് കാണേണ്ടിവരും. എന്നാൽ സുരക്ഷയുമായി ബന്ധപ്പെട്ട് ------ സ്വകാര്യത നയം വലിയ തിരിച്ചടിയാണ്. വ്യക്തി സുരക്ഷയെന്നും രാജ്യരക്ഷയെന്നും വേർതിരിച്ച് പറയാനാവാത്തവിധം രണ്ടും ഇഴപിരിഞ്ഞ് കിടക്കുന്ന അവസരത്തിൽ കേന്ദ്ര സർക്കാരിന്റെ വാദങ്ങളിലും കഴമ്പു ഇന്നത്തെ ആഗോള സാധ്യതകളിൽ ഭീകരതവർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്വകാര്യത മൗലിക അവകാശമെന്ന് പറയുന്നത് എത്രത്തോളം ശരിയാണ്. സ്വകാര്യത ഏതെങ്കിലും ഒരു രീതിയിൽ മാത്രം ഉണ്ടാവുന്നതല്ല. പല വിധ വിഷയങ്ങളെ കൂടിച്ചേർന്ന് കിടക്കുന്ന ഒന്നാണത്. ഇപ്പോഴത്തെ കേന്ദ്ര സർക്കാർ നിലവിൽ വന്നതിനു ശേഷം പലവിധത്തിലും നിയമം കൈയ്യടക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മതസ്വാതന്ത്ര്യം മുതൽ ആഹാരം കഴിക്കുന്നതിനും വരെയുള്ള തടസ്സങ്ങൾ നിവർത്തിച്ചിരുന്നു. അതിൽ മേൽ തങ്ങളുടെ അണികൾ അഴിച്ചു വിടുന്ന ആകമത്തെ തടയാൻ പോലുമാവാതെ ഡബിൾ ഗെയിമിന്റെ അനന്ത സാധ്യതകളിലേയ്ക്ക് സർക്കാർ നീങ്ങിയത്. മുഗുൽറോത്തകിയുടെ അഭിപ്രായത്തിൽ സ്വകാര്യത പരമമായ അവകാശമല്ലായിരിക്കാം. എന്നാൽ ഇപ്പോൾ വന്ന വിധി ആധാർ അടക്കം 24 വിഷയങ്ങളിൽ സുപ്രധാനമാണ്. ഈ വിധി യഥാർത്ഥത്തിൽ കേരളം എടുത്ത നിലപാടിനുള്ള അംഗീകാരം കൂടിയാണ്.

സുപ്രീം കോടതിയുടെ ഒമ്പതംഗ ബഞ്ചിന്റെ ഐകകണ്ഠേനയുള്ള വിധി ഓരോ സാധാരണക്കാരനെയും എങ്ങനെ ബാധിക്കുമെന്നതാണ് അടുത്ത ചോദ്യം. ഭരണഘടനയുടെ 21-ാം അനാഛേദത്തിന്റെ ഭാഗമാണ് സ്വകാര്യത. അതിനാൽ തന്നെ ഓരോ ഇന്ത്യൻ പൗരനും അവകാശം ഉന്നയിക്കാവുന്നതാണ്. 5 അംഗ ഭരണഘടന ബഞ്ച് ആധാർ കേസ് പരിഗണിക്കുമ്പോഴാണ് യഥാർത്ഥ സ്വകാര്യത എന്താണ് എന്ന ചിത്രം വ്യക്തമാവുകയുള്ളൂ. അന്തസോടെയും അഭിമാനത്തോടെയും ജീവിക്കാനുള്ള പൗരന്റെ മൗലിക അവകാശമാണ് ഇതുമൂലം ഉയരുന്നത്. പക്ഷേ ഏതൊക്കെ സാഹചര്യങ്ങളിലാണ് സ്വകാര്യത മൗലിക അവകാശമാവുന്നത് എന്നതാണ് കേന്ദ്രസർക്കാർ ഉറ്റുനോക്കുന്നത്. ഇപ്പോൾ വന്ന വിധി കേന്ദ്ര സർക്കാരിന് ഇന്ത്യൻ ഭരണഘടന നീതിന്യായ വ്യവസ്ഥ നൽകിയ കനത്ത തിരിച്ചടിയായിരുന്നു. അത്യന്തികമായി സ്വകാര്യത മൗലിക അവകാശമായി പ്രഖ്യാപിക്കരുത് എന്ന കേന്ദ്ര സർക്കാരിന്റെ വാദമാണ് ഇപ്പോൾ പൊലിഞ്ഞത്. എന്നാൽ മൗലിക അവകാശങ്ങൾ ഒന്നും തന്നെ പരമമായ അവകാശങ്ങളല്ല. 1954 ലെ എം.പി. ശർമ്മ കേസിലും 62 ലെ ധരൻസിങ് കേസിലും ഈ വിധി ബാധകമാണ്. ഈ വിധിയെ ഓവർ റൂൾ ചെയ്തു കൊണ്ടാണ് പുതിയ വിധി നിലവിൽ വന്നത്.

ഇന്ത്യൻ ഭരണഘടനയേയും ഇന്ത്യൻ ജനതയെയും ബഹുമാനിക്കുന്ന ജനതയ്ക്ക് ഏറെ ആത്മവിശ്വാസം നൽകുന്ന ഒന്നാണ് സ്വകാര്യത വിധി. കേന്ദ്ര സർക്കാരിന്റെ ആർ.എസ്.എസ്. അജണ്ടയിലേയ്ക്ക് രാജ്യത്തെ മാറ്റാൻ നടത്തുന്നതിനുള്ള ശ്രമങ്ങൾക്ക് വിരാമമായി എന്ന് കരുതാം. ഭരണഘടനയെ പൂർണ്ണമായും അവഗണിയ്ക്കുന്ന രീതിയിൽ നടത്തി വന്ന പ്രവർത്തനങ്ങൾക്ക് ഒരു തട എന്ന് കരുതാം. ഇന്ത്യൻ സമൂഹത്തിൽ നാസി സിസ്റ്റവും ഫാസിസവും കടന്നുവരുന്ന ഭീകരമായ അവസ്ഥ സംജാതമായിരിക്കെയാണ് ഈ പ്രഖ്യാപനം എന്നത് ആശ്വാസം പകരുന്നു. റഷ്യയും ജർമ്മനിയും നടന്ന പാതയിൽ നിന്ന് ഒരു ജനത സമരമാർഗ്ഗങ്ങിലൂടെയും നടത്തിപ്പിലൂടെയും പുറത്തെത്തുമ്പോൾ ഇന്ത്യൻ ജനത ആപൽഘട്ടത്തിലേയ്ക്ക് നടന്ന് പോവുന്ന അഥവാ ആ കാലഘട്ടത്തിലൂടെ കടന്ന് പോവുന്ന ഇതിൽ നിന്നെല്ലാം ഒരു വിടുതൽ ഈ വിധിസാധ്യമാക്കിയാൽ നന്നായിരുന്നു കേന്ദ്ര സർക്കാർ മുന്നോട്ട് വയ്ക്കുന്ന പോയിന്റുകൾ ഭക്ഷ്യസുരക്ഷ, സാമൂഹ്യസുരക്ഷ, വ്യക്തി സുരക്ഷ തുടങ്ങിയവയാണ് എന്നാൽ നാം നേരിടുന്നത്. ഇതിനപ്പുറമുള്ള പീഡനങ്ങളും ഭക്ഷ്യസുരക്ഷ എന്ന ടാഗ്ലൈനിൽ അന്യന്റെ കറിച്ചട്ടിയിലെ ബീഫ് വിഷയമാവുമ്പോഴും വ്യക്തിസുരക്ഷയിൽ അടിച്ച് കൊല്ലപ്പെട്ട സഹോദരനു രാജ്യസുരക്ഷയിൽ ഇന്ത്യാചൈന അതിർത്തി ഗ്രാമങ്ങളിൽ നിന്നും പാലായനം ചെയ്യേപ്പെടേണ്ടി വന്ന സഹോദരൻമാരും ഉൾപ്പെടുന്നു.



എല്ലാ സാമൂഹ്യസേവനങ്ങളെ ആധാറുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്ന ആൾക്കാർ ഇൻകം ടാക്സ് ഡെമോസ്ട്രേഷൻ തുടങ്ങി ജനങ്ങളുടെ സൈര്വജീവിതത്തിന് തുടക്കം വയ്ക്കുന്നു. ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെയാണ് യഥാർത്ഥത്തിൽ ഇത് ഹനിക്കുന്നത്. അവിടെയാണ് ജനാധിപത്യ വ്യവസ്ഥ എന്ത് എങ്ങനെയാണ് നാം ചിന്തിക്കേണ്ടത്. വരികൾക്കിടയിലൂടെ വായിച്ചാൽ യു.പി.എ, ബി.ജെ.പി. ഗവൺമെന്റുകൾക്കുപരിയായി ഇവിടുത്തെ സാമ്പത്തിക സ്വാതന്ത്ര്യ തലവൻമാരാണ് ജനഭരണം നടത്തുന്ന എന്ന് നമുക്ക് കാണാൻ സാധിക്കും. ഇതിനെതിരെ സ്വാതന്ത്ര്യ നിലപാട് എടുത്തത് ഇടതുപക്ഷമാണെന്നതിനും തർക്കമില്ല. സീതാംറാംയച്ചൂരി ഉൾപ്പെടെയുള്ള നേതാക്കളാണ് ഇതിനെതിരെ പോരാടിയത്. സ്വതന്ത്ര നയത്തെ കേന്ദ്രസർക്കാർ അടിച്ചമർത്തുന്നത് കാര്യങ്ങൾ ഞങ്ങളുടെ നിയന്ത്രണത്തിൽ വരാത്തന്നതിനും വേണ്ട എന്നാൽ ഇതിനേറ്റ കനത്ത അടിയാണ്. സ്വകാര്യത മൗലികാവകാശം എന്ന സുപ്രീം കോടതി വിധി. ഇന്ത്യയിൽ ജനാധിപത്യം പുലരണം എന്ന് കരുതാൻ ഇന്ത്യജനത ഈ വിധിയെ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. ●





# മുറിവ്

പ്രാണവായുവിനായ് കേണു പിടഞ്ഞു
പൊലിഞ്ഞു പോയ് എഴുപത് കുരുന്നുകൾ
പ്രാണനുരുകുന്ന നീറ്റൽ, മാതൃവിലാപങ്ങൾ
പല ന്യായമോതും പ്രാണായാമ ഘോഷികൾ
ഒത്തുപഠിച്ചവർ, ഓടിക്കളിച്ചവരൊട്ടുമേ
ഒന്നിച്ചിടല്ലേ,ഒക്കെയും അന്യമതക്കാരത്രേ!
ഒക്കത്തെടുത്ത് കൊഞ്ചിച്ച അയലത്തമ്മ
അകറ്റപ്പെടേണ്ടവൾ, 'മേത്തച്ചി'യുമ്മയല്ലേ
പരീക്ഷണങ്ങളനവധി പരിഷ്ക്കാരങ്ങളും
പയ്യിനും കന്നിനും ആധാറിനായ് പായുന്നു.
അന്നവുമാധാരവുമില്ലാ പട്ടിണിപ്പാവങ്ങൾ
പിറന്നമണ്ണിൽ സ്വസ്ഥമായ് ശയിക്കുകിൽ
ശവത്തിനും വേണമത്രേ ആധാറുരേഖ.
ദൈവത്തിന്നുംപോലും ദഹിക്കാത്തവയൊക്കെ
ദേവനും ദേവിക്കും പുനർവായനകളായ്,
നിമിനേരമാത്രയിലുദിക്കുന്നു ചുറ്റിലും
പള്ളികൾ, ക്ഷേത്രങ്ങൾ, പള്ളികൾ, ക്ഷേത്രങ്ങൾ
മതത്തിന്നായ് കൊത്തി വലിക്കുന്നു കുട്ടികളെ
ചിലർ, പരിവർത്തനം ഇത് മത തീവ്രതയോ
സൗഹൃദം കുറയുന്നു സ്പർദ്ദപെരുകുന്നു.
വറ്റുന്ന മനുഷ്യത്വം, തമ്മിൽ വെട്ടിമരിക്കുന്നു.
എഴുപതാണ്ടുകൾ പിന്നിട്ടു സ്വതന്ത്ര ഇന്ത്യ
എന്നിട്ടും നാമെന്തു കഴിക്കണം, ഉടുക്കണം
എന്തെഴുതണം ഇനി എന്ത് ചിന്തിക്കണം
എന്നതും ആരോകൽപ്പിക്കും ഗതികേട്!
ഉലയൂതി പടർത്തുന്ന ജാതിമതവിഷപ്പുക
ഉറവിന്നാഴങ്ങൾ തകർക്കും അപകടമെന്നത്
ഉറക്കെയുറക്കെ വിളിച്ചു പറഞ്ഞിടാം
ഉറങ്ങാതെ, മിഴിയൊന്നടയ്ക്കാതെ കാക്കാം
അപരന്റെ നോവിനെ ഹൃത്തിലേറ്റുപങ്കിടാം
ഉണർവ്വിന്നുർവ്വരതിയിലൂറ്റം കൊള്ളാൻ
ഉദയസൂര്യനായ് ജ്വലിക്കാം യുവത്വമായ്.



**പ്രേംസുജ**
കോഴ്സ് ഡിവിഷൻ



# പശുവും മനുഷ്യരും കുറേ ചെന്നായ്ക്കളും



**കുമാർ ആർ.**
ഇൻഫോർമാറ്റിക്സ് ഡിവിഷൻ

രാജ്യത്തെങ്ങും ഗോ സംരക്ഷണത്തിന്റെ പേരിൽ കൊലപാതകങ്ങളും ആക്രമണങ്ങളും നടക്കുന്ന ഒരു രാജ്യമായാണ് ഇന്ന് ഇന്ത്യ ലോകത്തിന് മുന്നിൽ അറിയപ്പെടുന്നത്. ആർ.എസ്.എസ്. നിയന്ത്രിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഭരണത്തിൻ കീഴിൽ പശുവിനാണോ മനുഷ്യനാണോ ഇന്ത്യയിൽ ജീവിക്കാൻ അവകാശം എന്ന തർക്കം നിലനിൽക്കുന്ന ഒരു അവസ്ഥയാണ് ഇന്നുള്ളത്. എന്നാൽ ഭരണത്തിന്റെ ഭൂരിപക്ഷം ആയുധമാക്കി പശുവിന് വിശുദ്ധപദവി നൽകാൻ ശ്രമിച്ചുക്കൊണ്ടേയിരിക്കുന്നു. സാധാരണ ജനങ്ങൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനുള്ള ഏറ്റവും പ്രായോഗികമായ മാർഗ്ഗം മാംസമാണ്. ഗോസംരക്ഷണ ആക്രമണങ്ങളിലുടെയും കന്നുകാലി കച്ചവട നിരോധനത്തിലൂടെയും ആർ.എസ്.എസിന്റെ അജണ്ടകൾ ഓരോന്നായി ഇന്ത്യയിൽ നടപ്പാക്കിവരുന്നു. വസ്ത്രധാരണരീതിയും ആർ.എസ്.എസ് തീരുമാനിക്കും എന്നതും നമ്മൾ കണ്ടതാണ്. ഗോരക്ഷകരെ നിയന്ത്രിക്കുമെന്ന് പ്രധാനമന്ത്രി പറയുമ്പോഴും ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഇതിന്റെ പേരിൽ കൊലപാതകവും ആക്രമണങ്ങളും കൊള്ളയും കൊള്ളിവെപ്പും നടക്കുന്നുണ്ട്. ഒരു ഭാഗത്ത് ഹിന്ദുത്വം അടിച്ചേൽപ്പിക്കാൻ ശ്രമം നടക്കുമ്പോൾ മറുവശത്ത് മുസ്ലീം ക്രൈസ്തവ പിന്നോക്ക വിഭാഗങ്ങളെ ഇല്ലായ്മചെയ്യാൻ ശ്രമിക്കുന്നു. ഇന്ത്യൻ ദേശീയതയ്ക്ക് പകരം ഹിന്ദു ദേശീയതയാണ് ഇതുവഴി അടിച്ചേൽപ്പിക്കുന്നത്. ഹിന്ദുവല്ലാത്തവർക്ക് ഈ രാജ്യത്ത് സ്ഥാനമില്ല എന്നും ആർ.എസ്.എസ് പലവട്ടം പ്രഖ്യാപിച്ചുകഴിഞ്ഞു.

രാജ്യത്ത് കാർഷിക പ്രതിസന്ധി അതിരൂക്ഷമാണ്. കടക്കെണിയിലായ കർഷകരുടെ ആത്ഹത്യ പെരുകുന്നു. ഈ ഘട്ടത്തിൽ അത്തരം പ്രശ്നങ്ങൾ ഒന്നും കാണാതെ പശുവിന്റെയും വർഗ്ഗീയതയുടെയും പേരിൽ കലാപമുണ്ടാക്കി ഈ രാജ്യം തങ്ങളുടെ കൈകളിൽ ഒതുക്കുവാൻ ആർ.എസ്.എസ് ന്റെയും വർഗ്ഗീയവാദികളുടെയും പരിശ്രമത്തിനെതിരെ വലിയ പ്രതിഷേധങ്ങൾ ഉയർന്നുവരേണ്ടതുണ്ട്.

സ്വതന്ത്ര രാഷ്ട്രമായി ഇന്ത്യ നിലവിൽ വന്നത് അതിലെ പൗരൻമാർക്ക് മുഴുവൻ ഒരേ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും സമത്വവും ഉറപ്പുനൽകിക്കൊണ്ടാണ് എന്നാൽ ഈ അവകാശങ്ങളെ വ്യാജ ദേശസ്നേഹികൾ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചുക്കൊണ്ടിരിക്കുന്നു. കേന്ദ്രഭരണത്തിന്റെ സ്വാധീനം പരമാവധി ഉപയോഗിച്ച് പണം കൈപ്പറ്റുക എന്നതാണ്. ആർ.എസ്.എസ്, ബി.ജെ.പി കക്ഷികളുടെ പരമപ്രധാന പ്രവർത്തനമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ രാജ്യത്തെ സാധാരണക്കാ




രായ ജനങ്ങൾക്ക് ഈ സർക്കാരിൽ നിന്നും എന്ത് നേട്ടമാണ് ഉണ്ടായത് എന്ന് പരിശോധിക്കേണ്ട കാര്യമാണ്. ആർ.എസ്.എസിന്റെയും ബി.ജെ.പി.യുടെയും വലുതും ചെറുതുമായ നേതാക്കളും പ്രവർത്തകരും അഴിമതിയുടെ ചെളികൂണ്ടിൽ ആഴ്ന്നിറങ്ങിയ ചിത്രമാണ് നമുക്ക് മുൻപിലുള്ളത്. അഴിമതി കാണിക്കാൻ ഒരു ചെറിയ പഴുതെങ്കിലും കിട്ടിയാൽ പരാവധി അതുമുതലെടുക്കുന്നതിന്റെ അമ്പരപ്പിക്കുന്ന അഴിമതിവിവരങ്ങളാണ് പലഭാഗങ്ങളിൽ നിന്നും പുറത്ത് വരുന്നത്. ഇതിനിടയിൽ നോട്ടടിക്കുന്ന മിഷ്യൻ ഉപയോഗിച്ചു ആവശ്യമുള്ള പണം സ്വയം നിർമ്മിച്ച് ഉപയോഗിക്കുന്നവരെയും നമ്മൾ കണ്ടതാണ്.

ആർ.എസ്.എസ്. ബി.ജെ.പി. നേതൃത്വത്തിന്റെ ദേശീയതയെ കുറിച്ചുള്ള ആക്രോശങ്ങൾ അവരുടെ രാജ്യദ്രോഹ അധോലോക ബന്ധങ്ങളെ മറച്ചുപിടിക്കുവാനുള്ള കുശലവും പ്രചാരണതന്ത്രവുമാണ്, ന്യൂനപക്ഷങ്ങളെയും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരെയും കമ്മ്യൂണിസ്റ്റുകാരെയും തുടങ്ങി ഇവരുടെ അജണ്ടകൾ നടപ്പിലാക്കുന്നതിന് എതിരുനിൽക്കുന്നവരെ രാജ്യദ്രോഹികളായി മുദ്ര കുത്തി വേട്ടയാടുന്നു. ഇന്ത്യയിലെ കോർപ്പറേറ്റ് മാധ്യമങ്ങൾ ഒന്നാകെ ദേശീയതയെ ഭ്രാന്താക്കി മാറ്റാനുള്ള സംഘപരിവാർ അജണ്ടയുടെ പ്രചാരകരായി പ്രവർത്തിക്കുന്നത് ഏറെ ദുഖഃകരമാണ്.

**ചികിൽത്സയിലുള്ള കുഞ്ഞുങ്ങൾക്ക്**

ഓക്സിജൻ ലഭിക്കാതെ മരണപ്പെടുന്ന നൂറുകണക്കിന് ജീവനുകൾ പിടഞ്ഞു മരിച്ചത് നാം മറക്കാൻ സമയമായില്ല. അവിടെയൊന്നും ഒരു കേന്ദ്രമന്ത്രിമാരും ഓടി എത്തിയില്ല. മക്കളെ നഷ്ടപ്പെട്ട ആ അമ്മമാരുടെ കണ്ണീർ ഒരാളും കണ്ടില്ല എന്നാൽ വ്യക്തിപരമായ വൈരാഗ്യം കാരണം ഒരാൾ കൊല്ലപ്പെട്ടാൽ അത് കമ്മ്യൂണിസിറ്റുകാരന്റെ ചുമലിൽ കെട്ടിവെയ്ക്കാനും ഇല്ലാത്ത നുണ പ്രചരണങ്ങൾ നടത്തി ദേശീയ വിഷയമാക്കി മാറ്റാനും ഒരു മടിയുമില്ലാത്ത ഭീകരസത്വങ്ങൾ ഉള്ള ഒരു നെറികെട്ട പ്രസ്ഥാനത്തിന്റെ ഒരു നേതാവും ഇന്ത്യയിലെ പാവപ്പെട്ടവന്റെ ജീവന് ഒരു വിലയും കല്പിക്കുന്നില്ല. രാജ്യത്ത് സ്നേഹത്തോടെയും സൗഹാർദ്ദത്തോടെയും ഒരുമയോടെയും ജീവിക്കുന്ന ജനങ്ങളെ ഭിന്നിപ്പിച്ചും തമ്മിലടിപ്പിച്ചും ഇവരെ ഇല്ലായ്മ ചെയ്തുകൊണ്ട് തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ സംഘപരിവാർ ശക്തികൾ ശ്രമിക്കുമ്പോൾ ഇവർക്ക് എങ്ങനെ ഇതിന് അവസരം ലഭിച്ചുവെന്നും നമ്മൾ കാണണം. കോൺഗ്രസിനെയും ആ പാർട്ടിയുടെ നേതൃത്വത്തിൽ ഉള്ള ഗവൺമെന്റുകളുടെയും അഴിമതിയും ജനവിരുദ്ധനയങ്ങളുമാണ് കോൺഗ്രസ് അധികാരത്തിൽനിന്നും തുടച്ചുനീക്കാൻ ഇടയാക്കിയത്. സ്വാ






തന്ത്യസമരത്തിന്റെ പൈതൃകം പേറിയ ആ പ്രസ്ഥാനം പിന്നീട് അഴിമതിയിൽ ആവോളം മുങ്ങി ജീർണ്ണിക്കുകയും ജനങ്ങളിൽ നിന്നും പാടേ അകലുകയും ചെയ്ത പാശ്ചത്തലത്തിലാണ് ബി.ജെ.പി. യ്ക്ക് ഒരു അവസരം കിട്ടിയത്. വേറിട്ട പാർട്ടി അഴിമതി രഹിതമായ പാർട്ടി തുടങ്ങിയ പ്രചരണങ്ങളിലൂടെ ബി.ജെ.പി രംഗപ്രവേശം ചെയ്തു. കോൺഗ്രസിന് അഴിമതിയുടെ അഴുക്കുചാലിൽ വീണ് കെട്ടുനാറാൻ ദശകങ്ങൾ വേണ്ടി വന്നുവെങ്കിൽ ആർ.എസ്.എസ് നിയന്ത്രണത്തിലുള്ള ബി.ജെ.പി അധികാരം തുടങ്ങിയതുമുതൽ തന്നെ അഴിമതിയുടെ രുചി നുകരാൻ തുടങ്ങി. ഭരണത്തിന്റെ തണലിൽ നിൽക്കുന്ന സാധാരണ പ്രവർത്തകരായ നേതാക്കൾക്കെതിരെ പോലും ഗുരുതരമായ ആരോപണങ്ങൾ ഉയർന്നു. ദേശീയതലത്തിൽ തന്നെ ബി.ജെ.പി അധികാരത്തിലെത്തുന്നതിന് മുൻപ് ഉയർന്നു വന്ന മിക്ക കുംഭകോണങ്ങളിലും അഴിമതികളിലും ബി.ജെ.പി ആർ.എസ്.എസ് ഉന്നതർക്ക് പങ്കുണ്ട് എന്നത് നേരത്തെ വെളിവായ കാര്യമാണ്. ജയിൻഹവാല, ശവപ്പെട്ടി കുംഭകോണം, വ്യാപം അഴിമതി, മെഡിക്കൽകോളേജ്കോഴ തുടങ്ങി ടാറ്റയ്ക്കും, അംബാനിക്കും കോടികളുടെ കടം എഴുതി തള്ളുന്നതും അഴിമതിയിലൂടെയാണ്. ഇവിടെ തിരുവനന്തപുരം നഗരസഭയിൽ പ്രതിപക്ഷമായിരിക്കാൻ ഒരു അവസരം ലഭിച്ചപ്പോൾ നടത്തിയ അഴിമതികളുടെ കഥകൾ ഈ അടുത്തകാലത്ത് നാം കണ്ടതാണ്. ഇത്തരത്തിലുള്ള പുറത്ത് വരുന്ന അഴിമതികളെ ജനങ്ങളുടെ ഇടയിൽ ചർച്ചചെയ്യപ്പെടാതിരിക്കാനാണ് ആക്രമവും കൊലപാതകവുമൊക്കെ ഈ രാജ്യത്ത് ആർ.എസ്. എസ് ഉം ബി.ജെ.പിയും നടത്തുന്നത് എന്ന് നാം മനസിലാക്കണം വരാനിരിക്കുന്ന ലോക് സഭ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഭക്ഷണത്തിന്റെ പേരിൽ വസ്ത്രത്തിന്റെ പേരിൽ ജീവിതരീതിയുടെ പേരിൽ വിതയ്ക്കുന്നത് ഫാസിറ്റ് ഭിന്നതയുടെ വിത്താണ്. സംഘർഷം സൃഷ്ടിച്ചു രാഷ്ട്രീയ നേട്ടമുണ്ടാക്കുക എന്നത് ആർ.എസ്.എസ് മുറുകെപിടിക്കുന്ന ആശയമാണ്. അത് അംഗീകരിക്കാൻ വിസമ്മതിക്കുന്നവരെ ശത്രുപക്ഷത്ത് നിർത്തുക. അവരെ ഇല്ലായ്മ ചെയ്യുക എന്നതും ആർ.എസ്.എസ് ന്റെ നയമാണ്. രാജ്യത്തിന്റെ ഭരണഘടനയെയും ജനാധിപത്യ മൂല്യങ്ങളെയും നിരസിക്കുന്നതുമാണ് അതുകൊണ്ട് തന്നെ ഇത്തരം പ്രവർത്തനങ്ങൾ തുറന്ന് കാട്ടപ്പെടേണ്ടതും എതിർക്കപ്പെടേണ്ടതുമാണ്. രാജ്യത്തിലെ മഹാഭൂരിപക്ഷം പേരുടെയും സ്വാതന്ത്ര്യത്തെ നിക്ഷേധിക്കുന്നതാണ് അസഹിഷ്ണുതയിൽ ആഴ്ന്നിറങ്ങിയ ആർ.എസ്.എസ് ന്റെ ഈ ചിന്താഗതി. ഇതിനെ ചെറുത്തു തോൽപ്പിക്കേണ്ടത് ഇന്ത്യയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് എന്ന് ഇന്ത്യയിലെ മഹാഭൂരിപക്ഷം ജനങ്ങളും ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും ബഹു. രാഷ്ട്രപതിയും ഉപരാഷ്ട്ടപതിയും ആർ.എസ്.എസ്. അജണ്ടയുടെ ഭാഗമായി രാഷ്ട്രപതിഭവനിൽ എത്തി എന്നതിനാൽ പിന്നീടുള്ള ഏക പ്രതീക്ഷ സുപ്രീം കോടതി മാത്രം. 10 ലക്ഷത്തിന്റെ കോട്ടും സ്യൂട്ടുമിട്ട് പട്ടിണിക്കാരന്റെ പിച്ചച്ചട്ടിയിൽ ജി.എസ്.ടിയുടെ പേരിൽ കയ്യിട്ടു വാരുന്ന ഭരണാധികാരികൾ ഇന്ത്യയിലെ ഏതുവിഭാഗം ജനങ്ങളുടെ രക്ഷകരാണ് എന്ന് വ്യക്തമാക്കണം. മനുഷ്യനെക്കാളേറെ മൃഗത്തിന് പരിഗണന നൽകാനുള്ള തീരുമാനത്തിന് ബഹു. സുപ്രീംകോടതിയുടെ ''മനുഷ്യന്റെ അവകാശമാണ് അവന്റെ സ്വീകാര്യത'' എന്ന നിഗമനവും ഏറെ ആശ്വാസം നൽകുന്നതാണ്. ഇന്ത്യയെ ചെകുത്താന്മാരുടെ രാജ്യമാക്കി മാറ്റാനുള്ള ഇത്തരം സംഘങ്ങളുടെ പ്രലോഭനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് എം.പിമാരും എം.എൽ.എമാരും വരെ പെട്ടുപോയി എന്നത് നാം കാണണം. അധികാരവും അഴിമതിയും ഇല്ലാതെ ഇവർക്ക് ജീവിക്കാൻ കഴിയില്ല എന്നതാണ് ഇതിനു കാരണം. എന്തായാലും ഇനിയും ഒരവസരം കൂടി ഇന്ത്യ ഈ നരഭോജികളുടെ കൈകളിൽ എത്തിയാൽ എന്താകും എന്ന് മുൻകൂട്ടി കണ്ടുകൊണ്ടു വേണം വരുന്ന തിരഞ്ഞെടുപ്പുകളെ നാം സ്വീകരിക്കേണ്ടത്.



# ഐ.സി.റ്റി. ശിൽപശാല

സി-ഡിറ്റിന്റെ ഭരണവകുപ്പ് പി.ആർ.ഡി.യിൽ നിന്നും ഐ.ടി.യിലേക്കു മാറ്റി സർക്കാർ ഉത്തരവിറങ്ങി. ഈ മാറ്റത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ സി-ഡിറ്റിന്റെ ഐ.സി.റ്റി. മേഖല ശാക്തീകരണത്തിനായി 10 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിത്തുക വിനിയോഗസാധ്യതകൾ ആരായുന്നതിനും പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനുമായി വിവിധ വകുപ്പുകളിലെ സാങ്കേതിക ജീവനക്കാർക്കുവേണ്ടിയുള്ള ദ്വിദിന ഐ.സി. റ്റി. ശിൽപശാല ഓഗസ്റ്റ് 18, 19 തീയതികളിൽ സി.എം.ഡി., ഗോർക്കിഭവൻ എന്നിവിടങ്ങളിൽ നടത്തപ്പെട്ടു. വകുപ്പുമേധാവികൾ പുതിയ പദ്ധതികൾ സംബന്ധിച്ചു അവതരണം നടത്തി. ശിൽപശാലയിൽ സി-ഡിറ്റ് ജോയിന്റ് ഡയറക്ടർ ഡോ. പി.വി. ഉണ്ണികൃഷ്ണൻ, രജിസ്ട്രാർ ശ്രീ. ജയരാജ് ജി. എന്നിവർ നേതൃത്വം നൽകി.






Best Wishes from.....

Sunil G.R
Managing Partner

Mob : 09387482300
09400830000

media TRENDZ
a complete media solution

Media Production | Camera & Light Rental | Capturing live Show | HD Post production Lab

NLRA - 295, Ulloor, Medical College P.O., Thiruvananthapuram
www.mediatrendz.co.in | email: mediatrendz3@gmail.com




# INVENTION

In this invention, a unique identification and authentication process for the currency is devised using the Chaotic Element Technology (CET).

**Sajan Ambadiyil**

A new technology for Banknote/currency authentication using Chaotic Elements Technology (CET) devised by Sajan Ambadiyil, Scientist (Research), Head (Optical Image Processing and Security Products) in association with Prof. Radhakrishna Prabhu, Robert Gordon University, Aberdeen, United Kingdom and Prof. V P Mahadevan Pillai, Department of Optoelectronics, University of Kerala, India has been accepted for the presentation in SPIE Security + Defence 2017, an International Conference going to held in Warsaw, Poland, on 11 - 14 September 2017. The technology will be presented under Counterterrorism, Crime Fighting, Forensics and Surveillance session of the said conference by Prof. Radhakrishna Prabhu, The Robert Gordon Univ. (United Kingdom). SPIE, the international society for optics and photonics, was founded in 1955 to advance light-based technologies. SPIE annually organizes and sponsors approximately 25 major technical forums, exhibitions, and education programs in North America, Europe, Asia, and the








A chaotic element means that the physical elements are formed from a random process independent from human intervention.


South Pacific. SPIE Security + Defense is one of the major events that cross the divide between fundamental optical science and the application of the underpinning technologies in advanced security and defense-related areas.

The counterfeit currency is a growing threat to the society since the advancements in the field of computers, scanners and photocopiers, as they have made the duplication process for currency much simpler. The fake currency detection systems developed so far have many drawbacks such as high cost, poor accuracy, unavailability, lack of user-friendliness and lower effectiveness. One possible solution to this problem could be the use of a system uniquely linked to the currency itself. In this invention, a unique identification and authentication process for the currency is devised using the Chaotic Element Technology (CET). A chaotic element means that the physical elements are formed from a random process independent from human intervention. The chaotic elements used in this invention are the random distribution patterns of such security fibres set into the paper pulp. A unique ID is generated from the fibre pattern obtained from UV image of the currency, which can be verified by any person who receives the currency to decide whether the currency is authentic or not. Apart from security, this technology can facilitate automation, secure track and trace, effective maintenance of inventory at various levels; knowledge based identification and added protection. This technology can also be integrated with smart phone which enables the public for easy and automated verification of any documents.






# CEANLET
## RELEASE
2017




















ceanlet 2017


HAPPY ONAM
ഭവന വായ്പ
കുറഞ്ഞ പലിശ നിരക്ക്
SBI HOME LOANS
വാഹന വായ്പ
● പ്രോസസിംഗ് ചാർജ്ജ് ഇല്ല
● 100% ഫൈനാൻസ്
● ഏറ്റവും കുറഞ്ഞ ഇ.എം.ഐ
● ഏറ്റവും ദൈർഘ്യമുള്ള തിരിച്ചടയ്ക്കൽ കാലാവധി 7 വർഷം
CAMRY
ഗോൾഡ് ലോൺ
● ലളിതമായ നടപടിക്രമം
● ഭൂമി പണയപ്പെടുത്തേണ്ട
● എസ്.ബി.ഐ. സ്വർണ്ണപ്പണയ വായ്പ
● സൗകര്യമുള്ള തിരിച്ചടയ്ക്കൽ കാലയളവ്
● കാത്തിരിപ്പുവേണ്ട
കുറഞ്ഞ പലിശനിരക്ക്
SBI
STATE BANK OF INDIA
TRIVANDRUM CITY BRANCH
Contact: 8330011058, Email: trivandrum1@sbi.co.in

# മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ സി-ഡിറ്റ് ജീവനക്കാരുടെ സംസ്ഥാന പ്രവർത്തക യോഗം

2017 ആഗസ്റ്റ് 12



സി.ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മോട്ടാർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിലെ സി.ഡിറ്റ് ജീവനക്കാരുടെ പ്രഥമസമ്മേളനം സ:എ.സമ്പത്ത് എം.പി.ഉദ്ഘാടനം ചെയ്തു. സി.ഡിറ്റും മോട്ടാർ വാഹന വകുപ്പുമായുള്ള കരാർ 2012 ൽ അവസാനിച്ചെങ്കിലും ഇതു പുതുക്കുന്നതിനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇതുമൂലം ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാർ ഗൗരവമായി പരിഗണിക്കണം. 2010 ലെ ശമ്പളമാണ് ജീവനക്കാർക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്നത്. ശമ്പള നിരക്കിൽ കാലാനുസൃതമായ പരിഷ്കരണം വരുത്തി പുതുക്കിയ കരാർ പ്രാബല്യത്തിൽ വരുത്തണം. ഇതിനു പുറമെ മോട്ടാർ വാഹന വകുപ്പിന്റെ വിവിധ പദ്ധതികൾ സ്വകാര്യ സ്ഥാപനങ്ങൾക്കും സൊസൈറ്റികൾക്കും നൽകുന്നതിന് നടത്തുന്ന ശ്രമങ്ങൾ ഗതാഗത വകുപ്പ് മന്ത്രി ഇടപെട്ട് തടയണം. 2010 മുതൽ എഫ്. എം. എസ്. പ്രൊജക്ട് നിർവഹണം സി.ഡിറ്റ് ആണ് നടത്തി വരുന്നത്. വിവിധ ജില്ലകളിലായി 200 ൽ പരം ജീവനക്കാരാണ് ഈ പദ്ധതിയിൽ പ്രവർത്തിക്കുന്നു. ജീവനക്കാർക്കും പദ്ധതിക്കും ആവശ്യമായ അടിസ്ഥാന സൗകര്യം സി.ഡിറ്റിലും മോട്ടാർ വാഹന വകുപ്പും അടിയന്തരിമായി ഏർപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സി.ഡിറ്റ് എംപ്ലോയീസ് അസോസിയേൻ ജനറൽ സെക്രട്ടറി ബി. സതീശൻ അധ്യക്ഷൻ ആയിരുന്നു. അജീഷ്, എം.ആർ, ജി ബി.പി എബ്രഹാം, സുധീപ്. സി. എന്നിവർ സംസാരിച്ചു. ഭാരവാഹികളായി പ്രവീൺ എം.എസ് (കൊല്ലം) (സെക്രട്ടറി) ചന്ദ്രലേഖ യു (തിരുവനന്തപുരം)സ സൂധിപ് സി (പാലക്കാട്) അനുപമ ഒ.കെ (കോഴിക്കോട്) ജിസൺ പി.ജോർജ്ജ് (കോട്ടയം) ജോയിന്റ് സെകട്ടറിമാർ), അനിത്ത് എം.വി.(തിരുവനന്തപുരം) (ട്രഷറർ) എന്നിവരേയും സമ്മേളനം തിരഞ്ഞെടുത്തു.









# DRUGS
## DRAG YOU DOWN

Muhammed Swaraj .SP

എന്നിലില്ലാത്ത ഭയം
അടിക്കും ഞാൻ ആദ്യദിനങ്ങളിൽ
ആർക്കുമറിയാത്ത.................ഒരു.......
എന്തോ.................ഒരു ................... സ്പർശം
എന്നിൽ രൂപപ്പെട്ടു......!
തേടി ഞാൻ എല്ലാം വശത്തേക്കും..............
കണ്ടില്ല ഞാൻ .......... കണ്ടില്ല ഞാൻ
എന്നിൽ എപ്പോഴും വികാര ചിന്തകൾ
ഇനി ചെയ്യരുത്...........
ചിന്തിക്കുന്തോറും......ചിന്തിക്കുതോറും.......
മാറുന്നില്ല കവല..........
കൈകളിൽ എപ്പോഴും ചലനം
ചലിക്കാത്ത കാലുകൾ പോലും ചലനം.....
ആഴല്ലേ......................അഴല്ലേ...........................
അഴാതെ........................!





അമൃത. ബി

# അമ്മ

ഏതൊരു തെറ്റിനും മാപ്പു നൽകുന്ന
കോടതിയാണെന്റെ അമ്മ
കണ്ണീരിൽ ഞാൻ നനയുമ്പോൾ
ആശ്വാസമേന്തി എൻ ശക്തിയായി നിൽക്കുമെന്നമ്മ
അമ്മിഞ്ഞ പാലിന്റെ മധുരം നുകരാൻ
എന്നെ പഠിപ്പിച്ചോരമ്മ
വിദ്യ പഠിക്കുവാൻ വിദ്യാലയത്തിലേക്കെന്നെ
എത്തിച്ചോരെൻ അമ്മ
നന്മയായ് നിന്നൊരെൻ തിന്മകൾ മായിച്ചീടും
വഴികാട്ടിയാണെന്റെ അമ്മ
മനസ്സിൽ വിഷമങ്ങൾ എന്നും പറഞ്ഞീടാൻ
ഒരു സൂഹൃത്തായി എൻ കൂടെ അമ്മ
അമ്മേ നിയെൻകൂടെ എന്നുമൊരു
താങ്ങായ്, തണലായ്, നേർവഴിയായി വേണം



# ഭാഷാമിത്രം

## നിഘണ്ടു പ്രകാശനം

സി-ഡിറ്റ് തയ്യാറാക്കിയ ഭാഷാമിത്രം നിഘണ്ടു മൊബൈൽ ആപ്പ് ബഹു; മുഖ്യമന്ത്രിയും സി-ഡിറ്റ് ചെയർമാനുമായ ശ്രീ. പിണറായി വിജയൻ പ്രകാശനം ചെയ്തു. ഇംഗ്ലീഷ്-മലയാളം നിഘണ്ടു, മലയാളം- ഇംഗ്ലീഷ് നിഘണ്ടു, മലയാളം നാനാർത്ഥ നിഘണ്ടു എന്നിവ ഉൾച്ചേർന്ന ആപ്പ് മലയാള ഭാഷയിൽ ഇത്തരുണത്തിൽ ആദ്യ കാൽവയ്പാണ്. ഇതിനോടകം മാധ്യമ സമൂഹം അടക്കം വിവിധ മേഖലകളിൽനിന്ന് ഭാഷാമൃതം നിഘണ്ടു ആപ്പിന് ഏറെ പ്രശംസ ലഭിച്ചു വെന്നത് അഭിമാനകരമാണ്.






# കെ.എസ്.എഫ്.ഡി.സിയിലെ സ: അജിത്തിന്റെ യാത്രയയപ്പ്



കെ.എസ്.എഫ്.ഡി.സി യുടെ അനുബന്ധ സ്ഥാപനമായി ചിത്രാഞ്ജലി സ്റ്റുഡിയോ ക്യാമ്പസിൽ 1989–ൽ ആരംഭിച്ച സി.ഡിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ഏറെ പിന്തുണ നൽകിയിട്ടുള്ള സംഘടനയാണ് കെ.എസ്.എഫ്.ഡി.സി എംപ്ലോയീസ് യൂണിയൻ (സി.ഐ.റ്റി.യു) സി.ഡിറ്റിന്റെ ആരംഭം മുതൽക്ക് പ്രവർത്തിച്ചുവരുന്ന സി.ഇ.എ യും കെ.എസ്.എഫ്.ഡി.സി യിലെ നമ്മുടെ യൂണിയനും ഒരേ മനസ്സോടെ രണ്ട് പതിറ്റാണ്ടായി ഒന്നിച്ചു പ്രവർത്തിച്ചുവരുന്നു. അന്നു മുതൽക്ക് കെ.എസ്.എഫ്.ഡി.സി യിലെ യൂണിയനെ പ്രതിനിധികരിച്ച് സി.ഡിറ്റിന്റെ പ്രവർത്തനങ്ങളിലും സി.ഇ.എ യുടെ പ്രക്ഷോഭങ്ങളിലും പങ്കാളിയായിരുന്ന നേതാവാണ് സ: അജിത്. കെ.എസ്.എഫ്.ഡി.സി സൊസൈറ്റിയുടെ സെക്രട്ടറിയായും യൂണിയന്റെ സെക്രട്ടറിയായും ഏറെ നാളായി നേതൃത്വ നിരയിൽ പ്രവർത്തിച്ചുവരുന്ന സ: അജിത്ത് 2017 ജൂലൈ 31 ന് സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി. കെ.എസ്.എഫ്.ഡി.സി യിൽ സ: അജിത്തിന് വിപുലമായ യാത്രയയപ്പു ചടങ്ങാണ് സംഘടിപ്പിക്കുകയുണ്ടായത്. കെ.എസ്.എഫ്.ഡി.സി ചെയർമാൻ, മാനേജിംഗ് ഡയറക്ടർ തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. സി-ഇ.എ യെ പ്രതിനിധികരിച്ച് സെക്രട്ടറി ബി. സതീശൻ പങ്കെടുക്കുകയും ആശംസകൾ നേർപ്പിക്കുകയും ചെയ്തു. സി.ഇ.എ യുടെ ഉപകാരം തദവസരത്തിൽ സ: അജിത്തിന് നൽകി.

# ജീവിതം... സിനിമാ... മാജിക്ക്.



Renjith Raj. R
Editing Student,Course divison

ജീവിതം, സിനിമ, മാജിക്ക് ഇവ മൂന്നിനും ഒരേ മുഖമാണ്. പോസ്റ്റ് പ്രൊഡക്ഷൻ എന്ന പ്രക്രിയയിലൂടെ കടന്നുപോകുന്നവയാണ് ഇവ മൂന്നും. ഒരു മനുഷ്യന്റെ ജീവിതത്തെ സുപ്രസിദ്ധ എഴുത്തുകാരൻ ഷേക്സ്പിയർ നാടകവുമായാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം ഓരോ കാലഘട്ടത്തേയും ഓരോ സ്റ്റേജ് ആയി തരം തിരിച്ചിരിക്കുന്നു.

ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നിങ്ങനെ. പല കാലഘട്ടം അഥവാ അവസ്ഥയിലൂടെയാണ് ജീവിതം പരിവസാനിക്കുന്നത്. ഇതുപോലെയാണ് സിനിമയിലും. പിന്നെ അത് ക്യാമറയിലൂടെ കടന്ന് അഭിനയം, ചിത്രീകരണം, സംയോജനം എന്നീ അവസ്ഥയിലൂടെ കടന്നുപോയി ഒടുവിൽ പ്രദർശനം എന്ന അവസ്ഥയിൽ പര്യവസാനിക്കുന്നു.

മാജിക്ക് അഥവാ മാന്ത്രികം എന്ന കലാരൂപത്തിലും ഈ അവസ്ഥയുടെ ആവശ്യകത വളരെ വലുതാണ്. ഒരു മജീഷ്യന്റെ ബുദ്ധിയിൽ ഉദിക്കുന്ന തന്റെ മാജിക്ക് തന്ത്രമാണ് അതിന്റെ ജനനം. പിന്നെ അത് ആ മജീഷ്യന്റെ അഭ്യാസത്തിലൂടെയും വിദ്യയിലൂടെയും വസ്തുതകളിലൂടെയും കടന്നുപോയി.

ഒടുവിൽ പ്രദർശനം അഥവാ മാജിക്ക് എന്ന അവസ്ഥയ്ക്ക് വഴിയാകുന്നു. ഇവ മൂന്നിനേയും വലിച്ചു നീട്ടുന്നത് അല്ലെങ്കിൽ അവയെ വിജയത്തിലെത്തിക്കുന്നത്. അതിനെ സംയോജിപ്പിക്കുന്ന ഓരോ പ്രക്രിയകളാണ്.

എല്ലാ മേഖലകളിലും എഡിറ്റിംഗ് എന്നതിന്റെ പ്രാധാന്യം എടുത്തു പറയേണ്ടത് തന്നെയാണ്. എന്നാൽ അത് ആരും തിരിച്ചറിയുന്നില്ല എന്നതാണ് സത്യം.



# ബാല്യകാലം



ഷാഹിദ്. എ

ഓർക്കുന്നുഞാൻ എന്റെ ബാല്യകാലം
ഓർമ്മകൾ മങ്ങാത്ത നാട്യങ്ങൾ ഇല്ലാത്ത
സ്വർഗീയ സുന്ദര ബാല്യകാലം
ബാലിശമായകാലം
ബാദ്ധ്യതയില്ലാത്ത പ്രണയങ്ങൾ
ഇല്ലാത്ത ബാല്യകാലം
മഴപെയ്ത് വെള്ളം തിരയിളകി പോകവേ
കടലാസുതോണി ഒഴുക്കിയതും
തെങ്ങിൻ ചുവട്ടിലെ ചെളിവെള്ളത്തിൽ ചാടി തിമിർത്തതും
അങ്കണത്തൈമാവിൻ കൊമ്പിൽ ഊഞ്ഞാൽ ആടിയതും
കണ്ണിമാങ്ങാ പറിച്ച് ഉപ്പും മുളകും കൂട്ടിക്കഴിച്ചതും
കണ്ണൻ ചിരട്ടയിൽ മണ്ണുനിറച്ച് മണ്ണപ്പം ചുട്ട് കളിച്ചതും
കണ്ണാരം പൊത്തിക്കളിച്ചതും എത്ര സുന്ദരം എത്ര സുന്ദരം
ആ ബാല്ല്യകാലം
മഷിത്തണ്ട് കൊണ്ട് അക്ഷരങ്ങൾ മാച്ചതും
ചോറ് പാത്രങ്ങൾ പങ്കിട്ട് കഴിച്ചതും പുസ്തകത്താളിൽ
മയിൽപ്പീലി ഒളിപ്പിച്ചതും എൻ ബാല്യകാലം
മുറ്റത്ത് പൂക്കളമിക്കാലം
പൂ പറിയ്ക്കാൻ ഓടി നടന്ന കാലം
കാട്ടുപൂക്കൾ പറിച്ചു നടക്കവേ
മൂക്കുറ്റി പൂവിൻ തേൻ നുണഞ്ഞതും കാട്ട് കാരയ്ക്കകൾ
തിന്നതും ചിത്രശലഭത്തിൻ വാലിൽ നൂൽ കെട്ടിപ്പറത്തിയതും
അമ്പലക്കുളത്തിൽ ചാടിക്കുളിച്ചതും
മുത്തശ്ശിയോടൊത്ത് ഉമ്മറത്ത് നാമം ജപിച്ചതും
മുത്തശ്ശികഥകൾ കേട്ട് ഉറങ്ങിയ ബാല്യകാലം
മുത്ത് പവിഴങ്ങൾ കോർത്തൊരു നൂൽപോലെൻ ബാല്യകാലം
ഇനി ഒരിക്കലും തിരിച്ച് വരാത്തൊരെൻ ആ ബാല്യകാലം



# യാത്ര അയപ്പ്






സി-ഡിറ്റിന്റെ മുൻ ഡയറക്ടറും മുൻ മുഖ്യമന്ത്രിയുടെ സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയുമായിരുന്ന ശ്രീമതി ഷീലാതോമസിനും സി-ഡിറ്റിന്റെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. മോഹൻകുമാർ, ശ്രീമതി ബീനാപോൾ, അക്കൗണ്ട്സ് മാനേജർ ശ്രീ. വേലായുധൻ നായർ എന്നിവർക്ക് യാത്ര അയപ്പ് നൽകി. സി-ഡിറ്റിന്റെ ഡയറക്ടർ ശ്രീ. ശിവശങ്കർ ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. സി-ഡിറ്റിന്റെയും സി.ഇ.എയുടെയും ഉപഹാരങ്ങൾ സി-ഡിറ്റ് രജിസ്ട്രാർ ജി. ജയരാജ് സമ്മാനിച്ചു.





UPS Universal Print Systems

Driven by Creativity, Committed to Human Values

**Plot No.113, ALEAP Industrial Estate,**
**Surampalli (V), Gannavaram (M),**
**Krishna District,**
**Andhra Pradesh–521 212.**
**Phone 08676-325724**
**Mobile 9391540240**
**Website: www.universalprintsystems.com**


| Over 30 properties across the beaches, backwaters, hill stations, wildlife sanctuaries and islands of Kerala
| Exclusive tour packages | Authentic Ayurveda | Comprehensive MICE facilities
Central Reservations, Kerala Tourism Development Corporation Ltd., Mascot Square, Thiruvananthapuram 695 033, Kerala. Phone: +91 471 2316736, Email: centralreservations@ktdc.com
KTDC
Official host to God's Own Country
Book online
& get discount
www.ktdc.com
A seamless experience of Kerala.
Offered only by the Official Host.
Celebrate this
ONAM
with KTDC.
Bolgatty Palace & Island Resort | Lake Palace | Mascot Hotel | Samudra | Water Scapes | Aranya Nivas | Tea County | Tamarind Easy Hotels | Budget Hotels




# Internet of Things (IoT)



LIJITH T K

The Internet of Things definition: "Sensors and actuators embedded in physical objects are linked through wired and wireless networks".

This is the concept of basically connecting any device with an on and off switch to the Internet and/or to each other. This includes everything from mobiles, coffee makers, washing machines, headphones, lamps, wearable devices and almost anything else you can think of. These devices collect useful data with the help of various existing technologies and then autonomously flow the data between other devices.



This also applies to components of machines, for example a jet engine of an airplane. The term "the Internet of Things" was coined by Kevin Ashton of Procter & Gamble,in 1999.

As of 2016, the vision of the Internet of things has evolved due to a convergence of multiple technologies, including ubiquitous wireless communication, real-time analytics, machine learning, commodity sensors, and embedded systems. This means that the traditional fields of embedded systems, wireless sensor networks, control systems, automation (including home and building automation), and others all contribute to enabling the Internet of things .

# APPLICATIONS OF IOT

## SMART HOME

Smart Home has become the revolutionary ladder of success in the residential spaces and it is predicted Smart homes will become as common as smart phones.

## WEARABLE DEVICES


Wearable devices are installed with sensors and softwares which collect data and information about the users. This data is later pre-processed to extract essential insights about user.



## CONNECTED CARS

A connected car is a vehicle which is able to optimize it's own operation, maintenance as well as comfort of passengers using onboard sensors and internet connectivity.






## SMART CITIES

Smart city is another powerful application of IoT generating curiosity among world's population. Smart surveillance, automated transportation, smarter energy management systems, water distribution, urban security and environmental monitoring all are examples of internet of things applications for smart cities.

## INDUSTRIAL INTERNET

IIoT holds great potential for quality control and sustainability. Applications for tracking goods, real time information exchange about inventory among suppliers and retailers and automated delivery will increase the supply chain efficiency.

The future of IoT is more fascinating than this where billions of things will be talking to each other and human intervention will become least. IoT will bring macro shift in the way we live and work.






## HEALTHCARE

The concept of connected healthcare system and smart medical devices bears enormous potential not just for companies, but also for the well-being of people in general.

Research shows IoT in healthcare will be massive in coming years. IoT in healthcare is aimed at empowering people to live healthier life by wearing connected devices.






## SMART RETAIL

The potential of IoT in the retail sector is enormous. IoT provides an opportunity to retailers to connect with the customers to enhance the in-store experience.

## IN AGRICULTURE

Farmers are using meaningful insights from the data to yield better return on investment. Sensing for soil moisture and nutrients, controlling water usage for plant growth and determining custom fertilizer are some simple uses of IoT.

## IN POULTRY AND FARMING

Livestock monitoring is about animal husbandry and cost saving. Using IoT applications to gather data about the health and well being of the cattle, ranchers knowing early about the sick animal can pull out and help prevent large number of sick cattle.

Some limitations of IoT include - compatibility, complexity, safety and Security. Although IoT has quite a few disadvantages, its advantages of saving the consumer time and money can't be ignored. So the time isn't far when the Internet Of Things will be commonly seen in both households and companies.

The future of IoT is more fascinating than this where billions of things will be talking to each other and human intervention will become least. IoT will bring macro shift in the way we live and work.

GOVERNMENT OF KERALA

KERALA STATE IT MISSION




KERALA STATE IT MISSION
ICT Campus, Vellayambalam Jn.,
Thiruvananthapuram- 695 033, Kerala, India.
Tel: 0471-272 6881, 231 4307, Telefax: 0471-231 4284
Email: admin.ksitm@kerala.gov.in, Web: www.itmission.kerala.gov.in

# C-DIT staff tour 2017

Small moments.. Big Memories..





ജിബി പി. എബ്രഹാം

രണ്ടു വർഷത്തെ ഇടവേളക്കു ശേഷം ലോകതൊഴിലാളിദിനമായ മെയ് ഒന്നിനു സി-ഡിറ്റ് കുടുംബങ്ങൾ വിനോദയാത്രക്കായി ഒത്തുചേർന്നു. 2016 ൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രമാണിച്ച് വിനോദയാത്ര മുടങ്ങിയിരുന്നതിനാൽ ഈ വർഷം വിനോദയാത്രയുടെ പ്രാരംഭ ചർച്ചയിൽതന്നെ ആവേശം പ്രകടമായിരുന്നു. ‘ഒരു ദിവസം കൊണ്ട് ഓടിയെത്തേണ്ട ദൂരത്ത് ഇനി കാണാൻ സ്ഥലങ്ങൾ ഒന്നും ബാക്കിയില്ലാ’യെന്ന വിഷാദപ്രകടനങ്ങൾക്ക് ഏറെ ആയുസ് ഉണ്ടായില്ല. അടവി അടക്കമുള്ള പ്രകൃതിരമണീയ സ്ഥലങ്ങളുടെ വിവരണവുമായി ടൂർ കോർഡിനേറ്റർമാർ കളം നിറഞ്ഞതോടെ ആവേശം അണപൊട്ടി.

ആനകളെ പരിശീലിപ്പിക്കുന്ന കോന്നി ആനക്കൊട്ടിൽ, അടവി കുട്ടവഞ്ചിയാത്ര, പെരുന്തേനരുവിയിലെ നീരാടൽ ഇവയൊക്കെ ധാരാളമായിരുന്നു ആവേശം കൂട്ടാൻ.

മെയ് 1 നു രാവിലെ 7.15 ന് തലസ്ഥാന നഗരിയിലെ സി. ഇ. എ ടൂർ വിക്ഷേപണത്തറയായ ഗോർക്കി ഭവനിൽ നിന്നും (ഇവിടെ നിന്നാണ് യൂറി ഗഗാറിൻ ആദ്യ ബഹിരാകാശ യാത്രക്ക് പുറപ്പെട്ടത് എന്നു ഐതിഹ്യം) ശീതികരിച്ച വാഹനത്തിൽ യാത്രപുറപ്പെട്ട 40 അംഗസംഘം ആടിയും പാടിയും തിമിർത്തും ആയുർ വിട്ട് പുനലൂർ റോഡിൽ പ്രവേശിച്ചു. ഓരോത്തർക്കിട്ടും കൊണ്ടും കൊടുത്തും നടത്തിയ പരിചയപ്പെടുത്തൽ പരിപാടി ഏറെ ഹൃദ്യമായിരുന്നു. ഒരു വശത്തു ഇളകി ഒഴുകുന്ന പുനലൂർ അരുവിയുടെ മറുകരയിൽ കാവൽക്കാരനില്ലാത്ത ഊട്ടുപുരയിൽ പ്രാതൽ വിളമ്പി. ഒരു മൽസരത്തിന് ഇല്ലായെന്ന് പുറമെ മേനി നടിച്ചീട്ടും എണ്ണം പറഞ്ഞ് ഇഡ്ഢലി വിഴുങ്ങിയ മെയിൻ





‘ഓഫീസിലെ കണ്ടാലറിയാവുന്ന പൊക്കം കുറഞ്ഞ ബ്രോ’ ആയിരുന്നു പ്രാതലിലെ ചുണക്കുട്ടൻ. വണ്ടി അടവിയിലെത്തിയതോടെ സകല അടവുകളുമായി കുട്ടവഞ്ചി നോക്കി പാഞ്ഞവർ നാലുപേർ വീതം കടവിലിറങ്ങി. ഇരുവശവും കൂറ്റൻ മരങ്ങൾ അതിരിട്ട കാട്ടരുവിലൂടെയുള്ള കുട്ടവഞ്ചിയാത്ര ഇന്നും മറക്കാനാവാത്ത അനുഭവമാണ്. മരക്കൊമ്പുകളിൽ ചാഞ്ഞ് കിടന്നു ലീലകൾ കാട്ടുന്ന കുരങ്ങൻമ്മാരും തീരത്ത് ഇരുന്ന് വിഷം ചീറ്റിയ പാമ്പുകളും വേറിട്ട കാഴ്ചയായി. യാത്രകളുടെ ഒടുവിൽ യാത്രക്കാർ അറിയാതെ തുഴച്ചിൽകാരൻ പയറ്റുന്ന ‘എട്ടിന്റെ പണി’യായ വഞ്ചികറക്കം പലർക്കും ‘പണി’ കൊടുത്തു. വട്ടം കറങ്ങിയ ചിലർക്കെങ്കിലും സ്ഥലകാല ബോധം കുറച്ചു നേരത്തേക്ക് നഷ്ടപ്പെട്ടു. അണിഞ്ഞ് ഒരുങ്ങി വഞ്ചിയിൽ കയറിയ കല്ലമ്പള്ളി സഹോദരിക്ക് താൻ അഡ്മിനിസ്ട്രേഷനിൽ ആണോ അതോ ഡിജിറ്റേഷൻ വിട്ടില്ലയോ എന്നു തിരിച്ചറിയാൻ പരസഹായം വേണ്ടിവന്നു. അത്രയ്ക്കു ഭീകരമായി വഞ്ചി കറക്കം. തുടർന്ന് അടവിയിലെ കുടുംബശ്രീ കാന്റീൻ ഒരുക്കിയ നാടൻ കറിയും കപ്പയും

ചേർന്ന ഉച്ചഭക്ഷണം എല്ലാ ക്ഷീണവും മാറ്റാൻ പോരുന്നതായിരുന്നു.

ഉച്ചയൂണിനുശേഷം സംഘം മധ്യതിരുവിതാകൂറിലെ ഏറ്റവും അപകട സാധ്യത നിറഞ്ഞ പെരുന്തേനരുവി വെള്ളച്ചാട്ടം കാണാൻ തിരിച്ചു. ഏറെ സാഹസികത നിറഞ്ഞതായിരുന്നു ഈ യാത്ര. മൂന്നു കിലോമീറ്ററോളം കൊടും വനത്തിലൂടെ നടന്ന് പെരുന്തേനരുവി അണഞ്ഞപ്പോൾ സന്ധ്യയോടടുത്തിരുന്നു. വന്നവർ വന്നവർ രണ്ടും കൽപ്പിച്ച് വെള്ളത്തിലേക്ക് ഊളിയിട്ടു, നീരാട്ടം തുടങ്ങി. ചില പാവപ്പെട്ടവർ കണ്ണിൽ കണ്ട ചെറിയ കുഴികൾ കയ്യടക്കി ചിരട്ടയിൽ വെള്ളം കോരി ശരീരം തണുപ്പിച്ചു. നീരാട്ടം കഴിഞ്ഞപ്പോൾ തിമിർത്തു പെയ്യുന്ന മഴ. കാട്ടിലൂടെ ഉള്ള മടക്കയാത്ര പലർക്കും കഠിനമായി. 'ദീപ'ങ്ങൾ ഒന്നും ഇല്ലാതെ കൊടും കാട്ടിൽ വള്ളി പൊട്ടിയ ചെരുപ്പ് ഉയർത്തി നിലവിളിച്ചു ഗോർക്കി സഹോദരിയെ സാംസംഗ് വെളിച്ചത്തിൽ മറുകരയെത്തിക്കാൻപെട്ട പാട് അനുഭവിച്ചവർക്കേ അറിയൂ. ഏറെ നാളുകൾക്കു ശേഷം വെള്ളം കണ്ടപ്പോൾ അന്തം വിട്ടു കുളി പാസാക്കിയ ചിലരെ നമിക്കാതെ വയ്യ. അങ്ങനെ ആടിയും പാടിയും കറങ്ങിയും കറക്കിയും നീരാടിയും തിമിർത്ത വിനോദയാത്ര പാതിരായപ്പോൾ വിക്ഷേപണത്തറയിൽ മടങ്ങിയെത്തി.

C-DIT staff tour 2017

Small moments.. Big Memories..

MAY 01. 2017

MEMORABLE

# ADAVI



MEMORABLE

# ADAVI










MEMORABLE

# ADAVI


























MEMORABLE


# ADAVI

MAY 01. 2017

















# MEMORABLE ADAVI















# അന്തർ ദേശീയ വനിതാദിനം





സി.ഇ.എ വനിതാ സബ്കമ്മിറ്റി യുടെ ആഭിമുഖ്യത്തിൽ 2017 അന്തർദേശീയ വനിതാദിലാചരണം മാർച്ച് 9–ാം തീയതി ഗോർക്കി ഭവനിൽ സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ശ്രീതി. അനുപമ ററി. വി. ഐ.എ.എസ്. ഉദ്ഘാടനം നിർവഹിച്ച് സംസാരിച്ചു. പബ്ലിക് പ്രോസിക്യൂഷൻ അഡ്വ: റ്റി. ഗീതാ കുമാരി മുഖ്യ പ്രഭാഷണം നടത്തി. ബഹു. സി.ഡിറ്റ് രജിസ്ട്രാർ ശ്രീ. ജി. ജയരാജ് സി. ഇ.എ സെക്രട്ടറി സ: സതീശൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പ്രേംസുജ (വനിതാ സബ് കമ്മിറ്റി) അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി റീജ (വനിതാ സബ്കമ്മിറ്റി) ശ്രീമതി. നിലീന (വനിതാ സബ് കമ്മിറ്റി) ശ്രീമതി പ്രീത (വനിതാ സബ്കമ്മിറ്റി) എന്നിവർ കൃതജ്ഞതാ പ്രസംഗം നടത്തി. തുടർന്ന് when I become a women എന്ന ഇറാനിയൻ ചിതം പ്രദർശിപ്പിച്ചു.














COMMUNICATION COURSES DIVISION

# CONVOCATION

## 2017





SHEELA THOMAS.IAS



BINA PAUL






KAMAL



MAHESH PANJU








സി.ഡിറ്റ് കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷനിൽ നിന്ന് 2016 വർഷം മാധ്യമ സാങ്കേതിക കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ളസർട്ടിഫിക്കറ്റ് വിതരണം 2017 ഫെബ്രുവരി 13-ാം തീയതി ലെനിൽ ബാലവാടിയിൽ വച്ച് നടന്നു പ്രമുഖ ചലച്ചിത്ര സംവിധായകൻ ശ്രീ കമൽ ഉദ്ഘാടനം നിർവഹിച്ചു സംസാരിച്ചു. ബഹു. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ഷിലതോമസ് ഐ.എ.എസ്. മുഖ്യാഥിതി ആയിരുന്ന ചടങ്ങിൽ ചലച്ചിത്ര അക്കാദമിക വൈസ് ചെയർപേഴ്സണ്നും സി.ഡിറ്റ് കോഴ്സ് ഡയറക്റുമായശ്രീമതി.

## FELICITATION



VIDHOO VINCENT


MANOJ KANA


SREEBALA K MENON
















ബീനപോൾ (സി.ഡിറ്റ് രജിസ്ട്രാർ, ചലച്ചിത്ര അക്കാദമിക് സെക്രട്ടറി മഹേഷ് പഞ്ചുഎന്നിവർ ആശംസ പ്രസംഗം നടത്തി.ശ്രീ. കമൽ, ശ്രീമതി ബീനാ പോൾ എന്നിവർ സർട്ടിഫിക്കറ്റുകൾ വിതരണം നിർവഹിച്ചു. ശ്രീ. ശിവകുമാർ അദ്ധ്യക്ഷനായിരുന്നു. ശ്രീമതി പ്രേംസുജ കൃതജ്ഞത രേഖപ്പെടുത്തി.









# പി ജി അനുസ്മരണം

സി.ഡിറ്റിന്റെ സ്ഥാപക ഡയറക്ടറും കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ ആശയത്തിലെ മിഴിവും സംവേദനത്തിലെ ആർദ്രതയും കൊണ്ട് വിസ്മയലോകം തീർത്ത പി.ജി യുടെ നാലാം ചരമവാർഷികം വിപുലമായ പരിപാടികളോടെ 2016 നവംബർ 22-ന് സി-ഡിറ്റ് ആചരിച്ചു. സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിൽ സി.ഡിറ്റിലെ കമ്മ്യൂണിക്കേഷൻ ഡിവിഷൻ നിർമ്മിച്ച വിവിധ ഡോക്യുമെന്ററി/ഹ്രസ്വചിത്രമേള, പി.ജി.യുടെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങൾ കോർത്തിണക്കിയുള്ള ഫോട്ടോ പ്രദർശനം, സ്മാരക പ്രഭാഷണ പരമ്പര ഉത്ഘാടനം എന്നിവ ഉൾപ്പെട്ടിരുന്നു.

അന്നേദിവസം രാവിലെ നടത്തപ്പെട്ട ഡോക്യുമെന്ററി/ഹ്രസ്വചിത്രമേള, പി.ജി. ഫോട്ടോ പ്രദർശനം എന്നിവ സംസ്ഥാന ടൂറിസം, സഹകരണം, ദേവസ്വം വകുപ്പു മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉത്ഘാടനം ചെയ്തു. രജിസ്ട്രാർ ജി. ജയരാജ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ.കെ.മോഹൻകുമാർ, ശ്രീമതി.എൻ.ദീപ എന്നിവർ പ്രസംഗിച്ചു.

വൈകിട്ട് നടത്തപ്പെട്ട പി. ജി. സ്മാരക പ്രഭാഷണപരമ്പര ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്ഘാടനം ചെയ്തു.സമൂഹത്തെ ജാതി ഭിന്നതയിലേക്ക് തിരിച്ചു കൊണ്ടുപോകാനും ധനമൂലധനത്തിന്റെ സർവ്വാധിപത്യത്തിൽ രാജ്യത്തിന്റെ പരമാധികാരം നഷ്ടപ്പെടാനും വഴിയൊരുക്കുന്ന സാമൂഹ്യസാഹചര്യത്തിൽ പി.ജി യുടെ ആശയലോകത്തിന് പ്രസക്തിയേറുകയാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പുതിയ അറിവുകൾക്കായി കുട്ടികളുടെതുപോലെ കൗതുകരമായ മനസ്സ് കാത്തുസൂക്ഷിച്ച വ്യക്തിത്വമായിരുന്നു പി.ജി. യുടെതെന്ന് മുഖ്യപ്രഭാഷണം നടത്തിയ ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ. രാമചന്ദ്രൻ പറഞ്ഞു.












സി-ഡിറ്റ് വികസിപ്പിച്ച മലയാളം ഫോണ്ട് 'നിള'യുടെ യൂണികോഡ് ഭാഷ്യം പി. എസ്. സി അംഗം ശ്രീമതി. ആർ. പാർവ്വതി ദേവിക്ക് നൽകി ബഹു. മുഖ്യമന്ത്രി പ്രകാശനം ചെയ്തു. സി-ഡിറ്റ് ഡയറക്ടർ ശ്രീ. എം.. ശിവശങ്കർ ഐ. എ. എസ്. അദ്ധ്യക്ഷനായിരുന്നു.രജിസ്ട്രാർ ശ്രീ. ജി. ജയരാജ്, ലാ ഓഫീസർ ശ്രീ. ബി. സതീശൻ തുടങ്ങിയവർ പ്രസംഗിച്ചു.







# കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം

ഹെഡ്ഢാഫീസ് : കോബാങ്ക് ടവേഴ്സ്, പാളയം

തിരുവനന്തപുരം : 0471-2547200, 2547241

website: www.keralacobank.com,

E-mail: kscb@keralacobank.com

*ബാങ്ക് നൽകുന്ന വിവിധതരം വായ്പകൾ*

**************************************************

## സ്വർണ്ണപണയ വായ്പ 40 ലക്ഷം രൂപ വരെ

| വായ്പയുടെ കാലാവധി | പലിശ നിരക്ക് |
|---|---|
| 3 മാസം വരെ | 9.00% |
| 3 മാസം മുതൽ 6 മാസം വരെ | 9.25% |
| 6 മാസം മുതൽ 1 വർഷം വരെ | 9.50% |

## ഹൗസിംഗ് ലോൺ 30 ലക്ഷം രൂപ വരെ

| | |
|---|---|
| 5 ലക്ഷ ം വരെ | 9.50% |
| 5 ലക്ഷം മുതൽ 10 ലക്ഷം വരെ | 10.00% |
| 10ലക്ഷം മുതൽ 30 ലക്ഷം വരെ | 10.25% |

## മോർട്ട്ഗേജ് ലോൺ 40 ലക്ഷം രൂപ വരെ

| | |
|---|---|
| വായ്പയുടെ കാലാവധി 10 വർഷം | 12.50% |

## സമൃദ്ധി ലോൺ 10 ലക്ഷം രൂപ വരെ

| | |
|---|---|
| വായ്പയുടെ കാലാവധി 10 വർഷം | 12.00% |

***സേവിംഗ്സ് അക്കൗണ്ടുകൾക്ക് ATM കാർഡ് സൗകര്യം ലഭ്യമാണ്. ബാങ്കിന്റെ എല്ലാ ബ്രാഞ്ചുകളിലും ലോക്കർ സൗകര്യം, ആകർഷകമായ പലിശ നിരക്കിൽ ഡെപ്പോസിറ്റുകളും സ്വീകരിക്കുന്നതാണ്.***

| | |
|---|---|
| വി.സനൽകുമാർ ,IAS | ഇ.ദേവദാസൻ,IAS |
| പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ | മാനേജിംഗ് ഡയറക്ടർ |

# Cyber Sri Mannathala Sub Center Inaguaration



സൈബർശ്രീ സബ്സെന്ററിന്റെ പ്രവർത്തനോദ്ഘാടനം പട്ടികജാതി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു ഐ.എ.എസ്. നിർവ്വഹിച്ചു. ചടങ്ങിൽ സി-ഡിറ്റ് രജിസ്ട്രാർ ശ്രീ. ജി. ജയരാജ് ആശംസകൾ അർപ്പിച്ചു.



















## Cyber Sri2016-17











# SAMETI
## Advanced Training in Video Documentation




# സമേതി
## ശില്പശാല


സംസ്ഥാനത്തെ കാർഷിക -അനുബന്ധമേഖലയിലെ സൂർ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി അഡ്വാൻസ് ട്രെയിനിംഗ് ഇൻ വീഡിയോ ഡോക്യൂമെന്റേഷൻ -ൽ കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷൻ ദശദിനശില്പശാല സംഘടിപ്പിച്ചു. ആനയറ സമേതി (State Agricultural Management and Extension Training institute)യിൽ ബഹു. സി-ഡിറ്റ് രജിസ്ട്രാർ ജി.ജയരാജ് ശില്പശാല ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന ശില്പശാലയിൽ സമാപനചടങ്ങിൽ സി.ഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും കോഴ്സ് ഡയറക്ടറുമായ ശ്രീമതി. ബീനാപോൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സമേതി ഡയറക്ടർ ഡോ. രാധാമണി, സമേതി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ബീനാ മഹേശ്വരി കോഴ്സ് ഡിവിഷൻ സെന്റർ മാനേജർ ജി. ഗണപതി കോ-ഓർഡിനേറ്റർമാരായ പ്രദീപ്കുമാർ , പ്രേംസുജ എന്നിവർ പങ്കെടുത്തു.
















































# സ്വാതന്ത്ര്യദിനാഘോഷം- 2017

രാജ്യത്തിന്റെ 70-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സി-ഡിറ്റ് മെയിൽ ഓഫീസ് അങ്കണത്തിൽ രജിസ്ട്രാർ ശ്രീ. ജി. ജയരാജ് ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. രാഷ്ട്രത്തിനു സ്വാതന്ത്ര്യം നേടിയെടുക്കുവാൻ ജീവത്യാഗം ചെയ്ത സമരസേനാനികളെ അനുസ്മരിച്ച രജിസ്ട്രാർ ഈ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ നാം മുന്നോട്ടു വരണമെന്ന് ആഹ്വാനം ചെയ്തു. 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന പുതിയ പദ്ധതിയുടെ ഭാഗമായി കഴിയുന്ന എല്ലാ മേഖലയിലും നാം അണിചേരേണ്ടതുണ്ടെന്നും രജിസ്ട്രാർ പറഞ്ഞു.

Indipendance Day Celebration

*August 15 2017*

# ലോട്ടറിയിൽ സുരക്ഷാസങ്കേതം സി-ഡിറ്റുമായി കരാർ



സംസ്ഥാന സർക്കാരിന്റെ ലോട്ടറി ടിക്കറ്റുകളിൽ സുരക്ഷാ സാങ്കേതങ്ങൾ ആലേഖനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാഗ്യക്കുറി വകുപ്പുമായി സി-ഡിറ്റ് കരാറിൽ ഏർപ്പെട്ടു. സമ്മാനാർഹമായ ലോട്ടറി ടിക്കറ്റുകളുടെ വ്യാജ മാതൃക തയ്യാറാക്കി ഏജന്റുമാരെ കബളിപ്പിക്കുമെന്നത് വ്യാപകമായ പശ്ചാത്തലത്തിൽ സർക്കാർ നിയോഗിച്ചു ഉന്നതതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ലോട്ടറി ടിക്കറ്റുകളിൽ സുരക്ഷാ സങ്കേതങ്ങൾ ആലേഖനം ചെയ്യുന്നതിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തിയത്. ഇതിനായി വികാസ് ഭവനിലെ ലോട്ടറി ഡറക്ടറേറ്റിൽ ഫോട്ടോഗ്രഫി ഡിവിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ സെക്യൂരിറ്റി ലാബിൽ ഓഗസ്റ്റ് -23 ന് നടന്ന ചടങ്ങിൽ ഭാഗ്യക്കുറി ഡയറക്ടർ ഡോ. എസ്. കാർത്തികേയൻ ഐ.എ.എസ്. സി - ഡിറ്റ് രജിസ്ട്രാർ ശ്രീ. ജി. ജയരാജ് എന്നിവർ കരാറിൽ ഒപ്പുവച്ചു.. ഫോട്ടോഗ്രാഫി ഡിവിഷൻ മേധാവി ശ്രീ. സാജൻ അമ്പാടിയിൽ, ലാ ഓഫീസർ, ശ്രീ. ബി. സതീശൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ഭാരത അന്താരാഷ്ട്ര വ്യാപാരമേള –2016

**2016 November 14-28**





രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും ഒരു വേദിയിൽ അണി നിരക്കുന്ന 'ഭാരത അന്താരാഷ്ട്ര വ്യാപാരമേള –2016' ൽ ഡി – സിറ്റ് പങ്കെടുത്തു. സി – ഡിറ്റിന്റെ വിവിധ പ്രോജക്ടുകളുടെ പ്രവർത്തനം വിശദീകരിക്കുന്ന നിലയിൽ സജ്ജമാക്കിയ സ്റ്റാൾ ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു: ധനമന്ത്രി ഡോ. തോമസ് ഐസക്, തുടങ്ങിയ പ്രമുഖർ സന്ദർശിച്ചു അഭിപ്രായം രേഖപ്പെടുത്തി. 2016 നവംബർ 11 മുതൽ 27 വരെ ന്യൂഡൽഹി പ്രഗതി മൈതാനത്തു സംഘടിപ്പിച്ച മേളയിലെ സി.ഡിറ്റ് സ്റ്റാളിന് ശ്രീ. ജിബി പി. എബ്രാഹാം, ശ്രീ. ജി. ഗണപതി, ശ്രീ. പ്രശാന്ത്. വി എന്നിവർ നേതൃത്വം നൽകി. ഏറ്റവും മികച്ച പവിലിയനുള്ള പുരസ്കാരം ഈ വർഷവും കേരള പവിലിയനു ലഭിച്ചു. 'ഡിജിറ്റൽ ഇന്ത്യാ' എന്നതായിരുന്നു. വിഷയം.

# സൊസൈറ്റി പ്രതിമാസ

## നിക്ഷേപ പദ്ധതി നറുക്കെടുപ്പ്



സി-ഡിറ്റ് നിക്ഷേപ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആവിഷ്കരിച്ച പ്രതിമാസ പദ്ധതികളുടെ പ്രഥമ നറുക്കെടുപ്പ് 2017 ഓഗസ്റ്റ് 17 ന് ചിങ്ങ പുലരിയിൽ സി- ഡിറ്റ് കോൺഫറൻസ് ഹാളിൽ നടത്തപ്പെട്ടു. രജിസ്ട്രാർ ശ്രീ. ജി. ജയരാജ് നറുക്കെടുപ്പ് നടത്തി. അഡ്മിനിട്രേറ്റീവ് ഓഫീസർ ശ്രീ. സന്തോഷ്.ഡി, സൊസൈറ്റി പ്രസിഡന്റ് ശ്രീ. ബി. സതീശൻ, സെക്രട്ടറി ശ്രീ. എ.പി. മുകേഷ് മറ്റു സൊസൈറ്റി ഭാരവാഹികൾ, അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# RATION CARD Project



## റേഷൻകാർഡ്

ദേശീയ ഭക്ഷ്യ സുരക്ഷ. നിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനത്തെ റേഷൻകാർഡു പുതുക്കുന്ന പദ്ധതിയിൽ മുഖ്യപങ്കു വഹിച്ചത് സി - ഡിറ്റ് ആയിരുന്നു. കായംകുളം റീജണൽ സെന്ററിന്റെ പ്രധാന ചുമതലയിൽ വളരെ പ്രശംസനീയമായ പ്രവർത്തനമാണ് സംസ്ഥാന വ്യാപകമായി നടന്നത്. സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും ക്രമീകരിച്ച ഫോട്ടോ ക്യാമ്പിനെ തുടർന്ന് ഡാറ്റാ എൻട്രി, പ്രിന്റിംഗ്, ലാമിനേഷൻ അടക്കമുള്ള ക്ലേശകരമായ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.




















RATION CARD Project

# IMPLEMENTING FREE SOFTWARE TECHNOLOGIES COMPLETELY AT C-DIT



WANNY STILL CRY OR WE SHOULD IDENTIFY AND RESPECT OUR FREEDOM AND PRIVACY AND MOVE AHEAD WITH IMPLEMENTING FREE SOFTWARE TECHNOLOGIES.....

TANZEEM M.B

Ofcourse, free software is the present and the future and the leading companies has found that free software is also the best business strategy. Adoption of standards includes free software and free software is part of the government policy, be it the Kerala Government or the central government . The left government have always supported free software and given decision making from the government level. The increasing adoption of free software standards has been in news recently and leading private companies have already moved to free software considering the importance of freedom in software and budget. Recent news has also seen even companies like Infosys also been drawn more towards free software.In kerala, Plus Two Schools have started to adopt GNUKhata as an alternative to Tally for accounting so that they can study the tool that gives them freedom and the tool of the future is a good news for the students. So many events are being conducted by free software evangelists in kerala with the support of organisations like ICFOSS, SPACE-Kerala, Free Software Users Groups in various districts recently which included a install fest of the latest version of the most popular and most stable server operating system Debian GNU/Linux.

I am happy that I could play a key role in arranging the event at Thiruvananthapuram along with the help of ICFOSS, State Central Library, SPACE and FSUG TVM. We arranged a GNU/Linux Install Fest along with free software awareness programme was conducted in State Central Library Hall, Palayam Thiruvananthapuram on 10 June 2017 Saturday. It was sponsored by ICFOSS and State Central Library and assisted by SPACE. About 70 people including 19



volunteers 45 participants attended the programme. The programme began by 9.30 a.m. Dr Achuthsankar S Nair, Head of the department of Bioinformatics and Computational Biology inaugurated the install fest and spoke about the history of free software movement in Kerala and need of free software usage. Mujeeb Rahman took a a presentation of the different Gnu/Linux operating systems installation procedure. He also took a class on Malayalam computing and type setting using the free software called Scribus. Partcipants brought their laptops and those where installed with different Gnu/Linux operating systems by the volunteers. The installation team was led by Praveen Arimbrathodiyil, a pioneer of Free Software movement in Kerala. A demo of the the operating systems like Linux Mint, Ubuntu (IT@School), Debian, Elementary etc was also set in the hall. The users were allowed to try them according to their wish and the features of each OS and the softwares installed in them for different uses were explained . The install fest was ended by 1.30 p.m. A news about the programme is published in (12/06/2017) The New Indian Express newspaper, Thiruvananthapuram edition.

The install fest are also conducted in other districts in Kerala with the support of free software evangelists in the region and support of the organizations like ICFOSS, FSUG, DAKF, SPACE-Kerala.

The celebration of the latest stable version of Debian named Stretch is going on still all around the globe.

Our organisation, C-DIT is already in the track of migrating to FOSS Technologies though not yet fully. It is high time the authorities move ahead and implement the free software strategy completely first and show an example. For working out the change, we can seek the help of free software evangelists availabe in kerala for providing training for migration to GNU based Operating Systems and to Free/Open Source Tools. Easily get to a matrix.org client like Riot or a Telegram App of which a matrix.org client like Riot is preferred since the server-side is also secure/open-source. Riot and Telegram is available as Mobile App and Desktop Application.




## WHY ONLY GNU/LINUX AND OTHER FREE SOFTWARE TOOLS SHOULD BE USED IN C-DIT.

Why shouldn't we be the first, why the friction, why should we follow, we should rather lead from the front.
What are we waiting for now.
-why is it not still implemented yet fully.
Who doesnt know free software is the best strategy...

There is no way to verify if proprietary software is working only as advertized. After so many spying revelations, it is surprising to see that proprietary software is still being used at CDIT..

Why don't we have a problem with blindly trusting foreign companies? Even after they are caught cheating many times? See the example of VolksWagon cheating on emission monitoring software. That is just the tip of the iceberg. Our state and central government clearly prefers Free Software for the usual reasons of self reliance and trust. If there is an argument that open source itself is a compromise on freedom movement which is only on the philosophical/ethical argument.

About trust and verifiability, there is no difference. Whether you call it Open Source or Free Software, you can always indepen dently verify rather than trusting blindly (even after people caught cheating).

We are using PHP/MySQL but we should contribute back to the community also in addition to using more free software. May be at some point there was no hardware that worked with GNU/Linux, but newer purchases Free Software drivers should be a criteria.
We have to abandon, Facebook(Choose Diaspora*), Google (Choose duckduckgo.com), choosing mediagoblin based service instead of Youtube, and many other sensors , devices in the proprietary IoT and hardware regimes.
Ofcourse notable few in the top level management is not ignorant about the fabulous initiatives by dedicated professionals in open hardware, internet services etc also.
If there is an argument that it is a broader approach in technology choices and priorities; actually it is not broader approach, but a lack of conviction. Proprietary software in itself is monopoly by corporations.
If there is an argument that since application testing requires performance assessment on specific platforms and technologies, which may be a valid argument if westill need tosupport proprietary platforms. But sure to say we should be the change that we want to see .....
-Brief description on various free software software development IDE's for Web Development in PHP,Java,Python,nodejs,Rubya and its frameworks etc
Geany, atom.io, brackets, eclipse, aptana studio, netbeans, and the design-view friendly quanta plus.
-Brief description on various free software software testing tools.
Selenium, Robotium for Android, Apache JMeter for Performance Testing and many GNU/Linux distros like Kali, BlackArch and Parrot customized for security testing exclusively.



| Free Software (Free as in Freedom) | Proprietary Licensed | Purpose |
|---|---|---|
| GIMP, Seashore for Mac | Adobe PhotoShop | Image Editing |
| Blender | Maya / 3D Max | 3D Modeling |
| Scribus | Adobe InDesign | Desktop Publishing |
| Synfig Studio | Adobe Flash | 2D Animation |
| Kino/ KdenLive/ Openshot/ Avidemux | Adobe Premire | Non-linear video editor |
| Audacity | Soundbooth | Audio Editor |
| Inkscape | Adobe Illustrator | Drawing |
| Natron/ Jahshaka | Adobe After Effects | - |
| Libre Office or Apache OpenOffice | MS Office | Office Application |
| OpenScad/ FreeCAD | AutoCAD | - |
| Proxmox VE, XEN, KVM, QEMU, VirtualBox(not fully opensource) | VMWare | Virtualization used by System Admin/ Network Admins |
| Postgresql | Oracle | Database management system |
| Postgresql, MySQL, MariaDB | MS Sql/Server | Database management system |
| Atom.io, Brackets, Seamonkey, Kompozer are power tools with all the features a developer need. | Adobe Dreamweaver for Designers | Web Design |
| QuantaPlus for the design freaks or else, great Opensource IDE's like Aptana Studio, Eclipse, Netbeans, Cloud9, are power tools with all the features a developer need. Geany is a great editor with lot of plugins for developer. | Adobe Dreamweaver for Developers, other proprietary tools. | IDE for Software Development |
| Let's Chat, Jitsi ,Ekiga, Riot | Skype | Video Conferencing |
| Let's Chat, Jitsi, Mattermost Community Edition, Riot | Slack | Collaboration Software |
| Matrix.org (preferred)clients like Riot, or Telegram(its client-side is swathanthra) | Whatsapp | Messaging App |
| GNUKhata | Tally | Accounting Application |
| Freedom respecting distros like Trisquel, Debian with the main rep enabled, Gnewsense, Parabola. Mint or Elementary OS for beginners, We have a lot of graphical environments to chose from, like kdeplasma, gnome, mint, cinnamon, or lightweight ones like lxde or xfce. | MS Windows, Mac | Desktop OS |

| Free Software (Free as in Freedom) | Proprietary Licensed | Purpose |
|---|---|---|
| LDTP (Linux version)/ PyAtom (Mac OS X Version)/ Cobra (Windows version) | - | Automated Testing |
| Selenium Web App Test Tool | - | - |
| Robotium for Android Testing | - | - |
| Kali Linux, Parrot Linux, BlackArch Linux | - | Linux distros focussed on software testing. |
| Apache JMeter | - | Performance Testing |
| Tor | None | Secure Browser |
| IceCat/ Iceweasel/ Chromium | Firefox/Chrome/IE | Browser |
| Protonmail, Tutanota or self-hosted mail (most preferred) | gmail,yahoomail etc | Secure E-mail |
| Duckduckgo.com | Google/Yahoo/Bing etc | Secure Search Engine |
| Dia | YED | Diagramming for software |
| Openstreetmaps and Openstreetmaps API | Googlemaps and Googlemaps API | Street map |
| QGIS | ArcGIS | GIS Software |


And more to be found at the Free Software Directory in fsf.org.


Also refer h-node.org for buying hardware which are non-tracking and freedom protecting.

-Working out the change: Meeting the decision-makers, Helping the decision-makers to take the decision (lead level), convincing those who are unconvinced, selection of free software tools-Training with Consulting-Implementation.
-When going for purchasing, buy free software and get paid support if needed. Not just features alone, but ensure our freedom also.
-We should not buy proprietary products even if provided for free of cost or low cost. We should respect our freedom and stick to the policy,
-Also we should be wary of certain open-source like licenses as it goes against the purpose of why FSF and other following organisations was founded as in Microsoft's new restrictive free software license.
Some companies/ organisations provide a community edition which may be free software and a enterprise edition which is not and the Enterprise Edition may have many features and the free software edition may have limited. These can only be seen as method to hijack the work of free software community by such companies. Eg, Fedora/CentOS by RedHat which has Enterprise Edition. Another is the incident of latest version of Odoo ERP whose enterprise edition is proprietary and they cut down its features in the community edition. This is only another kind of vendor lockin and we should be careful regarding this also.

-Positively for implementing swathanthra software fully inside C-DIT:




**Bank of India**
Retail Business Center, Nandavanam, Trivandrum-33
Ph: 0471-2320169, Marketing Mob: 8089027030, 9447349698
E-mail: rbc.Thiruvanthapuram@bankofindia.co.in

കോമളൻ




# വിറക് വെട്ടികളുടെ രോദനം

ഷാജഹാനും മുംതാസും ശ്രീകൃഷ്ണനനും ഗോപികമാരും, പടിയിറ
ങ്ങിയും വേഷങ്ങളഴിച്ചു വെച്ചും ഒരു കോളറാകാലം എരിഞ്ഞ
ടങ്ങികഴിഞ്ഞു. ആടയും ആട്ടവിളക്കുകളും പലകുറി മാറിയ കൂത്തമ്പല
ത്തിൽ അരങ്ങു തകർത്താടിവർ ആരൊക്കെയെന്ന കണക്കെടുപ്പുകളും
പകതീർക്കലുകളും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. പകയുടേയും
രൗദ്രതയുടേയും ചതിയുടേയും വഞ്ചനയുടേയും കൂറിന്റെയും കുതികാൽ
വെട്ടിന്റെയും കൂട്ടികൊടുപ്പിന്റെയും കരിഞ്ചന്തയുടേയും നുണയുടേയും
ശരിയുടേയും തെറ്റിന്റെയും ഒക്കെ ഒരു പാട് വേഷങ്ങൾ ആടിത്തിമിർത്ത
ഈ കൂത്തമ്പലത്തിന്റെ ആണിക്കല്ലുകൾ ഇളകിപ്പോയിരിക്കുന്നു. അടി
ച്ചുതളിയും നനയും കുളിയും ഒരുപാടു തവണ മുടങ്ങിയ ഈ തറവാട്ടു
മുറ്റത്ത് സ്വർണ്ണ ഖനനം നടത്താൻ പെരുച്ചാഴികൾ കുത്തിയ കുഴികളാണ്
മുഴുവൻ. അതിനിടയിൽ നുണപറഞ്ഞും പല്ലുകുത്തികൊടുത്തും കാലു
തിരുമിയും ചെവികടിച്ചും ഉടയാട അലക്കിയും എണ്ണതേച്ചുകൊടുത്തും
കുളിപ്പിച്ചും സ്വർണ്ണപൊടികൾ തിരയുന്ന നാരദന്മാരും ചെട്ടിയാരുമാരും
ഇപ്പോഴും ഊരിയെടുക്കാൻ പാകത്തിനുള്ള കഴുക്കോലുകൾ തിരഞ്ഞ്
നടക്കുന്നുണ്ട്.

ശ്മശാനമൂകമായ, ദുഖാർദ്രമായ നടുമുറ്റത്തെ ആട്ടുകട്ടിൽ വെറു
തേ കിടന്നാടിയിരുന്നു കുറേ നാൾമുമ്പ് വരെ.....അതിനുതൊട്ടുപിന്നിലെ
അന്തഃപുരത്തിൽ നിന്നുമുണ്ടായിരുന്നു അടക്കിപ്പിടിച്ച ചിരിയും ഞരങ്ങ
ലും ദീർഘനിശ്വാസവും ഒക്കെ. വറുത്തുകോരിയ പറങ്കിക്കുരുവിന്റെ
ഗന്ധം ശാന്തമായൊഴുകിയിരുന്നു ഇവിടമാകെ.......കുഴിച്ചെടുത്ത സ്വർണ്ണം
ഉരുക്കുന്ന ഗന്ധമാണിതെന്ന്, അരച്ചാൺ വയറും അരപ്പട്ടിണിയും അടി
വസ്ത്രവുമായി അലഞ്ഞു തിരിഞ്ഞിരുന്ന പേക്കോലങ്ങൾ ആശ്വാസം
കൊണ്ടിരുന്നു.....എന്തിലും ഏതിലും ദോഷം മാത്രം കണ്ടിരുന്ന ഉപദേ
ശി മാടമ്പിമാരും കണിയാന്മാരും പണിക്കരും കൗപീനം പുരപ്പുറത്തു
ണക്കാനിട്ട് വെയിൽ കാഞ്ഞിരുന്നു....മാറാൻ ഞങ്ങൾക്ക് മനസില്ലെന്ന
ഭാവത്തോടെ........

കുടുംബത്തിലെ ആട്ടുകട്ടിൽ മുതൽ തിരുവയറൊഴിക്കാൻ അടത്തു
ണിവരെ കാഴ്ചയായി ചോദിച്ചു വാങ്ങി ജീവിതം കഴിച്ചിരുന്ന മത്തായി
മാടമ്പിക്ക് ദിവസമടുക്കുന്തോറും ഉത്കണ്ഠയായിരുന്നു.......ഇനി മുന്നോട്ട്
ജീവിതമെങ്ങനെയെന്ന ചോദ്യം ഒരു പാമ്പാകാൻ വെമ്പുന്ന കയറായി
മുന്നിൽ തൂങ്ങിയാടിയിരുന്നു. ഒടുവിൽ, കൈ നീട്ടി വാങ്ങി മാത്രം ശീ
ലിച്ച മത്തായി മാടമ്പി, സർക്കാർ കാര്യക്കാർ കണക്കപിള്ളയുടെ ഭ്രഷ്ടം
താങ്ങികൾക്ക് പെണ്ണും പിടക്കോഴിയും പൊൻപണവും കാഴ്ചയായി
തിരിച്ചു നൽകി, നീട്ടെഴുത്ത് വാങ്ങി, വലിയ കച്ചേരിയിൽ കൊടുത്ത്



ബോധിപ്പിച്ച് ഉത്തരവാക്കി. ഷാജഹാനും മുംതാസും ശ്രീകൃഷ്ണനും ഗോപികമാരും പറങ്കിക്കുരുവും മണപ്പിച്ച് കൂടെത്തന്നെ റാൻ മൂളി ഉണ്ടായിരുന്നുവെന്ന കച്ചേരി ഗുമസ്തന്റെ പരിഹാസം പുള്ളുവൻ പാട്ടായി ഒഴുകിയെത്തിയിരുന്നു. എന്തായാലും കച്ചവടമുറപ്പിക്കാൻ കഴിഞ്ഞതിന്റെ തിളപ്പ് തുളുമ്പിത്തൂവി ഉണങ്ങിപ്പിടിച്ചു തുടങ്ങിയെന്ന് അന്നൊക്കെ അടിച്ചുതളിക്കാർ അടക്കം പറഞ്ഞിരുന്നു.

മാടമ്പിമാരിങ്ങനെ നീണ്ടു നിവർന്ന് കിടക്കുകയായിരുന്നില്ലേ...... മാടമ്പിമാരാകാൻ ചെവിയിൽ പൂടപിടിപ്പിക്കുന്ന ചെറിയങ്ങുന്നുമാർ വേറെയും. മാടമ്പിമാരാകാൻ ഗുരുകുല വിദ്യയും വാമൊഴി വഴക്കവും അഭ്യസിച്ചിരുന്ന നാരദന്മാരും ആറാട്ടുമുണ്ടന്മാരുമുണ്ടായിരുന്നു അക്കൂട്ടത്തിൽ. മാടമ്പിയായൽ വരവ് കുറയുമെന്ന ഭീതിയാണ് അന്നിവരെ പിന്നോട്ട് വലിച്ചത്; അല്ലെങ്കിൽ വലിയ മാടമ്പിയാണം.........മത്തായി മാടമ്പിയെപ്പോലെ........അല്ലെങ്കിൽ പരമൻ മാടമ്പിയെപ്പോലെ.......ഒന്നുമറിയണ്ട......കാഴ്ചകൾ കുടുംബത്തിലെത്തും. കൂട്ടത്തിൽ നല്ലവളെ ഉമയമ്മ പട്ടം ചാർത്തി വാങ്ങാൻ മാടമ്പിമാരും ചെറിയങ്ങുന്നുമാരും അത്തിക്കുത്ത് കളിച്ചെങ്കിലും സാഹചര്യം മാടമ്പിമാർക്ക് അനുകൂലമായിരുന്നില്ല.

ശ്രീകൃഷ്ണനും മുംതാസും ഷാജഹാനുമൊക്കെ അരങ്ങൊഴിഞ്ഞതോടെ, പണ്ട് സ്വർണ്ണഖനനത്തിന് കുഴി കുത്താൻ സ്ഥാനം കണ്ട മാധവൻ കണിയാൻ കിങ്കരന്മാരുമായെത്തി..........കുഴലൂത്തുകാർ വേറെ....... പലതരത്തിലുള്ള കിങ്കരന്മാർ.............തലയുള്ളത്, വാലുള്ളത്, കിരീടമുള്ളത്, കൈയ്യിൽ ചരടുകെട്ടിയത്, ഇടുപ്പിൽ ചരടുള്ളത്, വളയിട്ടത്, മോതിരമിട്ടത്, ചുട്ടികുത്തിയത്, ഞെക്കു വിളക്കുള്ളത്, ....... ഇങ്ങനെ പലതരത്തിൽ.........വലിപ്പത്തിൽ.........പക്ഷെ എല്ലാത്തിന്റെയും കൈയ്യിൽ ശൂലമുണ്ട്. എന്തൊക്കെയോ ചെയ്യുന്നു.........അളക്കുന്നു, വരയ്ക്കുന്നു, ചരിക്കുന്നു, തിരിക്കുന്നു....ഇടയ്ക്കിടെ മൊത്ത വിവര പരിശോധനാ, ഉള്ളടക്ക വികസനം, ജ്ഞാന വിപണനം ആദ്യാവസാന പരിഹാരം എന്നൊക്കെ മന്ത്രോച്ചടനത്തോടെയും ആവാഹനത്തോടെയും ഉരുക്കഴിക്കുന്നുണ്ട്. എന്തിനാണെന്നറിയില്ല......പഴയ കുഴികൾ നികത്താനോ പുതിയവ കുഴിക്കാനോ...എന്തരോ എന്തോ.......ഇതിപ്പോ തുടങ്ങീട്ട് ഒന്നരയാണ്ട് കഴിഞ്ഞു സ്വർണ്ണം പോയിട്ട് ഒരു മൺകട്ടപോലും കിട്ടിയില്ലിതുവരെ.....ഒന്നും വേണ്ട തൊണ്ട നനയ്ക്കാനുള്ള വെള്ളമെങ്കിലും കിട്ടിയാൽ മതിയാരുന്നു......എന്നാലും കാര്യമില്ല...ഒപ്പിയെടുക്കാൻ കിങ്കരന്മാരും കുഴലൂത്തുകാരുമുണ്ട്. വല്ലവരുടേയും കഞ്ഞിക്കലത്തിൽ കൈയ്യിടാൻ നല്ല മിടുക്കാണ്...കണിയാൻ തന്നെ അതു പലതവണ തെളിയിച്ചിട്ടുണ്ട്.....കൈയിടുന്നത് മാത്രമല്ല..... കലം കൂടി അടിച്ചുടക്കും.....അല്ലെങ്കിൽ കൂടെകൊണ്ടുപോകും. കലം പോകുന്നത് കാണുമ്പോൾ പുറകേപോകുന്ന ചില നീർക്കോലികളുമുണ്ട്. പിന്നെ കുറേ നാൾ ആ കലത്തിൽ കഞ്ഞിവയ്ക്കും.....അതുകഴിഞ്ഞ് നീർക്കോലികളും കണിയാനും തമ്മിൽ പൊരിഞ്ഞ തല്ലായിരിക്കും; പിന്നെയും ആദ്യം മുതൽ തുടങ്ങും. അരിഷ്ടതകൾ ഏറെയുണ്ടെങ്കിലും മാധവൻ കണിയാൻ ഇപ്പഴും ഗണിക്കാൻ മിടുക്കനാണ്. ഇപ്പഴത്തെ കാര്യമാണേലും ഇരുപത്തിയഞ്ചുകൊല്ലത്തെ ജാതകം ഗണിക്കും. ഗണിച്ച് ഗണിച്ച് കടിച്ചതും പോയി പിടിച്ചതും പോയീന്നാണ് ഹജൂർ കച്ചരിയിലെ അടക്കം പറച്ചിൽ....! ഒടുവിൽ ജീവിതം മടുത്ത മത്തായി മാടമ്പി ഒരുനാൾ എങ്ങോട്ടോ ഓടി പോയി.

ശ്രീകൃഷ്ണനുപകരം ചക്രവർത്തിയുടെ അരമന കാര്യക്കാർ മുഖ്യകാര്യദർശിയായി എത്തിയപ്പോൾ മേൽനോട്ടം അതിരവൻ കാര്യക്കാർക്കായി. അരമന കാര്യക്കാരുടെ പണിയും ചേർത്ത് ചെയ്തോളാമെന്നായിരുന്നത്രെ കരാർ.....ചുരുക്കത്തിൽ എല്ലാം ശരിയാക്കാമെന്ന്........ നീട്ടെഴുത്തിൽ കേമനനാണ് അതിരവൻ; മുൻപൊരിക്കൽ ഇതുപോലെ എഴുതിയെഴുതി കരുതൽ ഭണ്ഡാരത്തിലിടാൻ പോലും ചില്ലറ തികച്ചില്ലായിരുന്നു..... എന്നിട്ടും എഴുത്തിനു മാത്രം കുറവെന്നുമില്ല. രാവിലെ നീട്ടും......വൈകുന്നേരം വലിക്കും....മരുന്നിനാണേൽ മണ്ണ് മുഖ്യമാണ് അതാണ് അതിരവൻ നയം.



കൊപ്രാക്കളത്തിൽ പുറപ്പെടാ ചെട്ടിയാരുമാരും ദർദുരൻ അണ്ണാച്ചി



യും പല്ലുറുമുന്നുണ്ടായിരുന്നു.....'ശരിയാക്കികളയും.....എല്ലാവനേയും ശരിയാക്കികളയും' എന്നോ മറ്റോ ആയിരുന്നു. പക്ഷെ ശബ്ദത്തിനത്ര ബലം പോരായിരുന്നു. മതം മാറ്റിക്കളയുമെന്ന ഭീഷണിയുള്ള ചാർത്തുകൾ തോമാച്ചന്റെ കുരിശ്ശുവരപ്പുകാർ പലതവണ എത്തിച്ചതാണോ കാര്യം, അതോ ഒഴിമുറി തീരുമാനിക്കും മുമ്പ് കൈയിട്ടു വാരിയത് സഹിക്കാതെ മനം നൊന്ത് കുട്ടിമാളു അമ്മ ബാബു തന്ത്രി വഴി ലോക്നാർ കോവിൽ നീട്ടിയപേക്ഷിച്ചതാണോ...........ഒരു പിടിത്തോം ഇല്ല. എല്ലാം കാണാനും കേക്കാനും മോഹനൻ മാടമ്പിയുടെ ജീവിതം പിന്നെയും ബാക്കി. കറുത്ത ചെട്ടിയാരുടേയും ദർദുരൻ അണ്ണാച്ചിയുടെയും അഭിഷേകം മുറ തെറ്റാതെ നടക്കുന്നുണ്ട്. പ്രസാദം വെളുത്ത ചെട്ടിയാർ ഊട്ടുപുര വഴി വിതരണം ചെയ്യുന്നതുകൊണ്ട് ചൂടാറാതെ എല്ലാവർക്കും കിട്ടും. അമ്പി അങ്ങത്തക്ക് പടം പിടിത്ത കാര്യക്കാർ പട്ടത്തിൽ നോട്ടമുണ്ടായിരുന്നതുകൊണ്ടായിരിക്കും കാര്യമായ ബഹളത്തിന് നിൽക്കാത്തത്. വിളക്ക്കെട്ട് തമ്പുരാട്ടിയുടെ നീട്ടിയുള്ള വിളിയായിരുന്നു ആകെ ആശ്വാസം........വിളി മാത്രമേയുണ്ടാരുന്നുള്ളു...........അതും വല്ലപ്പോഴും........ പഴയപോലെ.......മണമില്ല....!

താടി മന്ത്രത്തിന്റെ ആവാഹന ശക്തിയിൽ, എഴാം കടലും കടന്ന് പുഷ്പക വിമാനത്തിലെത്തിയ വെള്ളനാട്ടമ്മയെ ആദ്യം കിഴക്കേനടയിലും പിന്നെ തലയെണ്ണൽ ആഭിചാരത്തിനായി തെക്കേനടയിലും കുടിയിരുത്തി; രഥവും അടിച്ചു തളിക്കാരുമില്ലെന്ന കുറവ് മാത്രം ബാക്കിയായി. ഇങ്ങെനെയൊക്കെ ഒന്നരയാണ്ട് കഴിഞ്ഞു; വിത്തെടുത്തു കുത്തൽ ഭംഗിയായി നടക്കുന്നുണ്ട്. അതിന് നേതൃത്വം നൽകാൻ ലാസർ ഇളയപ്പൻ പണിക്കാരുമായി സജീവമായി രംഗത്തുണ്ട്. എന്തിനും ഏതിലും ഇളയപ്പൻ കൈ കടത്തുമായിരുന്നു....മുൻപൊക്കെ....പക്ഷെ ഇപ്പം പഴയ ഗും ഇല്ലെന്നാണ് കേൾവി. മാധവൻ കണിയാനേയും ലാസർ ഇളയപ്പനേയും കുടിയിരുത്താൻ മാത്രം പുതിയ ഇല്ലത്തിന്റെ പണി തകർത്തു നടത്തുന്നുണ്ട്......കൂട്ടത്തിൽ കുറേ വിറക് വെട്ടികളും വെള്ളം കോരികളും........കണക്കുമില്ല........വഴക്കുമില്ല.... അവസാനം ഇളയപ്പൻ കൈ മലർത്തും അല്ലെങ്കിൽ മുങ്ങും .....അതിരവൻ പെടും.....അതാണല്ലോ ഇളയപ്പന്റെ ഒരിത് മാത്രമല്ല ഇളയപ്പന് പ്രീയം ആറടി മുളവടി കുറുവടിക്കാരോടാണ്.....എന്തിനാണോ എന്തോ. വിഗേശ്വരനെ അഞ്ചുവർഷത്തേയ്ക്ക് കവടിയാർ ഇല്ലത്ത് ചരടു മന്ത്രിച്ച് കെട്ടി കുടിയിരുത്തി. അടിത്തൂൺ പറ്റിയ മുരുകൻ മാടമ്പിയെ തിരിച്ചു വിളിച്ച് പഴയ അന്തപുരത്തിന്റെ അരികിൽ ഉപദേശിയായിരുത്തി. ഉപദേശം ഒഴുകി കുന്നിറങ്ങി അമ്പലത്തറയെത്തി.....പക്ഷെ വരവൊന്നുമില്ല. ശ്രീകൃഷ്ണൻ അരങ്ങൊഴിഞ്ഞതിനുപുറകേ ഗോപികമാരിൽ ഒരാൾ നാടുവിട്ടു അറിയാവുന്ന പണിയ്ക്ക് പോയി ഒരാൾ എവിടെയോ ഉണ്ട്......പങ്കം തന്നെ......ഏങ്ങനെയൊക്കെ കഴിഞ്ഞവരാണ് .......ഇതൊക്കെയാണെങ്കിലും മുംതാസിനുമാത്രം ഒരിളക്കവുമില്ല.....കുറവുമില്ല.........അഹങ്കാരത്തിനും........ഇടയ്ക്കിടക്ക് കാറ്റുകൊണ്ടു പോകും പോലെ പോണതു കാണാം. ചാട്ടവും തുമിപ്പും കണ്ടാൽ പഴയ വിശ്വ കവിയെപ്പറയിപ്പിക്കാൻ അവതാരമെടുത്തതാണോ എന്നു തോന്നും.....കുടുംബത്തുന്നു കൊടുക്കുംപോലെയാണ് പലതും കണ്ടാൽ.....പണ്ട് വീടിനു ചുറ്റും ഒഴുകിയ ആറിന്റെ കഥ ഒർത്താ മതി....ബാക്കിയെല്ലാം....ചിന്ത്യം.

ഇടയ്ക്കിടക്ക്, ഇനി ആരും വിറകും വെട്ടണ്ട വെള്ളവും കോരണ്ട, തറയും തുടക്കണ്ട കക്കൂസും കഴുകണ്ട എന്നൊക്കെ മാധവൻ കണിയാൻ വിളിച്ചു പറയും. കാര്യമൊന്നുമില്ല.......വിറകു വെട്ടിയും വെള്ളം കോരിയും തറ തുടച്ചും കക്കൂസ് കഴുകിയും കൊണ്ട് വന്ന പൈസയ്ക്ക് ഉഴുന്നു വടയും കട്ടചായയും ബോഞ്ചിയും പള്ള വീർക്കെ വലിച്ചു കേറ്റിയിട്ടാണ് ഈ ഏമ്പക്കം വിടൽ. ഉപകാരസ്മരണയിൽപ്പെടുത്തി അതിരവനെ പിടിച്ചുകെട്ടി ഒരിടത്തിരുത്തി വാറോലകളിൽ തുല്യം ചാർത്തിക്കുന്ന പുതിയ ആചാരം കൊപ്രാക്കളത്തിൽ ചെട്ടിയാരുമാരും ദർദുരൻ അണ്ണാച്ചിയും ചേർന്ന് ആരംഭിച്ചിട്ടുണ്ട്.....എത്ര നാളത്തേക്കോ എന്തോ......? പെടാതിരുന്നാൽ മതിയായിരുന്നു......!

വാൽകഷണം: കാലം സാക്ഷി ചരിത്രം സാക്ഷി.........പാണ്ടൻനായുടെ പല്ലിന് ശൗര്യം പണ്ടേ പോലെ ഫലിക്കുന്നില്ലാ....... പ്രാർത്ഥനകളുടെ കാലം കഴിയുന്നു.......... ഇനി......പ്രവർത്തികളാണ്.



# ഭൂമിയിലെ അവകാശികൾ



**ശരത്നാഥ് വി.**
ഇൻഫോർമാറ്റിക്സ് ഡിവിഷൻ


എന്റെ പേര് നന്ദിനി. ആരാണ് എനിക്ക് ഈ പേര് തന്നതെന്നറിയില്ല.ഓർമ വെച്ച നാൾ മുതലേ അങ്ങനെയാണ് കേൾക്കുന്നത്. ഇത് എന്റെ ആത്മകഥ എന്നൊക്കെ വേണമെങ്കിൽ പറയാം. ഞാൻ ഒരു കഥാകൃത്തൊന്നുമല്ല. എങ്കിലും എന്റെ വേദനകൾ നിങ്ങളോട് പങ്കുവയ്ക്കുന്നു. ജനിച്ചതെവിടെയെന്ന് ഓർമയില്ല.ഓർമയുള്ളപോൾ ഞാൻ അനാഥയായിരുന്നു.വളർന്നതും മറ്റുമൊക്കെ നഗരത്തിലായിരുന്നു. നഗരത്തിലെ ആ വലിയ വീട്ടിൽ എന്നെ ഏറ്റെടുക്കാൻ ഒരാളുണ്ടായിരുന്നു.അദ്ദേഹത്തിന് എന്നെ പ്രിയമായിരുന്നു. ബിസിനസ്സ് തിരക്കുകൾക്കിടയിലും എന്നെ സ്നേഹിക്കാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. പക്ഷേ ചേട്ടത്തിക്ക് എന്നെ തീരെ പിടിക്കില്ല. അദ്ദേഹത്തിൻറെ ഭാര്യയാണെങ്കിലും ചേട്ടത്തിയുടെ നിയന്ത്രമാണ് വീട്ടിൽ. എബിയും എനിക്ക് കൂട്ടാണ്, പക്ഷേ എമിലി അമ്മയെപോലെ എന്നെ എപ്പോഴും നോവിക്കുമായിരുന്നു. ദേഷ്യം വന്ന അവൾ എന്റെ ദേഹത്ത് ചൂടുവെള്ളം ഒഴിച്ച വേദന ഇപ്പോഴും മാറിയിട്ടില്ല. മക്കളെ ശകാരിക്കാൻ ചേട്ടത്തിക്ക് ഞാൻ എപ്പോഴും ഒരു കാരണമാകാറുണ്ട്. പലപ്പോഴും എന്നെ വീടിനു പുറത്താക്കാറുണ്ട്. മഴയും വെയിലും ഏറ്റുകിടക്കേണ്ട അവസ്ഥ എനിക്ക് പുതുമയല്ല. ജീവിതത്തിന്റെ കനൽകൂടിൽ എന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഞാൻ എപ്പോഴേ പൂട്ടിയതാണ്. 'നാശം, അശ്രീകരം' എന്നൊക്കെ എനിക്ക് പലരും തന്ന ഓമനപ്പേരുകളാണ്. ആരേലും വീട്ടിൽ വന്നാൽ ഓടിമറഞ്ഞില്ലേൽ അതിനും കിട്ടും തല്ല്.അടിമയെപോലെ ആ വീട്ടിൽ. എന്നെപോലെയുള്ളവർക്ക് മറ്റെന്ത് സ്ഥാനം കിട്ടും. പലരും എന്നെ സ്നേഹിക്കുന്നത് അവരുടെ നേരംപോക്കിനാണ്. ചേട്ടത്തിയുടെ ബന്ധുവിന്റെ വിവാഹത്തിന് അവർ എല്ലാരും പോയി. അവർ എന്നെ അകത്താക്കി വീട് പൂട്ടി പോയിട്ട് ദിവസങ്ങളായി. ആരും അന്വേഷിച്ചതുപോലുമില്ല. വിശന്ന് അവശയായ ഞാൻ ഒരുവിധം വീട്ടിൽ നിന്നും രക്ഷപ്പെട്ടു. കോൺക്രീറ്റ്കാടുകൾക്കിടയിലൂടെ ആ വലിയ നഗരത്തിലൂടെ അലക്ഷ്യമായി ഞാൻ അലഞ്ഞുതിരിഞ്ഞു; എന്തുചെയ്യണമെന്നറിയാതെ...ഒടുവിൽ ഒരു ഹോട്ടലിനുമുൻപിലെത്തി, വിശപ്പ് സഹിക്കാൻവയ്യാതെ പിന്നാമ്പുറത്തെത്തിയ എനിക്ക് അടിയാണ് കിട്ടിയത്. കരഞ്ഞുകൊണ്ട് ഞാൻ അവിടെനിന്നുമിറങ്ങി നടന്നു. നഗരങ്ങൾ പിന്നിട്ടു നേരം ഇരുട്ടി. അരണ്ടവെളിച്ചത്തിൽ ഇറങ്ങിനടന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഒരുവൻ എന്റെ പിന്നാലെ കൂടി. ഓരോന്ന് പറഞ്ഞു എന്റെ കൂടെ നടന്നു. അവൻ ഉപദ്രവിക്കുമെന്നത്തിയപ്പോൾ ഞാൻ ഓടി. ഓടി ഓടി ഒരു കുറ്റിക്കാട്ടിൽ അഭയം കണ്ടെത്തി. അവൻ പോകുംവരെ അവിടിരുന്നു. ഇഴജന്തുവിനെ കണ്ടു വീണ്ടും ഓടി. എവിടെയൊക്കെയോ പിടിച്ച് എൻറെ ദേഹം മുറിഞ്ഞു. രക്തംവാർന്നു ഞാൻ കുഴഞ്ഞുവീണു. ഉണർന്നപ്പോൾ ഞാൻ ഒരു വീട്ടിലാണ്. ദേഹത്തൊക്കെ മരുന്ന് പുരണ്ടിരിക്കുന്നു.ഉണർന്നോ, എന്ന ഭാവത്തോടെ ഒരു പെൺകുട്ടി.. തിളങ്ങിയ കണ്ണുകളോടെ അവൾ എന്നെ വാരിയെടുത്തു മടിയിൽ വെച്ചു പാൽ പത്രം എനിക്ക് നേരെ നീട്ടി...സ്നേഹത്തോടെ മ്യാവൂ...മ്യാവൂ..!!! എന്ന ഞങ്ങളുടെ ആദരവോടെ ഞാൻ ആ പാൽ നക്കിതുടച്ചു. അവൾ എന്റെ കഴുത്തിൽ മണികെട്ടി...മനുഷ്യരിലും നല്ലവർ ഉണ്ടെന്ന് തോന്നിയ നിമിഷം. മൃഗങ്ങളായാലും ഞങ്ങൾക്കുമുണ്ട് വികാരങ്ങളും വിചാരങ്ങളും.. അത് ആരും മനസിലാക്കുന്നില്ല. അറപ്പോടെ കാണാതെ ഞങ്ങളെയും നിങ്ങൾക്ക് സ്നേഹിച്ചൂടെ...ഈ ഭൂമിയിലെ അവകാശികളെ...



ശരത്‌നാഥ് വി.

ഓർമയിലുണ്ടെനിക്കൊരോണം..
ഓർത്തുരസിക്കുവനൊരീണം..
ഓണനിലാവത്ത് മാംബൂപറിക്കുമീ
ബാല്യത്തിലുണ്ടയിരുന്നരോണം.
തുമ്പയും തെറ്റിയും പിച്ചിയും പാകി
മിനുക്കുമീ മുറ്റത്ത് പൂക്കണിയായി
വെള്ളില വീഴുമീ വീഥികളിൽ വഞ്ചികൾ
ആർത്തുതിമിർക്കുവാനൊരോണം, തിരുവോണം.
നാട്ടിൻപുറങ്ങൾ നന്മപരത്തി
കേൾക്കമീ കൊയ്തുപാട്ടിനീരടികൾ
തൂങ്ങുന്നു തേന്മാവിൻകൊമ്പിലോരൂഞ്ഞാൽ
മൂളുന്നു നന്മതൻ കാവ്യശീലുകൾ.
മാനിനിമാർ തിരക്കൊഴിയാതെ വിളമ്പുന്നു
പച്ചടി,കിച്ചടി പായസവും
ഏമ്പക്കവും വിട്ട് വെടിപറയുന്നതും
ഇന്നലെ കണ്ട കിനാവിലെ മായത്താചിത്രം
കളിയും ചിരിയും നിറഞ്ഞ ബാല്യം
കതിരിടാൻ നിൽക്കുന്ന യവ്വനം
പോയ കിനാക്കൾ ഓർത്തു ചിരിക്കുന്ന വാർദ്ധക്യവും
എവരും ചേർന്നൊരു പൊന്നോണം
ഓർക്കുന്നുഞ്ഞാനാ പോയകാലം
ഓണത്തുമ്പികൾ പാറിപറന്ന കാലം
ഓണത്തപ്പനെ വരവേറ്റ കാലം
ഓർക്കുവാൻ കൊതിയൂറുന്ന തിരുവോണക്കാലം

# ഓർമയിലോരോണം....



JOEL
Son of Chandini Babu,Informatics Division






# മാറുന്ന മലയാള സിനിമ

ബി. സതീശൻ

കഴിഞ്ഞ ഒരു വർഷം കാതലായ മാറ്റമാണ് മലയാള സിനിമയിലുണ്ടായത്. കുറേകാലങ്ങളായി കണ്ട് വന്ന രീതികളിൽ നിന്നും തികച്ചും വ്യത്യസ്തമായി സിനിമയുടെ മൊത്തം ചട്ടക്കൂടിലുണ്ടായ മാറ്റങ്ങൾ മലയാളി പ്രേക്ഷകർ രണ്ട് കൈയ്യും നീട്ടി സ്വീകരിച്ച് കാഴ്ചയാണ് കണ്ടത്. സിനിമയുടെ മേക്കിംഗിന് ഊന്നൽ നൽകിയുള്ള ചുവടുമാറ്റമാണ് പ്രധാനമായി കാണേണ്ടത്. താരാധിപത്യത്തിൽ നിന്നും സിനിമയെ മോചിപ്പിക്കുന്നതായിട്ടാണ് ന്യൂ ജനറേഷൻ സിനിമകളുടെ വിജയം സൂചിപ്പിക്കുന്നത്. തമിഴ് സിനിമാ ലോകത്ത് ഒട്ടനവധി ആരാധക പുരുഷൻമ്മാരായ നടൻമ്മാരെയും പുതിയ നടൻമ്മാരെയും പുത്തൻ കാഴ്ചപ്പാടുകളെയും തമിഴർ ഏറെ പ്രോൽസാഹിപ്പിച്ചിരുന്നു. അവിടെ വർഷങ്ങൾക്കുമുമ്പ് തന്നെ അത്തരത്തിലുള്ള മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. സാധാരണയായി തമിഴ് പ്രേക്ഷകരെയാണ് താരങ്ങൾക്ക് വേണ്ടി ജീവൻ ഒടുക്കാൻ



വരെ തയ്യാറാക്കുന്ന സിനിമാ ഭ്രാന്തന്മാരായി കണക്കാക്കിയിരുന്നത്. നടീനടൻന്മാരോട് അനാവശ്യമായ ആരാധനയും അമിതമായ സ്നേഹപ്രകടനങ്ങളും പക്ഷപാതപരമായ കാഴ്ചപ്പാടുകളും ഇപ്പോഴും തമിഴിൽ നിലനിൽക്കുന്നുണ്ടെങ്കിലും വ്യത്യസ്തത നിറഞ്ഞ സിനിമ നിർമ്മാണ പ്രവണതകളെ പോസിറ്റീവായി കാണുകയും അത്തരം സിനിമകളെ വിജയിപ്പിക്കുകയും ചെയ്യുന്നു എന്നത് തമിഴ് പ്രേക്ഷകരുടെ പ്രത്യേകതയാണ്. മലയാളത്തിൽ അത്തരത്തിലുള്ളോരുമാറ്റം ഈ അടുത്തകാലത്താണ് കണ്ട് തുടങ്ങിയത്. മുൻനിരയിലെ പ്രമുഖ നടൻന്മാരുടെ പല ചിത്രങ്ങളും താരപദവി മുഖവില കൊടുക്കാതെ പ്രേഷകർ തള്ളി കളയുന്ന സ്ഥിതിയുണ്ടായി. അതിനാൽ കഥാപാത്രങ്ങൾ തിരഞ്ഞെടുക്കുന്നതിൽ അവർ ഇപ്പോൾ ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു. മോഹൻലാൽ, മമ്മൂട്ടി, ദീലിപ് തുടങ്ങി മുൻനിരയിലെ നായകന്മാരായാലും ബിഗ് ബജറ്റ് സിനിമയിൽ പറയത്തക്കതായി ഒന്നുമില്ലെങ്കിൽ എട്ടുനിലയിൽ പൊട്ടിയ സിനിമകൾ അടുത്തകാലത്ത് മലയാളത്തിൽ ഏറെയാണ്. എന്നാൽ സിനിമയിൽ വലിയ കഥയൊന്നുമില്ലെങ്കിലും പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാഴ്ചയ്ക്കും ശബ്ദ നിർവഹണത്തിനും കുടുതൽ പ്രാധാന്യം നൽകി നിർമ്മിക്കുന്ന സിനിമകൾ വിജയിക്കുന്നതായി നമ്മുക്ക് കാണാം. പ്രത്യേകിച്ച് പാശ്ചാത്തല സംഗീതം സിനിമയെ നയിക്കുന്ന സ്ഥിതിയാണ് പൊതുവെ ഇന്ന് കണ്ടുവരുന്നത്. സിനിമയിലെ ഓരോ രംഗത്തും റിയാലിറ്റി തോന്നിപ്പിക്കുന്ന രീതിയിലുള്ള ശബ്ദക്രമീകരണങ്ങൾക്ക് പ്രാധാന്യം നൽകി വരുന്നു. പ്രി പ്രൊഡക്ഷൻ, ഷൂട്ടിംഗ് ഇവയിൽ നിന്നെല്ലാം കൂടുതൽ പ്രാധാന്യം നൽകി വരുന്നത് പോസ്റ്റ് പ്രൊഡക്ഷനാണെന്നതാണ് ഇപ്പോഴുണ്ടായിരിക്കുന്ന വലിയമാറ്റം. സിനിമയിലെ സാങ്കേതിക പ്രവർത്തകർ പ്രത്യേകിച്ച് സൗണ്ട് വിഷ്വൽ ഇഫക്ട്സ്, ഗ്രാഫിക്സ് എന്നീ മേഖലയിലെ എഞ്ചീനിയർമ്മാർ താരങ്ങളായി മാറുന്ന സ്ഥിതി വന്നിട്ടുണ്ട്. ദൃശ്യമനോഹാരിതയും സമന്വയവും ഇന്നത്തെ സിനിമകളിൽ ശ്രദ്ധേയമാണ്. ബാഹുബലി, ടേക്ക്ഓഫ്, വിക്രംവേതാൾ, പുലിമുരുകൻ തുടങ്ങി പല സിനിമകളുടെയും വിജയത്തിന്റെ പിൻബലം ആ സിനിമകളുടെ പോസ്റ്റ് പ്രൊഡക്ഷൻ മികവുകളാണ്. ഒരു കഥ പറയുന്നതിനോടൊപ്പം അതിന്റെ പശ്ചാത്തലത്തിനും ഷോട്ടുകൾ ഒരുക്കുന്നതിലും റിയാലിറ്റി അനുഭവപ്പെടുന്നതിന് കൂടുതൽ ശ്രദ്ധിച്ചു വരുന്നു എന്നതാണ് മലയാള സിനിമയിലെ വലിയൊരുമാറ്റം അങ്കമാലി ഡയറീസ്, കമ്മട്ടിപാടം, തൊണ്ടി മുതലും ദൃക്സാക്ഷിയും എന്നീ സിനിമകൾ ഇതിന് ഉത്തമോദാഹരണങ്ങളാണ്. ഈയിടെ മലയാള സിനിമയിൽ താരാഭിമുഖ്യം നോക്കാതെ നല്ലമേക്കിംഗിലുടെ പുറത്തു വരുന്ന സിനിമകളെല്ലാം തരക്കേടില്ലാതെ വിജയിക്കുന്ന സ്ഥിതി വന്നിട്ടുണ്ട്. ഗോദ എന്ന സിനിമ ഇതിനു ഉദാഹരണമാണ്. ഈയിടെയായി നടീനടൻമാന്മാർക്ക് സിനിമയിലെ കഥാപാത്രങ്ങളോട് ആത്മാർത്ഥത പുലർത്തേണ്ടി വരികയും അതിന്റെ ഫലമായി പ്രകടനം കാഴ്ച വെയ്ക്കുവാ






നും കഴിയുന്നുണ്ട്. കാഴ്ചക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതിയിലുള്ള വലിയ അഭ്യാസത്തിനു മുതിരാതെ അനായസേന സംപ്രേക്ഷകരുമായി സംവേദിക്കുന്ന രീതി അഭിനേതാക്കളും സ്വീകരിച്ചു തുടങ്ങിയെന്നത് മലയാള സിനിമയിൽ അടുത്ത കാലത്തായി ഉണ്ടായിട്ടുള്ള വലിയ മാറ്റമാണ്. കേരളത്തിൽ നടക്കുന്ന അന്തർദേശീയ ചലച്ചിത്രമേളകൾ മലയാള സിനിമയിൽ ഗുണകരമായ മാറ്റങ്ങൾ സംഭവിക്കുമ്പോഴും സിനിമാ വ്യവസായ ലോകം വ്യക്തികളുടെയും സംഘടനകളുടെയും കൈകളിൽ അമർന്നു പോകുന്നു എന്ന സങ്കടാവസ്ഥയും നാം കാണേണ്ടതാണ്. ഒരു സിനിമ വിജയിക്കണമോ റീലിസ് ചെയ്യണമോ തിയേറ്റർ അനുവദിക്കണമോ എന്നെല്ലാം തീരുമാനിക്കുന്ന ചില വ്യക്തികളും സംഘടനകളുമായി മാറുന്നു എന്ന കാഴ്ചയും അപകടകരമാണ്. സിനിമയുടെ നിർമ്മാണം, പ്രദർശനം, തിയേറ്റർ അനുവദിക്കൽ എന്നിവയെല്ലാം വ്യക്തികളുടെ നിയന്ത്രണത്തിലാകുന്നു എന്ന മാറ്റവും മലയാള സിനിമയിൽ സംഭവിച്ചുകൊണ്ടിരുന്നു.

മലയാള സിനിമ കാണുന്നതിനുള്ള തിയേറ്റർ പാശ്ചത്തലങ്ങൾക്കും വലിയ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നു. വലിയ മൾട്ടിപ്ലക്സ് തിയേറ്ററുകൾ ഉണ്ടാവുന്നു. ഒരേ കോപ്ലക്സുകളിൽ ഒട്ടനവധി തിയേറ്ററുകൾ ആധുനിക സാങ്കേതിക സൗകര്യത്തോടെ നിർമ്മിക്കുന്നു. ഒരു പാട് സിനിമകൾ ഒരേ സമയം ഒരേ തിയേറ്റർ കോപ്ലക്സുകളിൽ ഒരേ ദിവസം പ്രദർശിപ്പിക്കാൻ കഴിയുന്നു. ഇവയെല്ലാം അടുത്തിടെ മലയാള സിനിമയിൽ ഉണ്ടായിട്ടുള്ള വലിയ മാറ്റങ്ങളാണ്. മലയാളിക്ക് മാനക്കേട് ഉണ്ടാകുന്ന സംഭവങ്ങൾ ഇനിയുണ്ടാകാതെ ലോക സിനിമയ്ക്ക് എന്നും മാതൃകയായിട്ടുള്ള മലയാള സിനിമയ്ക്ക് കൂടുതൽ മാറ്റങ്ങൾ വരും നാളുകളിൽ സംഭവിക്കുമെന്ന് നമ്മുക്ക് പ്രതീക്ഷിക്കാം.

**PLUS**
**DIGITAL MEDIA**

TC-25/2727(7)
LUKE LAME, PULIMOOD, G.P.O,
TRIVANDRUM, KERALA STATE
9495354555



# What is FIFA U17 World Cup?

## Your guide to the tournament which is coming to India in October

Mony P.G.



**Here's what you need to know about FIFA's U17 World Cup, the latest edition of which will be held in India in October..**

India are all set to host its first ever Federation Internationale de Football Association (FIFA) tournament in the form of the U17 World Cup in October 2017. As such, there is a lot of intrigue and expectation surrounding the youth tournament.

India's U17 team, which has qualified for the tournament as hosts, have been jetting off to European countries for exposure tours as they prepare to lock horns with some of the best young talents in the world.

The fans in the country are eager to see some of the future stars of football in action at a tournament which has propelled many global names to limelight. So what is the concept behind the U17 World Cup? How often is it held? The questions are galore and we will try to answer some of them here.

Before 'Football Takes Over' (the official catchphrase of the tournament), let's take an introductory look at what the U17 World Cup is all about:





Jawaharlal Nehru International Stadium, Kochi

## WHAT IS THE FIFA U17 WORLD CUP?

The first edition of the U17 World Cup was held in 1985 in China but back then it was called the U16 World Championship. However, FIFA decided to raise the age bar to 17 in 1991 and it has been called the FIFA U17 World Cup ever since.

The tournament was inspired by the Lion City Cup in Singapore - an U-16 football tournament organised by Football Association of Singapore. In fact, it was the world's first ever under-16 football tournament. FIFA's then General Secretary Joe Blatter recommended the creation of the U17 World Cup after a visit to Singapore in 1982.

The tournament is played every two years and this year's edition in India will be its 17th chapter. It will be held across six cities (New Delhi, Navi Mumbai, Goa, Kochi, Kolkata and Guwahati) in India from 6th to 28th October 2017.

## STRUCTURE

The first edition of the U17 World Cup was held in 1985 in China but back then it was called the U16 World Championship. However, FIFA decided to raise the age bar to 17 in 1991 and it has been called the FIFA U17 World Cup ever since.

The tournament was inspired by the Lion City Cup in Singapore - an U-16 football tournament organised by Football Association of Singapore. In fact, it was the world's first ever under-16 football tournament. FIFA's then General Secretary Joe Blatter recommended the creation of the U17 World Cup after a visit to Singapore in 1982.

The tournament is played every two years and this year's edition in India will be its 17th chapter. It will be held across six cities (New Delhi, Navi Mumbai, Goa, Kochi, Kolkata and Guwahati) in India from 6th to 28th October 2017.




## WHO ARE THE DEFENDING CHAMPIONS?

As the fever surrounding the U17 World Cup rises, so are the queries surrounding the competition. So, who are the current champions of the tournament? Who has won the most number of titles? Where was the tournament held last time out? Fret not, we've got you covered.

Nigeria are the defending champions , having beaten Mali 2-0 in the final of the 2015 edition which was held in Chile. But Nigeria failed to qualify for the 2017 event and will not be able to defend their trophy.

Incidentally, the Super Eagles are the most successful team in the tournament, having won the FIFA U17 World Cup a record five times.

More interestingly, Nigeria won the first edition in 1985 as well by defeating West Germany 2-0. In fact, the Nigerians won the 2013 edition in the UAE as well. Combining it with Ghana's two titles, Africa can boast seven U17 World Cup titles.

As far as Asian countries go, only Saudi Arabia (1989) have won the trophy while France (2001), Switzerland (2009) and Soviet Union (1987) are the three European teams to have triumphed. Brazil are the only South American team to win the tournament (1997, 1999 and 2003) and Mexico (2005, 2011) are the only team from CONCACAF to land the ultimate honour.

## WHO ALL HAVE QUALIFIED?

The host nation qualifies automatically for the U17 World Cup while the rest of the teams are determined according to continental youth tournaments organised by the respective continental governing bodies like the AFC (Asia), CAF (Africa), CONCACAF (North, Central America & Caribbean), CONMEBOL (South American), UEFA (Europe) and OFC (Oceania).

Here are the 24 teams which have qualified for this year's edition in India:
UEFA: England, France, Germany, Spain, Turkey
AFC: Iraq, Iran, India, Japan, South Korea
CAF: Guinea, Ghana, Mali, Niger
CONMEBOL: Brazil, Colombia, Chile, Paraguay
CONCACAF: USA, Mexico, Costa Rica, Honduras
OFC: New Zealand, New Caledonia

# WELL-KNOWN STARS FROM PAST EDITIONS

The FIFA U17 World Cup has seen many stars of the game cut their teeth and grab the limelight in its past editions. As such the hope is there that Indian football fans will be able to some of the future stars in action this year. Let's take a look at a few of those famous names who made their mark on this tournament:

## Landon Donovan

The superstar of US football thrust himself into the spotlight in the 1999 edition held in New Zealand. Donovan won the Golden Ball as he led USA to a creditable fourth-placed finish.



Landon Donovan

## CescFabregas

The Chelsea star was the toast of the tournament in 2003 in Finland, winning the Golden Boot and the Golden Ball award.



CescFabregas

## Anderson

Manchester United fans will be well-versed with Anderson, with his exploits in the 2005 Peru edition going a long way in Sir Alex Ferguson recruiting him.



Anderson

## Toni Kroos

The poster boy of Real Madrid midfield, Toni Kroos, was exceptional in the 2007 South Korea tournament and won the Golden Ball award.



Toni Kroos

# India U-17 football team



In an effort to build a strong team, the All India Football Federation (AIFF) has provided the Indian squad an exposure trip to Europe where it faced Serbia, Macedonia and Benfica SL among other club and national teams.

India has been drawn in Group A of the U-17 World Cup alongside USA, Colombia and Ghana.





# INTERNET BANKING

Internet banking, also known as online banking, e-banking or virtual banking, is an electronic payment system that enables customers of a bank or other financial institution to conduct a range of financial transactions through the financial institution's website. The different types of online financial transactions are:

## NATIONAL ELECTRONIC FUND TRANSFER (NEFT)

National Electronic Funds Transfer (NEFT) is a nation-wide payment system facilitating one-to-one funds transfer. Under this Scheme, individuals, firms and corporates can electronically transfer funds from any bank branch to any individual, firm or corporate having an account with any other bank branch in the country participating in the Scheme. Individuals, firms or corporates maintaining accounts with a bank branch can transfer funds using NEFT. Even such individuals who do not have a bank account (walk-in customers) can also deposit cash at the NEFT-enabled branches with instructions to transfer funds using NEFT. However, such cash remittances will be restricted to a maximum of Rs.50,000/- per transaction. NEFT, thus, facilitates originators or remitters to initiate funds transfer transactions even without having a bank account. Presently, NEFT operates in hourly batches - there are twelve settlements from 8 am to 7 pm on week days (Monday through Friday) and six settlements from 8 am to 1 pm on Saturdays.

## REAL TIME GROSS SETTLEMENT (RTGS)

National Electronic Funds Transfer (NEFT) is a nation-wide payment system facilitating one-to-one funds transfer. Under this Scheme, individuals, firms and corporates can electronically transfer funds from any bank branch to any individual, firm or corporate having an account with any other bank branch in the country participating in the Scheme. Individuals, firms or corporates maintaining accounts with a bank branch can transfer funds using NEFT. Even such individuals who do not have a bank account (walk-in customers) can also deposit cash at the NEFT-enabled branches with instructions to transfer funds using NEFT. However, such cash remittances will be restricted to a maximum of Rs.50,000/- per transaction. NEFT, thus, facilitates originators or remitters to initiate funds transfer transactions even without having a bank account. Presently, NEFT operates in hourly batches - there are twelve settlements from 8 am to 7 pm on week days (Monday through Friday) and six settlements from 8 am to 1 pm on Saturdays.

## ELECTRONIC CLEARING SYSTEM (ECS)

ECS is an alternative method for effecting payment transactions in respect of the utility-bill-payments such as telephone bills, electricity bills, insurance premia, card payments and loan repayments, etc., which would obviate the need for issuing and handling paper instruments and thereby facilitate improved customer service by banks / companies / corporations / government departments, etc., collecting / receiving the payments.

## IMMEDIATE PAYMENT SERVICE (IMPS)

IMPS offers an instant, 24X7, interbank electronic fund transfer service through mobile phones. IMPS is an emphatic tool to transfer money instantly within banks across India through mobile, internet and ATM which is not only safe but also economical both in financial and non-financial perspectives.

## MOBILE BANKING

Mobile banking is a service provided by a bank or other financial institution that allows its customers to conduct different types of financial transactions remotely using a mobile device such as a mobile phone or tablet. It uses software, usually called an app, provided by the banks or financial institution for the purpose. Each Bank provides its own mobile banking App for Android, Windows and iOS mobile platform(s).



വിജിത ബി.
സോഫ്റ്റ്‌വെയർ, സൈബർശ്രീ

# ഓറഞ്ച് സർബത്ത്

പാളയത്തെ പൊരിവെയിലിലൂടെ നടക്കുമ്പോൾ ആദ്യം ഓർക്കുക 'ഓറഞ്ച് സർബത്ത്' വിൽക്കുന്ന അപ്പൂപ്പനെയാണ്. ആ ഓറഞ്ച് സർബത്ത് ദാഹം ശ്രമിക്കുന്നത് പോലെ വേറൊരു പാനീയവും ദാഹം ശമിപ്പിക്കില്ല എന്നെനിക്ക് തോന്നാറുണ്ട്. ഞങ്ങൾ സുഹൃത്തുക്കളെ മോഹിപ്പിക്കുന്ന എന്തോ ഒന്ന് ആ സർബത്തിനുണ്ട്. അതോ ആ അപ്പൂപ്പനാണോ? ആഴമേറിയ ആ കണ്ണുകളും, പൂർണമായും നരച്ച താടിയും, മുറുക്കിച്ചുവന്ന ചുണ്ടുകളും, ചെറിയ കഷണ്ടി കയറിയ നിസ്കാരത്തഴമ്പുള്ള നെറ്റിത്തടവും എന്നിലെന്നും കൗതുകമുണർത്തിയിരുന്നു. കോളേജ് പഠനകാലത്ത് ഞങ്ങളുടെ സ്ഥിരം സന്ദർശന സ്ഥലമായിരുന്നു, പാളയം മുസ്ലീം പള്ളിക്കടുത്തുള്ള ആ ചെറിയ സർബത്ത് കട. പത്ത് രൂപയ്ക്ക് ഓറഞ്ച് സർബത്ത്, അതായിരുന്നു. ഞങ്ങളെ ആകർഷിച്ചിരുന്നത്. പക്ഷേ അത് ആദ്യമായി കുടിച്ച് കഴിഞ്ഞപ്പോൾ മനസ്സിലുണ്ടായ കുളിർമ, അതിപ്പോഴും എതോ ഓരാത്മബന്ധം ആ സർബത്തിനോടുണ്ടാകുന്നത് പോലെ, ആ അപ്പൂപ്പനോടുണ്ടാകുന്നത് പോലെ. ഏതോ ഒരു നിഗൂഢത ആ സർബത്ത് വിൽപ്പനക്കാരനിൽ ഒളിച്ചിരിപ്പുണ്ടെന്ന് ഇന്നും എനിക്ക് തോന്നാറുണ്ട്.

ബെയ്സനിലെ പച്ചവെള്ളത്തിൽ കഴുകി ട്രേയിലേക്ക് നിരത്തി വച്ചിരിക്കുന്ന നീളൻ ഗ്ലാസുകളെ ഇന്നും ഞാൻ നോക്കി നിന്നു. സർബത്ത് പാത്രത്തിൽ നിന്നും ആ ഗ്ലാസുകളിലേക്ക് വളരെ വേഗത്തിൽ അപ്പൂപ്പൻ സർബത്ത് ഒഴിച്ചുകൊണ്ടിരുന്നു. അതുകഴിഞ്ഞ് ഐസ് പാത്രത്തിലെ ഐസ് പൊടിച്ച് ഗ്ലാസുകളിലേക്കിട്ടു. ഓരോ തവണ ഐസ് പൊട്ടിക്കുമ്പോഴും ചെറിയ ചെറിയ കഷണങ്ങൾ ചിന്നച്ചിതറി തെറിച്ചുകൊണ്ടിരുന്നു ഓറഞ്ച് സർബത്തായി മാറുമ്പോൾ ആ ഐസുകഷണങ്ങൾ പൊട്ടിച്ചിരിക്കുന്നതാണെന്ന് അതെന്നെനിക്കു തോന്നി. പിന്നീട് ആ ഗ്ലാസുകളിലേക്ക് ഓറഞ്ച് മുറിച്ച് പിഴിയുമ്പോഴും ആ അപ്പൂപ്പന്റെ മുഖത്തെ ഭാവമെന്താണെന്ന് കണ്ടെത്താൻ എനിക്ക് കഴിഞ്ഞില്ല. പിന്നീട് കുറച്ച് വെള്ളം കൂടിചേർത്ത്, പാത്രത്തിലും ഗ്ലാസിലും അങ്ങോട്ടുമിങ്ങോട്ടുമായി പകർന്ന്, ആ സർബത്ത് രൂപം കൊള്ളുന്നത് കണ്ടപ്പോൾ ഞാൻ സന്തോഷിച്ചു.

ആസ്വദിച്ചങ്ങനെ സർബത്ത് കുടിച്ചുകൊണ്ടിരിക്കുമ്പോൾ അവിടുത്തെ തണുത്തകാറ്റ് എന്നെ പതിയെ പുൽകിക്കൊണ്ടിരുന്നു. ആ കാറ്റുകളെനിക്ക് മാധവിക്കുട്ടി(കമല സുരയ്യ)യുടെ കവിതകളായിരുന്നു. കടയുടെ പുറകിലെ ഒരു മതിലിനപ്പുറമാണ് ആ വലിയ സാഹിത്യകാരിയുടെ ഖബർ. ആ വസ്തുതയാണ് എന്നെ ഏറ്റവുമധികം സന്തോഷിപ്പിക്കുന്നത്. കൗമാരമെന്നിൽ മൊട്ടിട്ടു തുടങ്ങിയപ്പോൾ തന്നെ ഞാൻ മാധവിക്കുട്ടിയുടെ എഴുത്തിനെ സ്നേഹിച്ചു. തുടങ്ങിയിരുന്നു. ആ സ്നേഹം പിന്നീടെന്നിൽ വളർന്നുകൊണ്ടേയിരുന്നു. ആ ഖബറിന്റെ സാന്നിദ്ധ്യവും ആ സർബത്തിനോടുള്ള അടുപ്പത്തിന്റെ ഒരു കാരണമായിരിക്കാം. സർബത്ത് കുടിച്ചു കഴിയുമ്പോൾ ഗ്ലാസിൽ ബാക്കിയാകുന്ന ഐസ് കഷണങ്ങൾ മണ്ണിനെ തണുപ്പിക്കാനുള്ളതാണ് അത് മണ്ണിലേക്ക് വലിച്ചെറിഞ്ഞ് ഗ്ലാസ് തിരികെ നൽകുമ്പോൾ മനസ്സിന് വല്ലാത്തൊരു സംതൃപ്തിയാണ്.

ആറുമാസങ്ങൾക്ക് ശേഷം ഇന്നവിടെ ചെന്നപ്പോഴും അപ്പൂപ്പനെന്നെ തിരിച്ചറിഞ്ഞു, എന്നെ നോക്കി ചിരിച്ചു. കുശലാന്വേഷണം നടത്തി, ഒത്തിരിയൊന്നും സംസാരിക്കാത്ത പ്രകൃതക്കാരനായ അപ്പൂപ്പുൻ, ഞാൻ അവിടെ ചെന്നിട്ട് ആറുമാസങ്ങളായി എന്നോർപ്പിച്ചതും ആ അപ്പൂപ്പൻ തന്നെയാണ്. സർബത്തിന് അഞ്ചു രൂപ കൂടി എന്നല്ലാതെ മറ്റൊരു മാറ്റവും അവിടെയുണ്ടായിരുന്നില്ല. ആ കടയിലെ തിരക്കിലെ പിന്നിലാക്കി നടക്കുമ്പോഴും ആ കടക്കാരന്റെ നിഗൂഢതയെപ്പറ്റിയാണ് ഞാൻ ചിന്തിച്ചുരുന്നത്!

അശ്വതി.എസ്.പി.
സോഫ്റ്റ്‌വെയർ, സൈബർശ്രീ



# പ്രിയസഖീ



മറക്കില്ല ഞാനെൻ പ്രിയതോഴിയെ
മറക്കാൻ കഴിയുമെന്ന് തോന്നുന്നില്ല
മനസ്സിന്റെ കോണിൽ എവിടെയോ ആമുഖം
മായാതെ എന്നെന്നും നിലനിൽപ്പൂ.....
എൻ ജീവിതാവസാനം വരെ
എൻ പ്രിയ തോഴിയെ.....
എന്നെന്നും എന്നുള്ളിൽ ഓർത്തീടുമല്ലേ........
എൻ വിദ്യാലയ ജീവിതത്തിനിടയിൽ
എൻ പ്രിയ സഖിയേ ഞാൻ കണ്ടുമുട്ടി
നിറമുള്ള സ്വപ്നങ്ങളും നിശബ്ദ മോഹങ്ങളും
എത്രയെത്ര നാം പങ്കുവെച്ചു.
എല്ലാം ഒരു സ്വപ്നം പോലെ മായാതെ
മനസിൽ കോണിൽ പതിഞ്ഞു കിടക്കുന്നു.
അറിവിന്റെ ലോകത്തെ പൂമ്പാറ്റകളായ് നാം
സ്വർണ്ണച്ചിറകുകൾ വിടർത്തി ഒരു വേള
ഈ വിദ്യാലയ പൂമുറ്റത്ത് പാറിപ്പറന്നു
ഇപ്പോൾ വിട ചൊല്ലാൻ നേരമായി...



JOEL
Son of Chandini Babu
Informatics Division

# വനജ്യോത്സ്ന

മഞ്ഞിൽ കണങ്ങൾ തൂകുന്ന രാത്രിയിൽ
എന്നും നിശബ്ദത തൂകുന്ന യാമത്തിൽ
അനുരാഗ സങ്കല്പമായി ഉദിച്ചിയുർന്നു
വെൺശോഭ പകരുന്ന ചന്ദ്രനും
ഈ വെൺശോഭയിൽ വെൺ പട്ടുപോൽ
തിളങ്ങുന്ന ഭൂമിയും
ഈ നറുനിലാവിൻ മുല്ലപ്പടർപ്പിൽ
മൊട്ടിട്ടു വിരിയും വനജ്യോത്സനയും
അതിൽ ഗന്ധമായി ഒഴുകുന്ന മന്ദമാരുതനും
ഒരു വെൺ പുലരിയെ വരവേൽക്കാനായി
അണിഞ്ഞൊരുങ്ങുന്നൂ...

അശ്വതി. എസ്.പി



# ഓർമ്മപ്പൂക്കൾ

**ഓ**ർക്കുന്നു ഞാനെൻ ഓർമ്മകൾ
ഇന്ന് ഓരോ നിമിഷവും
വാടിയ പൂപോലെയായെൻ ഓർമ്മകൾ,
സ്നേഹവും സുന്ദര നിമിഷങ്ങളും
നിറഞ്ഞതാണെൻ ഓർമ്മകൾ,
കലാലയ വസന്തത്തിൽ ഓർമ്മകൾ പൂമൊട്ടിട്ടു
ഓരോ വസന്തത്തിലും ഓർമ്മപ്പൂക്കൾ വിടരുന്നു.
മധുരിക്കും ഓർമ്മയായ് എൻ ഓർമ്മപ്പൂക്കൾ
എന്ത് സുന്ദരമാണെൻ ഓർമ്മകൾ
മറക്കുവാൻ കളിയാത്തൊരാമൂകരാന്തങ്ങൾ
ഇനിയും വരില്ല ആ നാളുകൾ
വസന്തത്തിൽ നിറങ്ങൾ സമ്മാനിച്ചാ
സൗഹൃദങ്ങൾ മാഞ്ഞിടുന്നു..........

**അഞ്ചു അരവിന്ദ്**



**അഞ്ചു അരവിന്ദ്**

# ഓർമ്മപ്പെടുത്തൽ



**ഓ**ർമിക്കുവാൻ നിനക്കാവില്ല പൊന്നേ
ഓർമകളിൽ ഞാനില്ല
ഓർത്തോർത്ത് എടുക്കുവാൻ ആവതില്ല
ഓർമ്മകൾ ഇല്ല
ഓർമ്മകൾ കളയാൻ കഴിയില്ല, ഇല്ല
ഓർമകൾ മറയില്ല
മാറി മറഞ്ഞുവോ എൻ ഓർമ മിഴികളിൽ
കണ്ണീർ കണങ്ങളായ് പെയ്ത് ഉതിർത്തു
ഓർക്കുവാനാകുമോ ഓമലേ എൻ മുഖം
നിൻ ഓർമപുസ്തക താളിടയിൽ
ഓർക്കുമോ നീയിന്നും ഓണനിലാവുപോൽ
ഓർമ്മകൾ ഈ വരും വർഷങ്ങളിൽ.........



# തേങ്ങലിൻ നൊമ്പരം


**അശ്വതി രഘു**
സോഫ്റ്റ്‌വെയർ, സൈബർശ്രീ


ഗ്രാമത്തിലെ ഒരു ഇടനാഴിയിലൂടെ യാത്ര ചെയ്യുമ്പോളാണ് വർഷങ്ങൾക്കു ശേഷം അവളെ ഞാൻ കാണുന്നത്. കവിളുകൾ രണ്ടും ഒട്ടി വിരലുകൾ മെലിഞ്ഞ് നീണ്ട് ആരും തിരിച്ചറിയാത്ത വിധം അവൾ മാറിയിരുന്നു. എങ്കിലും അവളുടെ കണ്ണുകൾ നക്ഷത്രങ്ങളെപോൽ തിളങ്ങി. യാന്ത്രികമായ തിരക്കുകൾ പറഞ്ഞ് വിശേഷങ്ങൾ പോലും പറയാതെ അവൾ എന്നിൽ നിന്നും മാറിയകന്നു. മേൽവിലാസം പോലും പറഞ്ഞുതരാതെ.....

വർഷങ്ങൾക്കു മുമ്പ് കോളേജിലേയ്ക്ക് ആദ്യമായി വന്നപ്പോൾ ഉണ്ടായിരുന്ന അവളുടെ ചുറുചുറുക്കും ആട്ടവും പാട്ടും ഇന്നും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. ആദ്യമായി അവളെ റാഗ് ചെയ്തപ്പോൾ ഞാനറിഞ്ഞിരുന്നില്ല, വളരെ പെട്ടെന്ന് തന്നെ അവൾ എന്റെ മനസിൽ ഇടം നേടുമെന്ന്.... പക്ഷേ എന്തുകൊണ്ട് ഞാനത് അവളോട് പറഞ്ഞില്ല! ഒരു പക്ഷെ ഓർമ്മ വച്ച നാൾ മുതൽ എനിക്കു വേണ്ടി മാത്രം വീട്ടുകാർ പറഞ്ഞുവെച്ചു. എന്റെ പ്രിയതമയുടെ പ്രാർത്ഥനയാവും എങ്കിലും സൗഹൃദത്തിന്റെ അതിർ വരമ്പുകൾ ലംഘിച്ച് അവൾ പലപ്പോഴും എന്നിലേക്ക് അടുത്തു, പക്ഷേ മനസ്സുതുറക്കാൻ ഞങ്ങൾ രണ്ടുപേരും തയ്യാറായിരുന്നുല്ല.

അവളെ കുറിച്ച് ചിന്തിച്ച് വീടെത്തിയത് അിറഞ്ഞതേയില്ല. പതിവുപോലെ ചെറുപുഞ്ചിരിയോടെ ഭാര്യ വന്ന് എന്നെ അകത്തേക്ക് കൂട്ടികൊണ്ടുപോയപ്പോഴും അവളെയും അവളുടെ തലയിലെ തട്ടത്തിനെയും കുറിച്ചാണ് ഞാൻ ചിന്തിച്ചത്. ആഫീസിലെ വിശേഷങ്ങൾ ചോദിച്ചുകൊണ്ടിരുന്ന ഭാര്യയോട് ഒരു മൂളലിൽ ഉത്തരം ഒതുക്കാനെ എനിക്ക് കഴിഞ്ഞുള്ളൂ.

പെട്ടെന്നാണ് ടെലിഫോൺ ശബ്ദിച്ചത്. അങ്ങേ തലയ്ക്കൽ ഒരു കിളികൊഞ്ചൽ അത്യാവശ്യമായി എന്നെ കാണണമെന്ന് പറഞ്ഞ് വിളിച്ചത് സിറ്റി ഹോസ്പിറ്റലിലേക്കാണ്. കാര്യമൊന്നുമറിയാതെ ഞാൻ സിറ്റി ഹോസ്പിറ്റലിലേക്ക് വണ്ടി ഓടിച്ചു ചെന്നതും ഒരു വെളുത്ത മാലാഖ എന്നെ കഋഡ വിലേക്ക് കൂട്ടികൊണ്ട് പോയി. വാതിലിനു മുമ്പിൽ അതാ അവളുടെ അമ്മയും അച്ഛനും സഹോദരിയും നിൽക്കുന്നു. അവരുടെ മുഖത്ത് ആർത്തിരമ്പുന്ന തിരയുടെ പൊട്ടിച്ചിരി എനിക്ക് കാണാമായിരുന്നു. ആ ചിരിയിൽ പങ്കുചേർന്ന് ഞാൻ കഋഡ വിന്റെ കിളിവാതിലിലേക്ക് എത്തി നോക്കിഒരു നിമിഷം ഞാൻ ഞെട്ടിത്തരിച്ചുപോയി. കുറച്ചു നിമിഷങ്ങൾക്കു മുമ്പ് കണ്ട എന്റെ കളി കൂട്ടുക്കാരി അതാ വേദനയോടെ മല്ലിട്ടു കിടക്കയിൽ കിടന്നു പുളയുന്നു. അവളുടെ മുടികൾ മിഴുവൻ കൊഴിഞ്ഞുപോയിരുന്നു. കാര്യമൊന്നും മനസിലാകാതെ ഞാൻ അമ്മയുടെ മുഖത്തേക്ക് നോക്കി. അകത്തു നിന്നും വന്ന ഒരു ഡോക്ടർ എന്നെ അവളുടെ അരികിലേക്ക് കൂട്ടികൊണ്ടു പോയി.

വേദനയോടെ പുളയുമ്പോഴും തിളങ്ങുന്ന ആ കണ്ണുകൾ എന്നെ നോക്കി കൊണ്ടിരുന്നു. അതിനിടയിൽ എപ്പോഴൊക്കെ നിന്നെ ഞാൻ സ്നോഹിച്ചിരുന്നു എന്ന വാക്ക് അവളുടെ അദരത്തിൽ നിന്നം ഊർന്നു വീണു. പിന്നീട് അവളൊന്നും ശബ്ദിച്ചില്ല. അടുത്തു നിന്ന നേഴ്സുമാർ വെള്ള തുണി കൊണ്ട് അവളുടെ മുഖം മൂടി. പുറത്തുനിന്നവരുടെ അകത്തേക്ക് അവളെ കൊണ്ടു പോയി. അച്ഛന്റെയും , അമ്മയുടെയും, സഹേദരിയുടെയും കണ്ണിൽനിന്നും ഒരിറ്റുകണ്ണീരുപോലും വീണില്ല. ഇനി വീഴാൻ അവരുടെ പക്കൽ കണ്ണീരുണ്ടായിരുന്നില്ല. കേൻസർ എന്ന മാരക രോഗത്തോട് മല്ലടിച്ചു. വർഷങ്ങളായി ബുദ്ധിമുട്ടിയിരുന്ന അവൾ അതിൽ നിന്ന് രക്ഷപ്പെട്ടതിന്റെ സന്തോഷമായിരുന്നു അവർക്ക്. പക്ഷേ വലിയ ഒരു തേങ്ങൽ എനിക്ക് ബാക്കിയാക്കി അവൾ എന്നെ വിട്ട് അകലേക്ക് അകലേ,ക്ക് ഓടി അകന്നു.

# മഴ

അശ്വതി രഘു



മഴയുടെ മണിനാദം കേട്ടുതാൻ
എൻ ജനാലയിലൂടെത്തി നോക്കി
തകൃതിയായ് തിമിർത്തുപെയ്യുന്ന ആ-
മാരിതൻ കൂട്ടത്തെ നോക്കി നിൽക്കെ
ഒരു ചെറുപുഞ്ചിരിയെൻ മനസ്സിന്റെ
വാതിലിൽ തട്ടിയതോർത്തു ഞാൻ
ആർക്കൊക്കെയോ വേണ്ടി പെയ്യുന്നു
ഈ മഴമുകിൽ പെൺകൊടി
അപ്പോഴും ഞാനറിഞ്ഞില്ല ഈ
തേൻമഴ ഒരു സ്നേഹത്തിൻ അടയാളമെന്ന്
ഇടവപ്പാതിതൻ കണ്ണീരിനെക്കാൾ
കയ്പ്പുള്ളതാണെൻ മനസ്സിന്റെ നോവുകൾ
എന്തുകൊണ്ടോ എന്നിട്ടും ഞാൻ സ്നേഹിക്കുന്നു
ഈ മധുര സ്മൃതിതൻ പൂമഴയെ....





KSPIFC – PERFORMING IN THE POWER & INFRASTRUCTURE DEVELOPMENT SECTOR SINCE 1998

FINANCING FOR

- VARIOUS PROJECT OF KSEB
- SUPPLIERS OF INPUTS / SERVICE PROVIDERS TO KSEB
- VIABLE MEDIUM POWER PROJECTS IN THE CONVENTIONAL AND NON-CONVENTIONAL ENERGY SECTOR / SOLAR POWER PLANT FOR INSTITUTIONS
- INFRASTRUCTURE PROJECTS-CONSTRUCTION OF COMMERCIAL COMPLEXES
- PURCHASE/MANUFACTURING OF POWER RELATED EQUIPMENTS
- SINGLE WINDOW CLEARANCE WITH COMPETITIVE INTEREST RATE

KSPIFC

**Kerala State Power and Infrastructure Finance Corporation Limited**
(A Government of Kerala Undertaking)
KPFC Bhavanam, Vellayambalam, Sasthamangalam (PO), Thiruvananthapuram – 695010
PH: 04171-2735533, 2735522 MD
E.MAIL : kspifc@asianetindia.com
Website : www.kspifc.com
FAX: 0471-2735511

Formerly Kerala Power Finance Corporation Ltd.



# കലകൾക്ക് പകരമാകുമോ സമൂഹസദ്യ



**ശാന്തിവിള പത്മകുമാർ**
സി-ഡിറ്റ് സുരക്ഷാ ജീവനക്കാരൻ

മുൻകാലങ്ങളിൽ ഏത് സമുദായത്തിലുള്ള ആരാധനാലയങ്ങളിലും പ്രാധാന്യത്തോടെ നടക്കുന്ന കലാപരിപാടികളാണ്. കഥാപ്രസംഗം, സംഗീതകച്ചേരി, ഓട്ടൻതുള്ളൽ, ബാലെ, നാടകം ഗാനമേള , സാംസ്ക്കാരിക കൂട്ടായ്മ എന്നിങ്ങനെ.. ഇത്തരം കലാപരിപാടികളെ മാറ്റി നെർത്തികൊണ്ട് ചെറുതും വലുതുമായ മിയ്ക്ക ആരാധനാലയങ്ങളിൽ ഇപ്പോൾ നടക്കുന്നത് അന്നദാനം, സ്നേഹസദ്യ എന്നീ പേരുകളിലാണ്. മൂന്നു ദിവസം ആഘോഷമാണെങ്കിൽ മൂന്നു ദിവസത്തെ അന്നദാനം, പത്തു ദിവസമാണെങ്കിൽ പത്ത് ദിവസവും ഈ സദ്യകളുടെ പേരിന് മാറ്റം വന്നു. സമൂഹസദ്യ ഒരു പടുകൂടി കടന്ന് രാവിലെ കാപ്പി കൊടുക്കാൻ തുങ്ങിയപ്പോൾ അതിന്റെ പേര് പ്രഭാത ഭക്ഷണം എന്നായി. പഴയ കാലത്ത് കഞ്ഞിയും, എരിശ്ശേരിയും, പയറുമൊക്കെ ആയിരുന്നു സമൂഹസദ്യയ്ക്ക്. തൂക്കുപാത്രത്തിൽ വാങ്ങാൻ വരുന്നവരെ കാണുമ്പോൾ അറിയാം ദൈവത്തിന്റെ പ്രസാദം വാങ്ങാനാണ് വരുന്നത്. മാന്യന്മാർ ഈ കഞ്ഞിക്കും, എരിശ്ശേരിയ്ക്കും വരുന്നത് കുറവായിരുന്നു. അതുകൊണ്ട് തന്നെ കഞ്ഞി കൊണ്ട് പോ കൊണ്ട് പോ എന്ന് പറയാറുണ്ട്. ഇവർ തന്നെയാണ്

ആരാധനാലയങ്ങളിലെ ദീപാരാധനയിലും പ്രാർത്ഥന ഉൾപ്പെടെയുള്ള ചടങ്ങുകളിൽ പങ്കെടുക്കുന്നത്. എന്നാൽ അന്നദാനത്തിന്റെ പേരുമാറ്റി സമൂഹസദ്യ, പ്രാതൽ എന്നൊക്കെയായതോടുകൂടി വഭവങ്ങളുടെ എണ്ണം കൂടി. പേപ്പർ പ്ലേറ്റും, സ്റ്റീൽ പ്ലേറ്റും, ഇരുന്ന് കഴിക്കാൻ ബെഞ്ചും, കസേരയുമൊക്കെയായി. കഴിയക്കാൻ വരുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. തൂക്കുപാത്രം മാറിയതോടെ വ്യക്തി പ്രഭാവമുള്ളവർ പ്രാതലിനും, സമൂഹ സദ്യക്കും മുന്നിലായി. പഴയ കാലത്ത് കഞ്ഞിയും എരിശ്ശേരിയും കഴിച്ചവർ പുറകിലായി. ഈ സദയകൾക്ക് ക്യൂ നിന്നാൽ ദൈവ പ്രസാദമായതു കൊണ്ട് കിട്ടാതെ പോകുവാൻ പാടില്ല. എന്നാൽ കിട്ടാതെ ആരാധനാലയങ്ങളിൽ ഭക്തിസാന്ദ്രമായ കീർത്തനങ്ങളും ,വചനങ്ങളും കേൾക്കാം.. എന്നാൽ ഇന്ന്

അരി, പച്ചക്കറി, ഗ്യാസ്, കുടിവെള്ളം കൊടുത്തവരുടെ പേര് വിളിച്ചു പറയുകയാണ് രീതി.

കഴിഞ്ഞ ഓണത്തിന് ജോലി സമയത്ത് പൂവിടൽ വേണ്ടാഎന്ന മുഖ്യമന്ത്രിയുടെ അഭിപ്രായം കാര്യമാത്ര പ്രസക്തമാണ്. അതുപോലെ ഇത്തരത്തിലുള്ള സദ്യകൾ പല സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ താള് തെറ്റിക്കാറുണ്ട്. രാവിലെ ഓഫിസിൽ എത്തിയാൽ പരിസരത്തുള്ള സദ്യകൾക്ക് കൂട്ടംകൂടി നേരത്തെ പോകുന്ന ചുരുക്കം ചിലരെങ്കിലും ഉണ്.

വർഷത്തിൽ പത്ത് ദിവസം ഒരു നേരത്തെ ഊണ് കൊടുത്തതു കൊണ്ട് ഒരു പാവപ്പെട്ടവന്റെ പട്ടിണി മാറ്റുവാൻ പറ്റുമോ ? പരിസരത്തുള്ള യാചകൾക്കും നടന്നു വാങ്ങുവാൻ പോലും കഴിയാതെ നിരാലംബരായ സാധികൾക്കും കൊണ്ട് പോയി കൊടുത്തിട്ടു വേണം ഈ സദ്യ ആരംഭിക്കാൻ.

ഇന്നത്തെ കണക്ക് അനുസരിച്ച് ഒരു ദിവസത്തെ സദ്യയ്ക്ക് അരലക്ഷം രൂപയ്ക്ക് പുറത്തെങ്കിലും വേണ്ടി വരും. അങ്ങനെ വരുമ്പോൾ പത്തുദിവത്തെ ഉത്സവാഘോഷത്തിുന് വരുന്ന ചിലവ് കണ്ടെത്തി പ്രയാസ് അനുഭവിക്കുന്ന പത്ത് പെൺകുട്ടികൾക്ക് അവരുടെ വിവാഹത്തിന് പത്ത് പവനോ അവരുടെ വീട്ടിലേയ്ക്ക് ആഹാരമോ ഉണ്ടാക്കി മാതൃക കാണിച്ചു കൂടേ. ഇതിനിടയിൽ ഒരു ദിവസ സദ്യകൾക്ക് ചിവവാകുന്ന തുക മതി പത്ത് ദിവസത്തെ കലാപരിപാടികൾ സംഘടിപ്പിക്കാൻ. യുവതലമുറ ഈ സദ്യയ്ക്ക് പങ്കെടുക്കുന്നതുതന്നെ കുറവാണ്. സ്കൂളിലും, കോളേജിലും പോകുന്ന വിദ്യാർത്ഥികൾക്കും സർക്കാർ ജോലി ഉൾപ്പെടെയുള്ള വിവിധ ജോലികൾക്ക് പോകുന്നവർക്കും സമയം കിട്ടുന്നതു തന്നെ രാത്രികാല പരിപാടിയ്ക്കാണ്. ആരാധനാലയങ്ങളിലെ കലാപരിപാടികളിൽ കൂടി മാറ്റം വന്നിട്ടുള്ള സംഭവം അനവധിയാണ്. ദൈവീകമായിട്ടുള്ള ബാലെയും, നാടകവും, കഥകളിയുമൊക്കെ മാനസികമായി കലാവാസന ഉണ്ടാക്കുവാനും പഠിക്കാനും കഴിയും.

സാംബശിവന്റെ കഥാപ്രസംഗവും, കെ.പി.എസ്.സി. നാടകങ്ങൾ വരെ ഈ കേരളത്തിൽ ഒരുപാട് തിരുത്തലുകൾക്ക് വഴികാട്ടിട്ടുണ്ടെന്ന അഭിറപായം നിലനിൽക്കുകയാണ്. സാംസ്ക്കാരിക സമ്മേളനങ്ങൾ തന്നെ വിവിധ സമുദായങ്ങളെ ഒന്നിച്ച് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

ഗാനമേളകളിലാണ് ജനം കൂടുതലും വന്നുപോകുന്നത്. പാട്ടിൽ നിന്നും ജീവൻ വീണ്ടെടുത്ത സംഭവം മാതൃഭൂമി റിസർച്ച് ഹെഡ് രവിമേനോന തന്നെ പ റയുന്നു.

തൃക്കുന്നപുഴയിലെ ഏഴുവയസ്സ് കാരിയായ രാധിക എന്ന കുട്ടി അബദ്ധത്തിൽ ചുരുദാറിന്റെ ഷാൾ ചുറ്റി ബോധഹീനയായി. രാധിക 71 ദിവസമാണ് ആലപ്പുഴ മെഡിക്കൽകോളേജിൽ കിടന്നത്. തൊട്ട് വിളിച്ചാൽ പോലും പ്രതികരണം ഇല്ലാതെ കിടന്ന രാധികയ്ക്ക് ഡോക്ടർമാർ അറ്റകൈയ്ക്ക് ഒരു സംഗീത ചികിത്സ നടത്തി. മകൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഗാനമേതന്ന് രക്ഷകർത്താക്കളോട് തിരക്കി. ഹെഡ്ഫോണിൽ രാധികയ്ക്ക് കേൾപ്പിച്ച് കൊടുത്തു. അത്ഭുതം 3 ദിവസം കഴിഞ്ഞപ്പോൾ ഒരു ഉച്ചഉറക്കത്തിൽ നിന്ന് എന്നപ്പോലെ രാധിക ഞെട്ടി ഉണർന്നു. ഈ ഗാനം ഏതന്നു കൂടി അറിയേണ്ടേ സ്ഥിര് ഗാനമേളകളിൽ പാടുന്ന പാട്ടാണ്. കൈതപ്രത്തിന്റെ വരികൾക്ക് എം.ജി. രാധാകൃഷ്ണൻ ചിട്ടപ്പെടുത്തി എം.ജി. ശ്രീകുമാർ പാടിയ അദ്വൈതത്തിലെ

**"അമ്പലപ്പുഴ ഉണ്ണി കണ്ണനോടുനീ**
**എന്ത് പരിഭവം മെല്ലെയോതി വന്നുവോ"**

ഒരുചാൺ വയറിനു വേണ്ടി വയറ്റത്തടിച്ച് പാടിയിട്ടുള്ളവരും നമുക്കിടയിൽ ഉണ്ട്. ഇത്തരം സദ്യകൾ അവർക്ക് മാത്രം ഉപകാരപ്രദമാകട്ടെ ഒപ്പം വിവിധ രീതിയിലുള്ള കലാപരിപാടികളും








വചനങ്ങളും, സ്തോത്രങ്ങളും ഒരു വ്യക്തിയുടെ മാനസികവും ശാരീരികവുമായ വ്യക്തിവികാസം മെച്ചപ്പെടുത്തുവാനും ഇത്തരം ആരാധനാലയങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കട്ടെ.

# Team Print







X/407D, No.69 Convent Road, Manjummel P.O, Cochin-683501
Mob: 09846198486 • Email: teamprintcochin@gmail.com

# പാമരൻ

**1. ISO മുദ്രയുള്ള ചവറുകൾ**

ഗവേഷണസ്ഥാപനത്തിന് ISO രജിസ്ട്രേഷൻ ലഭിക്കാൻ കഴിഞ്ഞ 27 വർഷത്തെ വേസ്റ്റുകളുടെ ഡാറ്റാ കളക്ഷൻ ISO പണിയൻ ശേഖരിച്ചുതുടങ്ങിയത്രെ. പലതരം ഹെഡുകളിൽ നിറഞ്ഞുകവിഞ്ഞ മുന്തിയ ഇനം വേസ്റ്റുകളിൽ മുദ്രയടിച്ച് ആശാന്റെ കൈ കുഴഞ്ഞുവെന്ന്.

വേസ്റ്റുകളുടെ നിർവചന പട്ടികയെക്കുറിച്ചുള്ള ക്ലാസ്സുകളും ഭക്ഷണവും മുടക്കമില്ലാതെ നടക്കുന്നുവെങ്കിലും ISO നിലവാരമുള്ള വേസ്റ്റ് സങ്കേതമായി അംഗീകരിക്കാൻ ഇനിയും പണി ഏറെ പണിയൻ ചെയ്യേണ്ടിവരുമെന്നും സംസാരം. എവിടെയും എറിയാൻ പറ്റുന്ന ISO മുദ്രയുള്ള പണിയൻ ആയതുകൊണ്ട് ഏതെങ്കിലും ഒരു മുദ്ര കിട്ടാതിരിക്കില്ലെന്ന് കേൾവി.

*- മുദ്രയില്ലാത്ത മുഖം -*

**2. പൊങ്കാല കമ്മിറ്റികൾ സങ്കടത്തിലായി!!!!!**

ഈയിടെയായി നഗരത്തിലെ പൊങ്കാല കലത്തിന്റെ എണ്ണം കുറയുന്നതിനാൽ കമ്മിറ്റികൾ വളരെ സങ്കടത്തിലാണത്രെ- പലയിടത്തും സ്ഥിരമായി നൂറ് കണക്കിന് കലത്തിൽ പൊങ്കാല ഇട്ടിരുന്ന മഹതികൾ ഇപ്പോൾ ഗൗനിക്കുന്നില്ലെന്നും ക്ഷേത്രകമ്മിറ്റികൾ പലതും സാമ്പത്തിക തകർച്ച നേരിടുന്നതായും കേൾവി. ഇട്ട് ഇട്ട് തളർന്ന കൈകൾക്ക് ആശ്വാസം താൻ തന്നെ എന്നൊരു അശരീരി എവിടെയോ, കേട്ടുവെന്നും, എന്നാൽ പിന്നെ പേ-റിവിഷനായതിനു ശേഷം ആകാം, എന്നു കരുതിയാതായും സംസാരം. എന്തേ അശീരിരി, നീ നേരത്തെ വരാഞ്ഞെ?

*കാലം പലതും പഠിപ്പിക്കും-*

**3. സോളാറിന് സൂര്യാഘാതമേറ്റു !!!**

മുബൈ, ഡൽഹി തുടങ്ങി മുന്തിയ നഗരത്തിലെ താപനില പരിശോധനയും ഉൽപാദന ഗവേഷണവും പരിശീലനവും എല്ലാം കഴിഞ്ഞ് നാട്ടിലെത്തിയ പഴയ കൃഷ്ണൺജിയുടെ എനർജിയിൽ സോളാർ ടെർക്കീകൾ സൂര്യകാന്തിയെപ്പോലെ തലയുയർത്തിവന്നു എന്നും ഇപ്പോൾ ചെറിയ കൃഷണൺജിയുടെ വക ഹൈ വാൾട്ടേജ് എനർജി ലഭിച്ചുവത്രെ. സ്വന്തം കൂരയിൽ എനർജി ഉൽപാദിപ്പിക്കുന്നതിൽ മാത്രമാക്കി മാറ്റിയത്രെ. മനംനൊന്ത സോളാർ ടെർക്കികൾ വടക്കും തെക്കും മായി നടന്ന് കിട്ടുന്ന ഡാറ്റാകൾ ശേഖരിക്കുവാനുള്ള പുറപ്പാടിലാണത്രെ.

*ഉള്ളതുകൊണ്ട് ഓണംപ്പോലെ-*

**4. ആട്പുലി!!**

തിരുവല്ലം കുന്നിലെ മനോഹരമായ പൂന്തോട്ടത്തിൽ ഒരു മരം മാത്രം ഇലകൾ ഉണങ്ങി പട്ടുപോയി അവസാനനാളുകൾ എണ്ണുന്നു. കുന്നിലെ മറ്റ് എല്ലാ മരങ്ങളിലും ഇലകളെ ദിവസവും തലോടുകയും ഇരുചക്രത്തിൽ കയറ്റി നാടും വീടും കാട്ടി ആടിന് കാഴ്ചവെക്കുകയും ചെയ്യുന്നു.'ആട് പുലി'യുടെ തലോടൽ കിട്ടാത്തതിൽ സങ്കടപ്പെട്ടാണത്രെ സ്വയം അവസാനിപ്പിക്കാൻ മരം തീരുമാനിച്ചത്.

*കുറിപ്പ് എഴുതി വെയ്ക്കാത്തത്*
*ഇക്കയുടെ നല്ലകാലം*



**5. കഥകളി ആശാൻ ശിവാനന്ദൻ ഡോക്ടറേറ്റ് പരിഗണനയിൽ**


കവടിയാർ കൊട്ടാരത്തിലെ കുഞ്ഞുങ്ങൾക്ക് നിത്യവും കഥകളിയും വേലകളിയും പരിചമുട്ടും ചവിട്ടു നാടകവും എന്നിങ്ങനെ പുരാതനമായ പലകളികളും പരിശീലിപ്പിച്ചു വരുന്ന മികച്ച ആശാൻ ശിവാനന്ദന് ഡോക്ടറേറ്റ് നൽകാനുള്ള ശുപാർശ തൊട്ടടുത്തുള്ള ചാൻസലറുടെ ഓഫീസിൽ എത്തിയതായി സൂചന. ശുപാർശ സ്വീകരിക്കാൻ മടിച്ചു നിൽക്കുന്ന ചാൻസലറുടെ മുൻപാകെ നവരസങ്ങളും മുദ്രകളും ആശാൻ നേരിട്ട് കാട്ടിയതായും സംസാരം....

*മുട്ടുവിൻ തുറക്കപ്പെടും*

**6. ഇരുചക്ര പുരാവസ്തു പ്രദർശനത്തിന്**

വഞ്ചിയൂർ മഠത്തിലെ ഓമനകുമാരന്മാർ 19-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ ചന്തയിൽ പോകാൻ വേണ്ടി ഉപയോഗിച്ചിരുന്ന ഇരുചക്ര ശകടം അടുത്തിടെ വഞ്ചിയൂർ മഠത്തിലെ പുതിയ തലമുറയിൽപ്പെട്ട ചിലർ കണ്ടെത്തി പ്രദർശിപ്പിച്ചുവെന്ന്, മഠത്തിലെ കളരി ആശാനാണത്രെ ഇരുചക്രത്തിന്റെ സൂക്ഷിപ്പുകാരൻ- ആശാൻ ആവശ്യത്തിന് സ്വന്തം ചക്രത്തിൽ പോയി കാര്യം സാധിക്കുകയും വാഹനകൂലി ഈടാക്കി ഇരുചക്രത്തിനെ സൂക്ഷിച്ചുവരികയായിരുന്നു എന്നു കേൾവി. മഠത്തിൽനിന്ന് ഇല്ലത്തേക്ക് മാറുന്നതിന് ചരക്ക് നീക്കം നടത്തിയപ്പോഴാണത്രെ ചക്രവുമില്ല, കണ്ണും നഷ്ടപ്പെട്ട് ആസനം താങ്ങിയുടെ കുടൽമാലയും പുറത്തായ ഒരു പേക്കോലം പോലെയായ ഇരുചക്രത്തെ കണ്ടെത്തിയത്. പുരാവസ്തുവിനെ ദർശനത്തിന് വെച്ചതിൽ തമ്പ്രാൻമ്മാർ അമർഷത്തിലാണത്രെ.

തൊണ്ടി മുതലും ദൃക്സാക്ഷിയും



**7. വിചിത്രകുടുക്കകൾ അലയുന്നു....**

നാടുവിട്ടുപോയ നാഥനെ തേടി പാവം കുടുക്കകൾ കുരിശടി പ്രദേശത്താകെ അലയുകയാണെന്നും നാഥന്റെ കാലൊച്ച കേൾക്കാൻ കാതോർത്തിരിക്കുകയുമാണത്രെ, കുട്ടികുടുക്കകൾ. കൊച്ചി കൊട്ടാരം സന്ദർശിക്കാൻ നാഥൻ കുടുക്കയോട് തിരുമേനി ആജ്ഞാപിച്ചതിൽ മനംനൊന്ത് നാടു വിട്ടതാണെന്നും അതല്ല ആധുനിക കുടുക്കയിൽ നിറക്കാനുള്ള വക ഒപ്പിക്കാനായി നാഥൻ കുരിശും ഏന്തി സൈബർ മലകൾ കയറുകയാണെന്നും കേൾവി. കാത്തിരുന്ന് കാത്തിരുന്ന് കെട്ടുപ്രായം കഴിഞ്ഞ രണ്ട് കുട്ടികുടുക്കകളെ കെട്ടാൻ ഇനി ആര് വരും ? എന്നും സംസാരം

*- കാത്തിരുന്ന് കല്ലാവാതിരുന്നാൽ മതി*

**8. ഒരു ഫോണ്ടന്റെ വിലാപം......**

അക്ഷരമാലയിലെ പലതും കാണാനില്ലാത്തതിനാൽ പുതിയ ഗവേഷണത്തിന് കഴിയുന്നില്ലെന്ന് ലോക പ്രശസ്ത ഫോണ്ട് വിദ്വാൻ നന്ദരു വിലപിച്ചുവത്രെ. ഫോണ്ട് ഗവേഷണത്തിൽ ലിങ്ക് ചെയ്യാൻ പറ്റാതെ വഴി മുട്ടി നിൽക്കുന്നതിനാൽ പല ഗവേഷകരും തടികാലിക്കിയതായും സംസാരം. ശരിക്കും തപ്പിനോക്കാത്തതിനാലാണ് കാണാത്തത് എന്നും തപ്പി കണ്ടെത്താനുള്ള പുതിയ ടെക്നോളജി തരപ്പടുത്താത്തതും അതിനുള്ള സേർച്ച് എഞ്ചിനും സോഫ്റ്റ്‌വെയറും വാങ്ങാത്തതുമാണ് കാരണമെന്ന് ശാസ്ത്ര പണ്ഡിതരുടെ യാഗത്തിൽ കണ്ടെത്തിയത്രെ.

*-തപ്പുവിൻ കണ്ടെത്തും*



**9. പെട്ടുപോയ വിജിലൻസ്**

റൊട്ടിക്കട മുക്കിലെ റഷ്യക്കാരുടെ മുന്നിൽ പെട്ടുപോയ വിജിലൻസ് സാറന്മാർക്ക് തിരിച്ചുപോകാൻ പറ്റാതെ വിഷമിക്കുകയാണെന്ന്, വിജിലൻസ് പ്രേതബാധയുള്ള പ്രദേശത്ത് വന്നുപെട്ടതിന്റെ കഷ്ടതയിൽ ഫയൽ ക്ലോസ് ചെയ്യാമെന്നു കരുതി അവസാനമായി ചിലരെ വിളിച്ചു സംസാരിച്ചുവത്രെ, വിജിലൻസ് സാറൻമാർ തലയിൽ കൈ വച്ചിരുന്നു എന്നും പുതിയ കുറേ ഫയലുകൾ തുറന്നു എന്നുമാണ് കേൾവി. വിജിലൻസിന്റെ റൊട്ടിക്കട ബ്രാഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് ഒരുങ്ങുന്നതായും കേൾവി.

*-പുലിമടയിലെ എലി*

**10. സെന്റർ ഓഫ് 'തള്ളൽ'**

വഴുതക്കാട്ടെ പ്ലാസ മൈതാനത്ത് അന്തർദേശീയ തള്ളൽ വിദ്വാന്മാരുടെ വൻപിച്ച പ്രകടനങ്ങൾ വിവിധ മേഖലകളിൽ നിന്നായി വിവിധതരം തള്ളൽ പ്രക്രടനങ്ങളാണ് നടക്കുന്നത്. വളരെ ആകർഷകരമായ തള്ളൽ ഈവനിംഗുകളും ഒരുക്കിയിട്ടുണ്ട്. പി. ആർ ഡി തള്ളൽ, വെബ്ബ് തള്ളൽ, ഡിജിറ്റൽ തള്ളൽ, ബിഗ് ഡേറ്റ തള്ളൽ, റിബൽ തള്ളൽ, ക്ലൗഡിംഗ് തള്ളൽ, കണക്ക് തള്ളൽ, പ്ലാനിംഗ് തള്ളൽ, പർച്ചേയ്സ് തള്ളൽ, സീനിയർ തള്ളൽ, ജൂനിയർ തള്ളൽ എന്നിങ്ങനെ വിവിധതരം തള്ളലുകളും അവസാനമായി തള്ളലോട് തള്ളൽ എന്ന പ്രകടനവും ഉണ്ടാവും. 'തള്ളൽ

ഒരു അസുഖമാണോ ഡോക്ടർ' എന്ന വിഷയത്തിൽ സെമിനാറും ഒരുക്കിയിട്ടുണ്ട്. ഈ രംഗത്ത് നവാഗതരായി വന്നിട്ടുള്ള സീനിയർ, ജൂനിയർന്മാർക്ക് പ്രചോദനവും ആവേശവും നൽകുന്നതും ഒട്ടേറെ ഗവേഷണസാദ്ധ്യതകൾ ഉള്ളതുമായ ഒരു തള്ളൽ വികസനകേന്ദ്രം തുടങ്ങുന്നതിന് മുന്നോടിയായിട്ടാണ് ഷോ സംഘടിപ്പിച്ചിരിക്കുന്നത്.

*-തള്ളിയിടരുത്*



**11. ആളൊഴിഞ്ഞ പർച്ചേസ് കൂട്**

ആസ്ഥാന പർച്ചേസ് മാഷ് വിടപറഞ്ഞതും പർച്ചേസ് കൂട്ടിലെ കിളികളെല്ലാം എവിടെയോ പറന്നുപോയി. 28 വർഷം പരിപാലിച്ചുവന്ന കൂടാണത്രെ ആളൊഴിഞ്ഞ് മൂകസ്മശാനം പോലെ ആയത് എന്ന്.


പുതിയ പർച്ചേസ് മാഷ് വന്നെങ്കിലും ആരവങ്ങളും വാഹന ഓട്ടവുമില്ലാതെ അനങ്ങാത്ത കൂടായിപ്പോയതായും അര മുറികളുടെ കൂട്ടത്തിൽ വിശകലന വിദ്വാന്മാർക്ക് ഇടമില്ലാതായിയെന്നും സംസാരം.

ഊഞ്ഞാലിന്റെ വേഗതയിൽ ഒറ്റയ്ക്ക് ആടിക്കൊണ്ടിരുന്ന കൂടിന് നാല് ആളുകൾ ചേർന്ന് ആട്ടിയിട്ടും വേഗത പോരെന്നും കേൾവി.

*- പയ്യെ തിന്നാൽ പനയും തിന്നാം -*

**12 സുതാര്യ ശൗചാലയം**

ടെക്നോളജി നീട്ടി സമൂഹത്തിന്റെ എല്ലായിടത്തു സുതാര്യമായി എത്തിക്കുന്ന സങ്കേതത്തിൽ ശൗചാലയവും സുതാര്യമെന്ന് ജെണ്ടർ വിത്യാസമില്ലാതെ എല്ലാപേർക്കും ഒരു പോലെ ഒരേ പരിഗണനയാണത്രെ. വാതിലുകൾ




നിർബന്ധമാക്കാതെ അയൽവാസികൾക്കും സന്തോഷം പകരുന്ന രീതിയിലാണത്രെ വിവേചന രഹിത ശൗചാലായം ബോസാലയത്തിൽ ക്രമീകരിച്ചിരിക്കുന്നത്. ഉപഭോക്താക്കളുടെയും കന്നികാലികളുടെയും ബാഹുല്യം കാരണം സഞ്ചരിക്കുന്ന ആലയവും പുത്തൻ സാങ്കേതിക പഠനോപകരണം ഉപയോഗിച്ചുള്ള തൂങ്ങിയാടി ഉല്ലാസത്തോടെ നിർവഹിക്കുവാനുള്ള സംവിധാനവും വിദഗ്ദർ ആസൂത്രണം ചെയ്യുന്നുണ്ടെന്ന് കേൾവി-

*സ്വച്ഭാരത്-*

**13 സിനിമാകഥ എഴുത്തിന് കൺസൾട്ടൻസി**

50,000 രൂപയിൽ കുറയാത്ത കൺസൾട്ടൻസിയിൽ അപേക്ഷകരെ ക്ഷണിക്കുന്നു. സിനിമാകഥ, സിനിമാപാട്ട്, തിരക്കഥ എന്നിവയിലാണ് കൺസൾട്ടൻസി നൽകുന്നത്. 1000 കോടിയിൽ നിർമ്മിക്കാൻ പോകുന്ന 7 ഡി ബിഗ് ഡേറ്റ അനാലിസിസ് ചിത്രത്തിന്റെ പ്രി പ്രൊഡക്ഷൻ ജോലികൾ പൂർത്തികരിക്കുന്നതിനാണ് കൺസൾട്ടസി. താല്പര്യമുള്ളവർക്ക് വഴുതക്കാട് പ്ലാസ സെന്ററിലെ വലത്തേമൂലയിലുള്ള കോൺഫറൻസ് ഹാളിൽ എത്തിച്ചേരാവുന്നതാണ്. സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന നൽകും.

*പ്രതിബിംബശാസ്ത്രം*

**14 ആസ്ഥാന തട്ടിപ്പുകാരെല്ലാം ഉഷാർ!!!**

സ്വന്തം സർക്കാർ കരിമ്പട്ടികയിൽപ്പെടുത്തി ധനകാര്യ കുറ്റവാളിയായി പ്രഖ്യാപിച്ച ഭരത് അണ്ണൻ നേതാവ് ഉഷാറിലാണെന്ന്. മുഖ്യമന്ത്രിയുടെ പരിപാടിയുടെ സെറ്റപ്പിലും ഹജൂർകച്ചേരിയുടെ ഇടനാഴിയിലുംമെല്ലാം സജീവമാണത്രെ. പ്രതിപക്ഷ ഐക്യനിര കെട്ടിപ്പെടുത്തി ഫയലുകൾക്ക് പിന്നാലെ എല്ലാം ശരിയാക്കാനുള്ള ഓട്ടത്തിലാണത്രെ തമ്പി ദുരൈ സ്വാമികൾ. മുഖ്യായുധമായ 'പാര' പ്രയോഗം കച്ചേരിയുടെ ഇടനാഴികളിൽ വീണ്ടും നടത്തിയതായും വാർത്ത. നാറിയവനെ ചുമന്നാൽ ചുമക്കുന്നവനും നാറുമെന്ന് സംസാരം.

*-സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട*




**15. യെജമാന്മാരെ എന്നെ രക്ഷിക്കു.......**

എഞ്ചിനീയർന്മാരും ഭരണമേൽനോട്ട സാറൻമാരും കഴിവ് തെളിയിച്ച സ്മാരക ഗോപുരം ഓരോ അഞ്ച് വർഷം കഴിയുന്തോറും സാറൻന്മാർ നോക്കുമ്പോൾ ഇടത്തുനിന്ന്

വലത്തോട്ടും വലത്ത് നിന്ന് ഇടത്തോട്ടും ചരിഞ്ഞിരിക്കുന്ന അത്ഭുതകാഴ്ച

*-പിസ്സയിലെ ചരിഞ്ഞ ഗോപുരം പോലെ*
*-ദന്തഗോപുരം സാക്ഷി*



**16. സീനിയർ ആണ് പോലും സീനിയർ...**

പരിചയ സമ്പന്നരായ കുറേ ഗോളാന്തര സീനിയർ പ്രോഗാമികൾ ഈയിടെ പലയിടത്തായി വന്നുകൂടിയുണ്ടത്രെ. ഏറെ വർഷങ്ങളായി കാടും മലയും കല്ലും മുള്ളും ചവിട്ടി പലതും വികസിപ്പിച്ച് പേര് കേട്ടവരായതിനാൽ മുന്തിയ പ്രതിഫലം കൊടുത്താണത്രെ ഇങ്ങോട്ട് കെട്ടിയെടുത്തത്. അതിലൊരു വീരനെ എസ്.ബി. സാറിന്റെ മേൽ നോട്ടത്തിൽ നമ്മുടെ പഞ്ചു സാറിന്റെ മേള കൊഴുപ്പിക്കാൻ വിട്ടു. സീനിയർ വീരൻ ഒരു മാസത്തോളം വികസിപ്പിച്ച് സോഫറ്റ്‌വെയർ അന്തരീക്ഷത്തിലേക്ക് വിട്ടുവെന്നും മുകളിലേക്ക് പോയ സാധനം താഴോട്ടു പിന്നെ വന്നില്ലെന്നും പെട്ടി തുറന്നപ്പോൾ ശൂന്യാകാശം മാത്രമായിരുന്നു എന്നും കേഴ്‌വി. ആകെ കുഴഞ്ഞു വശംവദനായ പഞ്ചു ആശാൻ സ്വയസിദ്ധമായ രീതിയിൽ പ്രതികരിച്ചെന്നും ഒടുവിൽ ഒന്നിനും കൊള്ളാത്ത ഡൊമസ്റ്റിക് ജൂനിയറുകളെ വിളിച്ചുവരുത്തി വളരെ പണിപ്പെട്ട് മാനം കാത്തു എന്നും സംസാരം.

*-അറിയാത്തപിള്ള ചൊറിയുമ്പോൾ അറിയും-*



**17. കട്ടപ്പാ..... എന്തപ്പാ......**
**മഹിഷ്മതിയെ രക്ഷിക്കൂ......**

വിഷൽ സാമ്രാജ്യമായ മഹിഷ്മതി രാജ്യത്ത് പൊരിഞ്ഞ പോരാട്ടമാണത്രെ, കൊട്ടാരത്തിനുള്ളിലെ ദരിദ്ര സേനയുടെ ആക്രമണം കൊട്ടാരത്തിന്റെ സന്തുലിതാവസ്ഥ തകർക്കുന്നു എന്ന്.. മൂന്ന് വാതിലുകൾ ഉള്ള കൊട്ടാരത്തിലെ മൂന്നാമത്തെ വാതിലിലൂടെയാണത്രെ ദരിദ്ര സേനയുടെ ആക്രമണം. ദരിദ്ര സേനയുടെ ആയുധങ്ങളായ എലി, പല്ലി, പാറ്റ, പഴുതാര എന്നിവയുടെ ആക്രമണത്തിൽ അംഗരക്ഷകസേനകൾ പ്രകോപിതരായി ദരിദ്ര സേനാംഗങ്ങളെ പിടിച്ച് കെട്ടി നാടുകടത്തുകയാണത്രെ, ഒരു പാട് കേന്ദ്രഭരണ പ്രദേശത്തിന്റെ അധിക ചുമതലയുള്ളതിനാൽ കൊട്ടാര രാജാവ് (ഇൻചാർജ്) സൈലന്റ് വിക്രമാദിത്യൻ കൊട്ടാരത്തിലെ പട്ടാളക്കാർ തമ്മിലുള്ള ഏറ്റുമുട്ടലുകൾ പോലും അറിയുന്നില്ലത്രെ, നാട്ടുരാജാക്കന്മാർ ചിലരാകട്ടെ കൂട്ടി സൈന്യങ്ങളെ പോറ്റാനും അവരിൽ ചിലരുടെ സ്ഥാനാരോഹണ ചടങ്ങിന്റെ തിരക്കിലുമാണത്രെ. ഒടുവിൽ കട്ടപ്പയെ വിളിച്ചുവരുത്തിയിരിക്കുകയാണെന്ന് – ആരാണ് കട്ടപ്പാ? എന്താണ് കട്ടപ്പാ ചെയ്ത രക്ഷാപ്രവർത്തനം?

*-ചുള്ളി കമ്പ് പെറുക്കുന്ന കട്ടപ്പയെ*
*മൂന്നാം ഭാഗം കാണാം*




**18. ന്യൂസ് @ 10 AM കൊച്ചുണ്ണി റ്റി.വി**

നമസ്കാരം, വാർത്തകൾ വായിക്കുന്നത് കായംകുളത്ത് നിന്നും കൊച്ചുണ്ണി. റേഷൻ കാർഡ് ശാസ്ത്രീയമായി നിർമ്മിക്കുന്ന സാങ്കേതിക സ്ഥാപനത്തിൽ രണ്ട് വനിതാ വിദ്ഗ്ധർ തമ്മിൽ പൊരിഞ്ഞ സംഘട്ടനം. സംഘട്ടനത്തിൽ പരിക്കേറ്റ ഒരു വിദഗ്ധയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്കേറ്റ വിദഗ്ധ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. നമുക്ക് സംഭവ സ്ഥലത്തേക്ക് പോകാം – കൊച്ചുണ്ണി, നമുക്ക് കിട്ടുന്ന വിവരം, തന്റെ കഴുത്തിൽ ചുരിദാർ ഷാൾ ചുറ്റി ഇറുക്കി കൊല്ലാൻ ശ്രമിച്ചുവെന്നും ചാടി ചവിട്ടി താഴെ തള്ളിയിട്ട് മൃഗീയമായി മർദ്ദിച്ചുവെന്നും പരാതിയിൽ സൂചന. തന്റെ റേഷൻ കാർഡിൽ ഉമ്മയുടെയും ബാപ്പയുടെയും പേരുമാറിയെന്നും തന്റെ പ്രായം ഉമ്മയുടെ വയസിനെക്കാൾ 2 കുറവാണെന്നും പറഞ്ഞുണ്ടായ തർക്കത്തിനിടെ മനോവിഷമത്തിൽ തനിയെ താഴെവീണ് ആത്മഹത്യക്ക് ശ്രമിച്ചതാണെന്നും ഇതിന്റെ പിന്നിൽ അവിടുത്തെ ജീവനക്കാരനായ ഒരു പ്രാദേശിക നേതാവിന്റെ ഗൂഢാലോചനയാണെന്നും എതിർഭാഗം വിദഗ്ധ പ്രതികരിച്ചു. പാഞ്ഞെത്തിയ അന്വേഷണ സംഘം ഗൂഢാലോചനയും ദുഷ്പ്രചാരണവും നടത്തിയെന്ന് കണ്ടെത്തിയതിനാൽ നേതാവിനെ തൽസ്ഥാനത്തുനിന്നും മാറ്റി. ഉന്നതങ്ങളിൽ നിന്നുള്ള ഇടപെടലിനെ തുടർന്ന് നേ

താവിനെ തൽസ്ഥാനത്ത് തിരികെ ഉടൻ പുനഃസ്ഥാപിച്ചു. ഈ നാണംകെട്ട നടപടിക്കെതിരെ നാട്ടിൽ ശക്തമായ പ്രതിഷേധം നടക്കുകയാണ്.

*ക്യാമറമാൻ സജിസുരേന്ദ്രനോടൊപ്പം സൈനുലാൽ,*
*കൊച്ചുണ്ണി റ്റി. വി. കായംകുളം*
*ഉപകാരസ്മരണ-*



**19. സൂഭാക്ഷിതം നഷ്ടപ്പെട്ട മാഡം-**

കണക്കിന്റെ കഥകൾ കേട്ട് മയങ്ങിയിരുന്ന സൂഭാക്ഷിതം ഏങ്ങോ ഓടി മറഞ്ഞു. മാഡം ഒറ്റയ്ക്കായി. കൂട്ടിനായി എത്തിയ 'പ്രിയങ്കരി' കട്ട കലിപ്പിലാണെത്രെ. ണക്കിന്റെ ഗോദയിൽ പ്രിയങ്കരി പണ്ടെ പലരെയും മലർത്തിയടിച്ച വളാണെന്നും, ഏറ്റുവാങ്ങൽ മത്സരത്തിൽ ഗുസ്തിയിലെ പാരമ്പര്യ വ്യവസ്ഥകൾ ലംഘിച്ചെന്നും ചില പുതിയ മുറകൾ പ്രയോഗിച്ച് മാഡത്തെ മലർത്താൻ ശ്രമിച്ചെന്നും വേദനകൊണ്ട് മാഡം പുളഞ്ഞിട്ടും ഫൗൾ വിളിച്ച് പത്ത് പോയിന്റ് നൽകാത്തതിൽ പ്രതിഷേധിച്ച് പിടിച്ചു മാറ്റാൻ ചെന്ന സീനിയർ അമ്പയറിനെ തൂക്കി നിലത്തടിച്ചെന്നും നീണ്ട വിസിൽ ഊതി അമ്പയർ സ്ഥലം വിട്ടു എന്നും സംസാരം.

*-അടിതെറ്റിയാൽ ആനയും വീഴും-*



**20. 'ഹലോ' 'ടെസ്റ്റിംഗ്'**

തിരുവല്ലം കുന്നിൻമുകളിൽ മൊബൈൽ ആപ്പ് ടെസ്റ്റിംഗ് കേന്ദ്രം ആരംഭിച്ചു. സർവത്ര നേരവും ടെസ്റ്റിംഗ് ചെയ്യപ്പെടും. വരുന്നവർ സ്റ്റൂളുമായി വന്നാൽ ഇരുന്ന് ടെസ്റ്റ് ചെയ്ത് ഉടൻ മടങ്ങാം. സഞ്ചരിക്കുന്ന ടെസ്റ്റിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഭഗവാൻ കൃഷ്ണന്റെ നക്ഷത്രത്തിൽ പിറന്നവർക്ക് 50% സൗജന്യം.

*ഗോപാലകൃഷ്ണകൃപ-*



**21. ഗതികെട്ടാൽ പുലി പുല്ലും തിന്നും.**

പണ്ട് ഒരു നാൾ ഡ്രൈവർ സഹോദരന്മാരോട് രാവിലെ 10 ന് മുമ്പും വൈകുന്നേരം 5 നു ശേഷവും ഓവറായി പണിയെടുക്കുന്നതിനാൽ ഇടയ്ക്കുള്ള വിനോദ സമയത്ത് നഗരപ്രദേശങ്ങളിലേയ്ക്ക് ഫയലുമായി പോയി നഗരകാറ്റ് കൊള്ളാനും, പകൽ സമയത്ത് വീട്ടുകാർക്ക് ബുദ്ധിമുട്ടു ഉണ്ടാവാതിരിക്കാനും അന്നത്തെ അധികാരി മഹാൻ ഒരു ഉത്തരവിറക്കി- എന്തായിരുന്നു പുകിൽ, 8 മണിക്കൂർ ജോലി ചെയ്യിപ്പിക്കാൻ അടുത്തിടെ ഒരു ഉത്തരവ് ഉണ്ടായത്രെ- പലതരം പണി നിർദ്ദേശങ്ങളാണ് കൊടുത്തത്. പുല്ലുവെട്ടൽ, പറിക്കൽ, ഓടകോരൽ, മണ്ണു മാന്തൽ, പൂന്തോട്ടം വൃത്തിയാക്കൽ, മൊത്തം ക്ലീനിംഗ് ആന്റ് വാഷിംഗ്, അകത്തും പുറത്തും ഫയൽ എത്തിക്കുക എന്നിങ്ങനെ വിശ്രമവേളകൾ ആഹ്ലാദകരമാക്കുക എന്ന ലക്ഷ്യം മാത്രം

*---സന്തോഷം സന്തോഷം മണവാട്ടിക്കും*
*സന്തോഷം മണവാളനും സന്തോഷം*




**22. പറക്കും തളിക!!!**

ഗിയറിൽ തൊട്ടാൽ അലറുന്ന ശബ്ദം, ഓൺ ചെയ്താൽ തുമ്മൽ, ചീറ്റൽ അനങ്ങിയാൽ വിറയൽ, ഓടുന്നതിനിടയിലെ ചാട്ടവും, പുക ഉത്പാദന കുഴലുകൾക്ക് വിശ്രമവുമില്ല. അങ്ങനെ നമ്മുടെ ഓഫീസ് തളിക പറക്കുന്നു. ഇടയ്ക്ക് മൂങ്ങും പിന്നെ പൊങ്ങും. വൈകുന്നേരങ്ങളിൽ സമയത്തിനു കാണാറില്ലത്രെ. പേരൂർക്കട, വെള്ളയമ്പലം,

വഴുതക്കാട് പ്രദേശങ്ങൾ അന്തിക്കുശേഷം തട്ടുകടയായി മാറുന്നുണ്ടോ എന്നും സന്ദേഹം? ഗിയർ പിഴുതെടുക്കൽ മഹാന്മാരെ പേടിച്ചാണത്രെ തളിക ബഹളം വെയ്ക്കുന്നത് എന്ന്. ചരിത്രം ഉറങ്ങുന്ന തളികയ്ക്ക് വിദ്വാൻന്മാരുടെ പീഡനം കൊണ്ട് വയ്യാണ്ടായിരിക്കുന്നു.

*ഓടും തളിക,ചാടും തളിക*
*വെള്ളം കണ്ടാൽ നിൽക്കും തളിക-*




**കേന്ദ്രചേട്ടൻ കനിഞ്ഞു... കേരളചേട്ടൻ പുറത്താക്കി...**

സോളാർ കുട്ടികൾ പാടെല്ലാംപെട്ട് കേന്ദ്ര ഏജൻസിയുടെ നടത്തിപ്പ് (എം) പാനലിൽ കയറിപ്പറ്റിയെന്നും അടുത്തിടെ കുട്ടികളെ വീണ്ടും പരിഗണിച്ച് ഇണ്ടാസ് വന്നുവത്രെ. കേരളചേട്ടന് ഒരു കുലുക്കവുമില്ലാതെ കുട്ടികളെ വെറും ശശിയാക്കിയെന്നും കേൾവി.

ഈ കേന്ദ്രചേട്ടന്റെ കാര്യം എന്തിനാണാവോ ചുമ്മാതിങ്ങനെ ഉൾപ്പെടുത്തുന്നത്.

*-കൊട്ടിയില്ലെങ്കിലും പറ തോളിൽ കിടക്കട്ടെ!*


**24. കൈലാസത്തിൽ മകനെത്തി**

ശിവപാർവതി ദമ്പതികളുടെ രണ്ട് മക്കളിലൊരാൾ ശരിക്കും ഭക്ഷണം കിട്ടാത്തതിനാൽ ഏറെനാൾ നാടുവിട്ടുപോയിരിക്കുകയായിരുന്നു എന്നും, ജ്യേഷ്ഠ സഹോദരൻ സുബ്രണ്യ പണിക്കരുടെ നീണ്ടകാല അന്വേഷണത്തിന്റെയും ആവശ്യത്തിന് ഭക്ഷണപൊതി എത്തിച്ചു കൊടുത്തതിന്റെയും ഫലമായി വീട്ടിൽ തിരിച്ചെത്തിയാതായി കേൾവി. പട്ടിണി കിടന്നും അലഞ്ഞ് നടന്നും അവശനായ മകൻ ഗണപതിയെ കണ്ട അച്ഛൻ ശിവൻ കണ്ണീർ കടലിൽ പോയെന്നും മൂന്നുനേരം മുടങ്ങാതെ വടമാല നൽകുവാനുള്ള ഏർപ്പാട് ചെയ്തതായും സംസാരം

*-ഭൂമി ഉരുണ്ടതാണ്-*

**പാളയം ടി കടയിൽ ചെറുപ്പക്കാരുടെ തള്ളികയറ്റം**

ബർമുട, കമ്മൽ, മുടികെട്ടുന്ന സാമഗ്രികൾ എന്നിവ കരസ്ഥമാക്കാൻ ചെറുപ്പകാരുടെയും ചിലതരം മദ്ധ്യവയസൻമാരുടെയും വൻ ക്യൂ. അണ്ടർ പാസ്വേ കഴിഞ്ഞ് തൈക്കുടം ബ്രിഡ്ജിനു അരികിലൂടെ എത്തുന്ന ലോക പ്രശ്സ്ത കൾച്ചർ സെന്ററിൽ പ്രോഗ്രാമിനു വേണ്ടിയുള്ള ന്യൂജൺ ഒഴിവുകളിലേക്ക് കയറിപ്പറ്റാനാണെത്രെ ഈ തിരക്ക്. ക്രിയേറ്റിവിറ്റിയുടെ മുഖമുദ്രകളാണെത്രെ ഇവയെല്ലാം, ഇവയൊന്നും ഇല്ലാത്തതിനാൽ ചില ഇന്റേണൽ ജെന്നുകളും തഴയപ്പെടുന്നുണ്ടത്രെ.




അടച്ചിട്ട മുറിയിൽ ചൊറിയും കുത്തിയിരിക്കുന്ന ചൊറിയൻ സംഘങ്ങളെ പരിഷ്കരിക്കാനുള്ള ഉദ്യമവും ന്യൂജൺ ക്രിയേറ്റിവിറ്റികളുളേടാതാണത്രെ. അവതരണവും സംഗീതവും എല്ലാം ക്വാട്ടേഷൻ കാലത്ത് ഇതിനും ക്വോട്ടഷനാകാം.

*-നാം മുന്നോട്ട്*

**26 പണി അണ്ടർഗ്രൗണ്ടിലുമാകാം-**

ചിലന്തിവല നിർമ്മിക്കുന്ന സ്ഥലത്തെ ലിസ്റ്റിൽപ്പെടുന്ന പലരെയും കാൺമാനില്ലെന്ന്, പലർക്കും അണ്ടർഗ്രൗണ്ടിലും വീട്ടിലുമാണത്രെ പണി; ചില സംഘിസഖാക്കൾക്ക് പാറി പറന്നു നടന്നു പണിയാമത്രെ, പണിസ്ഥലത്തു വരുന്നവർ അത്യാവശ്യത്തിന് പുറത്തിറങ്ങിയാൽ യജന്മാരും,



യജമാനികളും അവരുടെ പട്ടാളവും പിടികൂടിപണി കൊടുക്കുമത്രെ. ചില പുതിയ സിനിയേഴ്സ് പറയുന്നത് ജൂനിയേഴ്സിനു മനസ്സിലാക്കാത്തതിനാൽ അവരുടെ നിലവാരം ഉയരുവാനായി പണിയെടുക്കാതെ കാത്തിരിക്കുകയാണത്രെ സീനിയർ ചേട്ടന്മാർ. ശമ്പളം കൊടുക്കാനുള്ള വരുമാനം ഇല്ലെന്നുള്ള അഹങ്കാരം പോലുമില്ലാത്ത എളിമയുള്ള യജന്മാൻമാരാണത്രെ.

*-സോഷ്യലിസം നിണാൾ വാഴട്ടെ*

വിശേഷങ്ങളുടെ ബാഹുല്യവും വലിയ മറവിയും ലേശം പരിമിതി നിർബന്ധിക്കുന്നുണ്ട്. എങ്കിലും പങ്കുവയ്ക്കാൻ കഴിഞ്ഞവയിലുള്ള പരിഭവങ്ങളും ആക്രമണങ്ങളും പാരകളും പ്രതീക്ഷിക്കുന്നു.

ആരോടും ശത്രുതയില്ലാത്ത നിങ്ങളുടെ സ്വന്തം,
**പാമരൻ**

സംരംഭകത്വം സ്വാശ്രയത്വം വികസനം

## ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ വായ്പാ പദ്ധതികൾ

- അപേക്ഷകർ ഒ.ബി.സി. അല്ലെങ്കിൽ മതന്യൂനപക്ഷ (മുസ്ലീം, കൃസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന) വിഭാഗത്തിൽപെട്ടവരായിരിക്കണം.
- പ്രായം 18നും 55നും മദ്ധ്യേ
- വരുമാനദായകവും നിയമപരവുമായ ഏതു വ്യക്തിഗത സംരംഭത്തിനും വായ്പ
- കുറഞ്ഞ പലിശനിരക്ക്; ലളിതമായ വ്യവസ്ഥകൾ
- തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സൗജന്യ സംരംഭകത്വ പരിശീലനം
- അപേക്ഷാഫോറം ജില്ലാ/ഉപജില്ലാ ഓഫീസുകൾ വഴി

| വായ്പാ പദ്ധതി | പരമാവധി വായ്പാ തുക | പലിശനിരക്ക് | കുടുംബ വാർഷിക വരുമാന പരിധി |
|---|---|---|---|
| ഒ.ബി.സി. വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷത്തിന് മുകളിൽ 7% | ₹ 1,20,000 (നഗരം)<br>₹ 98,000 (ഗ്രാമം) |
| മതന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി - 1 | 20 ലക്ഷം രൂപ | 6% | ₹ 1,03,000 (നഗരം)<br>₹ 81,000 (ഗ്രാമം) |
| മതന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി - 2 | 30 ലക്ഷം രൂപ | സ്ത്രീകൾ 6%<br>പുരുഷന്മാർ 8% | ₹ 6,00,000 |

KSBCDC

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

**ഹെഡ് ഓഫീസ് : റ്റി.സി. 27/588(7) & (8)**
**പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035**
**ഫോൺ : 0471 2577550, 2577539**
**ഇമെയിൽ : ksbcdc@gmail.com Web : www.ksbcdc.com**

**ജില്ലാ ഓഫീസുകൾ** : തിരുവനന്തപുരം 0471 2554522 ● കൊല്ലം 0474 2766276
പത്തനംതിട്ട 046 82226111 ● ആലപ്പുഴ 0477 2254121 ● കോട്ടയം 0481 2303925
ഇടുക്കി 0486 2235264 ● എറണാകുളം 0484 2394005 ● തൃശ്ശൂർ 0487 2321776
പാലക്കാട് 0491 2545167 ● മലപ്പുറം 0483 2734114 ● കോഴിക്കോട് 0495 2705800
വയനാട് 0493 6246309 ● കണ്ണൂർ 0497 2706196 ● കാസർഗോഡ് 0499 4227060
ഉപജില്ലാ ഓഫീസുകൾ : വർക്കല 0470 2605522 ● ഹരിപ്പാട് 0479 2412110
ചേലക്കര 0488 4252523 ●പട്ടാമ്പി 0466 2210244 ● തിരൂർ 0494 2432275 ● വണ്ടൂർ 0493 1248300

# CYBERKING TECHNOLOGIES PVT.LTD

**41/3737A2, Near Vidyanikethan College , Providence Road Ernakulam , Kochi-682018**

***Email: mail@cyberkingebiz.com , cyberkinggold@yahoo.com***

Land Line : +91 484 645324 Mob: +91 9249400130

## AUTORISED HP&DELL BUSINESS PARTNER

- **COMPUTER CONSUMABLES:**
  LASER TONER CARTRIDGES, INK CARTRIDGES(HP , CANON & SAMSUNG )

- **COMPUTER HARDWARE PRODUCTS:** COMPUTERS, LAPTOPS, SERVERS, WORKSTATIONS, LASER PRINTERS, MULTIFUNCTION PRINTERS, BARCODE PRINTER, LABEL PRINTERS, ID CARD PRINTERS, SCANNERS, COPIERS, BARCODE SCANNERS, UPS, PROJECTORS ,STORAGE MEDIA PRODUCTS ALL TYPES OF COMPUTER PRINTER CONSUMABLESAND ALL TYPES OF COMPUTER PERIPHERALS.
  (HP , DELL , CANON, SAMSUNG , EPSON & APC)

- **COMPUTER SOFTWARE PRODUCTS:**
  MICROSOFT SOFTWARES, INTERNET SECURITY SOFTWARES(KASPERSKY& QUICKHEAL ), OFFICE & HOME MANAGEMENT SOFTWARES

- NETWORKING PRODUCTS, CCTV SECURITY SYSTEM AND BUILDING MANAGEMENT SOLUTIONS.

- LAMINATION POUCHES

- SUPPLY OF COMPUTERS, PRINTERS & SCANNERS UNDER GEM



**Branch office: Cyberking Technologies Pvt. Ltd**, TC.3/629(7), T.K.D Road,
Muttada P.O, Thiruvananthapuram-695025, Mob: 9745200369,
*Email: cyberkinggold@yahoo.com, mail@cyberkingebiz.com*

# ഓരോ യാത്രയും തുറക്കട്ടെ പ്രതീക്ഷയുടെ പുതു ലോകങ്ങൾ



പ്രാദേശിക ജനസമൂഹത്തിന്റെ ഉന്നമനത്തിലൂടെയും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും, പരിസ്ഥിതിയും കലയും സംസ്ക്കാരവും സംരക്ഷിച്ചും ഉത്തരവാദ ടൂറിസത്തിന്റെ ഉദാത്ത മാതൃകയാണ് കേരളം ഇന്ന് ലോകത്തിനു മുന്നിൽ കാഴ്ചവയ്ക്കുന്നത്. തദ്ദേശവാസികളുടെയും ടൂറിസം വ്യവസായത്തിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും യാഥാർത്ഥ്യമാവുകയാണ്. നാടൻ കലകൾ, പരമ്പരാഗത തൊഴിലുകൾ, കുടിൽ വ്യവസായം, കരകൗശല മേഖല തുടങ്ങിയവയ്ക്കെല്ലാം ടൂറിസം ഇന്ന് താങ്ങും തണലുമാണ്. വരൂ, നമുക്കും പങ്കുചേരാം ടൂറിസത്തിന്റെ നന്മകളിൽ.


കേരള ടൂറിസം പാർക്ക് വ്യൂ തിരുവനന്തപുരം 695 033 ഫോൺ: 0471 2321132 www.keralatourism.org

kerala
God's Own Country

Better Together
Kerala's Responsible Tourism Initiative



# TELERAD







## About Us



**TELERAD,** Division of **SYSTRONICS (INDIA) LTD.** Is one of the oldest representatives of Sony in India prompting Broadcast & Professional Video/Audio products for more than 4 decades.

TELERAD provides various services like Consultancy, design, System Supply, Installation, Integration, Training & AMC. Over a period of time, Telerad added their satisfied list of customers in various field of Broadcast, production Houses, Research & Development Centers, Defence, Institutions, Educations, Industries, Corporate, AVSI, etc. while continuing to cater the Audio/Video Industry.



TELERAD is having PAN India presence from 10 locations.












**Authorized Distributor:**

SONY, SENNHEISER, TVU, FUJIFILM, nevion, Karthavya, Tektronix, NEUMANN, VITEC GROUP, datavideo, Clear-Com, Masterclock, Imagine Communications

**HEAD OFFICE**

B/118-121, 1st floor, Supath-II Complex,
Nr. Juna Wadaj Bus Terminus, Ashram Road,
Ahmadabad – 380013, Gujarat (India)
Phone: +91 79 27557072, +91 79 27557075

**THIRUVANANTHAPURAM**

T-C. 9/1387, “Lekshmi”, Temple Road, Sasthamangalam
Thiruvananthapuram – 695010, Kerala (India)
Phone: 0471-2724738
Email: binoy@teleradindia.com


Equipped with
the latest Multicolour
Printing Machine
with Computer Print
Controls
Akshara Offset
ISO 9001:2008 COMPANY
T.C. 25/3230(1), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2471174, 2473470, Fax: 0471-3012289
e-mail: aksharaoffset@yahoo.com
Our sister concern
Computer-to-plate (CtP)
Graphic designing
Color separation
Digital printing
abc Color Systems (P) Ltd.
T.C. 25/3230(2), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2473911, Fax: 0471-3012289
QUALITY | COMMITMENT | PERFECTION

# JOB READY WITHIN 3 MONTHS

INSTITUTE OF Tally LEARNING™

**Courses Offered**

- Certificate Program In Financial Accounting – CPFA (3 Months)
- Advanced Certificate Program in Financial Accounting and Taxation – ACPFAT (6 Months)

JOIN NOW!

**Placements**

- ✓ 100% Placement Assistance
- ✓ Result Oriented Placement Cells
- ✓ Around 1.3 million job opportunities
- ✓ Mock interviews
- ✓ Pre Employability Tests
- ✓ Increase your chance of getting hired with the Video and Visual Resume



**Holistic Programmes | Trained Faculty | Industry Recognized Certification**

**TALLY IS USED IN MORE THAN A 100 COUNTRIES TODAY!**

Institute name, Institute Address

TRIAD MICROSYSTEMS

TC.14/1805, Panjappura Junction
Palayam, Thiruvananthapuram
Phone: 0471 2321155
Fax: 0471 2321199
Mobile: 9387401851
sales@triadmicro.in


Hykon
Powering the Nation
Powering the Nation
www.hykonindia.com
Most Preferred Brand Since 1991
National Award Winner for Quality Products
First Inverter Manufacturer
More Than 10 Lakhs Satisfied Customers
DSIR Approved R&D labs
16 Service Centres
250 Service Engineers
Own Factory with 150 Employees
Prompt Service
ISO 9001 - 2008 Certified
Number 6th Power Electronics Company
Wide Range of Products
090 20 121 121 | 098 46 900 041
Dealers Wanted
Hykon India (P) Ltd. www.hykonindia.com ho@hykonindia.com
CUBE Inverter
Green UPS
Online UPS
Servo Stabilizer
Solar Power Plant
Solar Street Light

addicted to life
ജീവിതമാണ് ലഹരി



# Say No to Drinks
# Say No to Drugs

Join hands with Government of Kerala and Excise Department
to spread awareness of the harmful effects of
Liquor and Drug consumption

Kerala State
Beverages (M&M) Corporation Ltd.

Issued in Public Interest by
KERALA STATE BEVERAGES ( M&M ) CORPORATION LIMITED